

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി



ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന റിപ്പോർട്ട്

തിരുവനന്തപുരം ജില്ല



നന്ദി സമർപ്പണം

ഒൻപതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ ആസൂത്രണ പദ്ധതിയാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ചെമ്മരുതി പഞ്ചായത്തിലും ജനകീയ മുന്നേറ്റത്തോടെ അടുത്ത അഞ്ച് വർഷക്കാലത്തേക്ക് നടപ്പിലാക്കേണ്ട പദ്ധതികളുടെ ആസൂത്രണ പ്രക്രിയ നടന്നു. പതിനൊന്ന് വാർഡുകളിലും നടന്ന ഗ്രാമസഭകളിലും തുടർന്ന് നടന്ന ശില്പശാലയിലും വനിതകളുൾപ്പെടെ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയ ധാരാളം ജനങ്ങളും വിവിധ വകുപ്പ് മേധാവികളും കലാസംസ്കാരിക രാഷ്ട്രീയ പ്രവർത്തകരും, സംസ്ഥാന ഗ്രീഷ്മ ബ്ലോക്ക് തല പരിശീലനം ലഭിച്ചവരുമായ വ്യക്തികളും വളരെ സജീവമായി പങ്കെടുക്കുകയുണ്ടായി. ഈ മഹത്തായ സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിനായി അഹോരാത്രം യത്നിച്ച ഒരോ വ്യക്തിയുടേയും സേവനം ഈ അവസരത്തിൽ വളരെ നന്ദിയോടെ സ്മരിക്കുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനകീയാവശ്യങ്ങളും ലഭ്യമായ എല്ലാ സ്ഥിതിവിവരകണക്കുകളും വച്ച് ഈ പഞ്ചായത്തിലെ ആസൂത്രണ പ്രവർത്തകരുടേയും ജന പ്രതിനിധികളുടേയും സജീവ ചർച്ചയിൽ രൂപം കൊണ്ട് ഈ വികസന റിപ്പോർട്ട് ബഹുജനസമക്ഷം അംഗീകാരത്തിനും പുതിയ നിർദ്ദേശങ്ങൾക്കുമായി സവിനയം സമർപ്പിക്കട്ടെ.

സ്നേഹാദരപൂർവ്വം.

വി. ശ്യാമള

പ്രസിഡന്റ്

ചെമ്മരുതി ഗ്രാമപഞ്ചായത്ത്

ചീഫ് എഡിറ്റർ - കുമാർ. റ്റി.

എഡിറ്റർ - ജയചന്ദ്രൻ പനയറ

എഡിറ്റോറിയൽ ബോർഡ്

1. A.V. ബാഹുലേയൻ
2. T. രാധാകൃഷ്ണൻ
3. K.K. വേലു
4. അഡ്വ: S. ബെൻസി
5. തുളസീധരൻ. V.
6. സുനിൽ. G.S.
7. ലിജിൻ K. മോഹൻ
8. ഗോപിനാഥൻ ഉണ്ണിത്താൻ

ഫോട്ടോ - കുമാർ സ്റ്റുഡിയോ പുത്തൻചന്ത, വർക്കല

ലൈനാ സ്റ്റുഡിയോ, വർക്കല

ലേ ഔട്ട് : സുജീർദത്ത്, അല്ലി ആർട്ട്സ്

ടൈപ്പ്സെറ്റിംഗ് : ജീസ് ഡി.റ്റി.പി., കൊട്ടിയം



എന്റെ ജീവിതം എന്റെ സന്ദേശം

മഹാത്മാഗാന്ധി



ഗ്രാമതല ആസൂത്രണത്തിലൂടെ

ഒരു പുതിയ വികസന സംസ്കാരം


നമുക്ക് വളർത്തിയെടുക്കാം

ഇ. എം. എസ്. നമ്പൂതിരിപ്പാട്

ചെയർമാൻ

ഉന്നത തല മാർഗ്ഗനിർദ്ദേശ സമിതി

ജനകീയാസൂത്രണ പ്രസ്ഥാനം



ജനപങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്ന് ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരളസർക്കാർ ആവിഷ്കരിച്ച ജനകീയസൂത്രണ പരിപാടി വിജയകരമായി മുന്നേറുന്നു. രാഷ്ട്രീയ കക്ഷിഭേദമെന്യം വിവിധവിഭാഗം ജനങ്ങൾ ഇതിൽ പങ്കെടുത്ത് വരുന്നു. ഈ പരിപാടിയെക്കുറിച്ച് തുടക്കത്തിൽ ഉണ്ടായിരുന്ന ചില സംശയങ്ങൾ ഇതിനോടകം ദൂരികരിക്കപ്പെട്ടു എന്ന കാര്യം ശ്രദ്ധേയമാണ്. രാഷ്ട്രീയഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുമ്പോൾ തന്നെ കേരളത്തിന്റെ വികസനത്തിനായി തയ്യാറായി എന്നത് ശുദ്ദോദർക്കമാണ്.

ഇ. കെ. നായനാർ

കേരളാ മുഖ്യമന്ത്രി



തീർത്ഥാടന ലക്ഷ്യങ്ങൾക്ക്

ജനകീയാസൂത്രണത്തിലൂടെ

സാക്ഷാത്കാരം



ജനകീയാസൂത്രണം ജനനന്മയ്ക്ക്

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കി മാറ്റിക്കൊണ്ട് പുതിയൊരു വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനം ഫലപ്രദമായി ഇന്ന് നടന്നുവരുന്നു. ജനങ്ങളുടെ ജീവിത സൗകര്യം പടിപടിയായി ഉയർത്തിയെടുക്കുന്ന സാമൂഹ്യ പ്രക്രിയയാണ് വികസനം. [illegible] കൊണ്ട്, സ്വാതന്ത്ര്യ പ്രാപ്തിയ്ക്കു ശേഷം കോടിക്കണക്കിനു രൂപ വികസനത്തിന്റെ പേരിൽ മുടക്കിയിട്ടുണ്ട്. എന്നാൽ അതിന്റെ പ്രയോജനം സാധാരണക്കാർക്ക് പ്രത്യേകിച്ചും ഗ്രാമീണ ജനതയ്ക്ക് ഫലപ്രദമായി ലഭിച്ചിട്ടില്ല.

ജനാധിപത്യം യാഥാർത്ഥ്യവും സമ്പൂർണ്ണവും ആകണമെങ്കിൽ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാകണം. ഉന്നത നിലവാരത്തിലുള്ള ഉദ്യോഗസ്ഥന്മാർ കയ്യടക്കി വച്ചിരിക്കുന്ന അധികാരങ്ങൾ ജനങ്ങൾക്കു നല്കണം. ആസൂത്രണ പ്രക്രിയ പൂർണ്ണമായും ജനകീയ പ്രസ്ഥാനമാക്കി മാറണം. വികസന പരിപാടികളും ക്ഷേമപ്രവർത്തനങ്ങളും തയാറാക്കാനും നടപ്പാക്കാനുമുള്ള പ്രവർത്തനങ്ങളിൽ എല്ലാവിഭാഗം ജനങ്ങളുടെയും കൂട്ടായ ചർച്ചയും തീരുമാനങ്ങളും ഉണ്ടാകണം. അതിന്റെ ഫലമായി പദ്ധതി തങ്ങൾക്കാവശ്യമുള്ളതാണെന്നുള്ള വിശ്വാസം ജനങ്ങളിലുണ്ടാക്കാൻ സാധിയ്ക്കുന്നതിനു പുറമെ അഴിമതി രഹിതമായ മാർഗത്തിലൂടെ അവ നടപ്പാക്കാൻ കഴിയും. മാത്രവുമല്ല; വികസനമെന്നാൽ മുകൾ തട്ടിൽ ആവിഷ്കരിച്ച് താഴോട്ട് അടിച്ചേല്പിക്കപ്പെടുന്ന ഒരു പ്രക്രിയയാണെന്ന ധാരണ മാറിക്കിട്ടുകയും ചെയ്യും. ഈ വിശ്വാസത്തോടെ ആസൂത്രണ ചരിത്രത്തിൽ ഒരു [illegible] സൃഷ്ടിച്ചുകൊണ്ട് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി ഒരു സാമൂഹ്യ വിപ്ലവം കേരളത്തിൽ നടന്നു വരുകയാണ്. കേരളത്തിൽ നടന്നുവരുന്ന ഈ ജനകീയാസൂത്രണ പരിപാടി പുതിയ കേരള സൃഷ്ടിക്കുള്ള തയ്യാറെടുപ്പാണ്. കക്ഷിഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും ഈ മഹായജ്ഞത്തിൽ പങ്കെടുക്കുന്നത് ഏറ്റവും സന്തോഷപ്രദമായ കാര്യമാണ്.

ഒരു നവകേരള സൃഷ്ടിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചെമ്മരുതി പഞ്ചായത്തിലും നടന്നുവരുന്ന ജനകീയാസൂത്രണ പരിപാടികളുടെ വിജയത്തിന് എന്റെ അകം നിറഞ്ഞ ആശംസകൾ.

എ. അലിഹസ്സൻ എം. എൽ. എ.



സ്നേഹപൂർവ്വം ഇ. എം. എസ്സിന്

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ്. ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത് അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ളാദം തോന്നുന്നു. ഡിപ്പാർട്ട്മെന്റലിസം തീരണമെങ്കിൽ രാജ്യവാസികളുടേയും വകുപ്പുകളുടേയും ഇടയിൽ പടുത്തുയർത്തിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം. ഇപ്പോഴും ജനനന്മയ്ക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ ഓച്ചാനിച്ചു നിന്നു അധികാരളോടു യാചന ചെയ്യുന്ന രീതി തീരെ മാറണം. താൻ കൂടിയാണ് സർക്കർ എന്ന ഒരോ പൗരനും വിശ്വാസം വരണം. വരണം എന്നുപറയുന്നതുകൊണ്ട് മാത്രം വരികയില്ല. ജനകീയതയുടെ ജനപങ്കാളിത്തം ചോദിച്ചുവാങ്ങാൻ മാത്രം ആകരുത്. എന്റെ രാജ്യം ഞാനും കൂടിയായ ജനകീയത എന്ന ബോധത്തോടെ മുക്കാൽ പങ്കുജോലിയും ജനങ്ങൾ ചെയ്തുകൊടുക്കാൻ മാതൃകയുണ്ടാകണം.

ഗുരുനിത്യചൈതന്യയതി

(ജനകീയസൂത്രണ പരിപാടിയിൽ സന്തോഷം പ്രകടിപ്പിച്ച്

കൊണ്ട് ഇ. എം. എസ്സിന് യതി അയച്ചകത്തിന്റെ ഭാഗം)

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മാർ



രാധാകൃഷ്ണൻ. T.

(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ – ഫൈനാൻസ്)

മുട്ടപ്പലം ഡിവിഷൻ



ബിജു. K. R .

ചെമ്മരുതി ഡിവിഷൻ

പാവനസ്മരണയ്ക്ക് മുന്നിൽ



C.N. കേശവൻ

പ്രഥമ പ്രസിഡന്റ്



A.R. ഭരതൻ

മുൻ വൈസ് പ്രസിഡന്റ്



ചെമ്മരുതി ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



അഡ്വ: ബെൻസി. എസ്സ്.
വൈസ് പ്രസിഡന്റ്



ശ്യാമള വി.
പ്രസിഡന്റ്



സുശീല കെ.
സ്റ്റാൻഡിംങ്ങ് കമ്മിറ്റി ചെയർപേഴ്സൻ



സോമൻ എം.
വാർഡ് - 2



രാജു. കെ.
വാർഡ് - 4




വസന്ത. എൽ.
വാർഡ് - 6



അഡ്വ: ജയപ്രകാശ്.
വാർഡ് - 7



അംബിക. ജെ.
വാർഡ് - 9



രാജഗോപാലൻ. കെ. ജെ.
വാർഡ് - 10



ലില്ലി. എസ്സ്
വാർഡ് - 11

വിഷയവിവരം

1. ആമുഖം

2. പഞ്ചായത്ത് പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

3. സാമൂഹ്യ സാംസ്കാരി ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

5. സാമൂഹ്യസാമ്പത്തിക മേഖല

(1). കൃഷിയും ജലസേചനവും

(2) മൃഗസംരക്ഷണവും മത്സബന്ധനവും

(3) വ്യവസായം

(4) വിദ്യാഭ്യാസം

(5) കുടിവെള്ളം

(6) ഗതാഗതം ഊർജ്ജം മാർക്കറ്റ്

(7) സാമൂഹ്യക്ഷേമം, പാർപ്പിടം

(8) സംസ്കാരം

(9) വനിത

(10) സഹകരണം


(11) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

(12) വിഭവ സമാഹരണം

6. ഉപസംഹാരം



നാരായണ ഗുരുകുലത്തിന്റെ ദൃശ്യം



നാരായാണ ഗുരുകുലത്തിന്റെ സ്ഥാപകൻ

പൂജ്യനായ നടരാജഗുരു

ആമുഖം

നാടിന്റെ സമഗ്രപുരോഗതി എന്നാൽ നാടിന്റെ സമഗ്രവികസനമാണ്. വികാസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണെന്ന് പറയാം. ഇതിന് കഴിയണമെങ്കിൽ ഭൗതികജീവിതിത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ വർദ്ധമാന തോതിൽ ലഭ്യമാക്കണം. 1997 ഏപ്രിലിൽ ഇന്ത്യയുടെ ഒൻപതാം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയാണ്. 9-ാം പഞ്ചവത്സര പദ്ധതി വികസന ആസൂത്രണ പ്രക്രിയയിൽ വിപ്ലവകരമായ മാറ്റം വരുത്തിക്കൊണ്ട് വികേന്ദ്രീകൃത ആസൂത്രണരംഗത്ത് ഒരു നൂതന അദ്ധ്യായം കേരള സർക്കാർ തുറന്നിരിക്കുന്നു.

സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ വിസ്മരിച്ച്, വിഗണിച്ച് ജനപങ്കാളിത്തമില്ലാതെ നടത്തുന്ന പദ്ധതികൾ വിജയിക്കുകയില്ല എന്ന ചരിത്ര സത്യം മനസിലാക്കിയാണ് സമഗ്രവികസനമെന്ന ലക്ഷ്യത്തിലെത്തിച്ചേരുന്നതിന് സമസ്ത ജനവിഭാഗങ്ങളേയും ഉൾകൊള്ളുന്ന ജനകീയാസൂത്രണത്തിന്റെ നൂതന പദ്ധതിക്ക് നായനാർ ഗവൺമെന്റ് രൂപം നല്കിയത്.

വികസനത്തിന്റെ പേരിൽ ഇക്കഴിഞ്ഞ നാലര (8 പദ്ധതികൾ) ദശാബ്ദത്തിനിടക്ക് കോടിക്കണക്കിനു രൂപ മുടക്കിയിട്ടുണ്ട്. എന്നാൽ അതിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ഏറെ ഒന്നും ലഭ്യമായിട്ടില്ല. കേരളത്തിന്റെ 9-ാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാനതലത്തിലും തീരുമാനമെടുത്തു നടപ്പിലാക്കുന്ന പതിവിൽ നിന്നു വ്യത്യസ്തമായി 9-ാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കാനാണ് തീരുമാനം. മനുഷ്യവിഭവമടക്കം വൻ തോതിൽ വിഭവസമാഹരണം നടത്തി പ്രദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ്. ഇതിന്റെ ലക്ഷ്യം.

കഴിഞ്ഞ 8 പദ്ധതികളുടെ പ്രധാന പോരായ്മകൾ ആസൂത്രണ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകളായി അധഃപതിച്ചു സ്ഥലജല വിഭവങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനു പകരം ഡിപ്പാർട്ട്മെന്റലിസമായി തീർന്നു ആസൂത്രണം കേന്ദ്രീകൃതമായിരുന്നു. മാത്രമല്ല ഉദ്യോഗസ്ഥ മേധാവിത്വപരമവുമായിരുന്നു. ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നടത്തിപ്പിലോ ഒരു പങ്കുമില്ലായിരുന്നു. വിഭവ പരിമിധി പരിഗണിക്കാതെ ഒരോ സമയം ഒട്ടനവധി പദ്ധതികൾ ഏറ്റെടുത്തിരുന്നു.

ഒരോ പ്രദേശത്തേയും ഭൂപ്രകൃതിയുടെ സാധ്യതകളേയും ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്ത് പരിപാടി ആവിഷ്കരിക്കാൻ കേന്ദ്രീകൃത ആസൂത്രണം കൊണ്ടു മാത്രമേ കഴിയൂ. പ്രദേശികാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിവിധമേഖലകളുടെ പരസ്പരബന്ധം മനസ്സിലാക്കുന്നതിനും സംയോജിതമായി വികസപദ്ധതികൾ നടപ്പിലാക്കുന്നതിനും സാധിക്കും. വികസനത്തിനാവശ്യമായ വിഭവങ്ങൾ പ്രദേശികമായി സമാഹരിക്കാൻ കഴിയും. സംഭാവനകളിലൂടെയോ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയോ ആകാം ഈ വിഭവസമാഹരണങ്ങൾ.

പ്രധാനമായും വികസനത്തിന് ഊന്നൽ നല്കേണ്ട മേഖലകൾ

✪ പശ്ചാത്തല സഹകാര്യമേഖല പ്രത്യേകിച്ച് വൈദ്യുത മേഖല നേരിടുന്ന പ്രതിസന്ധി എങ്ങനെ പരിഹരിക്കാം

✪ വ്യവസായ മേഖലയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ എങ്ങനെ ആകർഷിക്കാം. നമ്മുടെ വിഭവങ്ങൾക്കും തൊഴിൽ വൈദഗ്ദ്യത്തിനും അനുബന്ധ സാധ്യതകൾക്കും യോജിച്ചവയായിരിക്കണം വ്യവസായങ്ങൾ.

✪ പരമ്പരഗാതകൂടിൽ വ്യവസായമേഖലയെ വൈവിധ്യവത്കരിക്കുന്നതിനും അവയെ കമ്പോളവത്കരണത്തിൽ നിന്നും രക്ഷിക്കുന്നതിനും മാർഗ്ഗമെന്ത്?

✪ കാർഷികമേഖലയിലെ ഉത്പാദനവും ഉല്പാദനക്ഷമതയും എങ്ങനെ ഉയർത്താം.

✪ ഏതെല്ലാം വിധത്തിൽ തൊഴിലില്ലായ്മ കുറയ്ക്കാം.

✪ വിദ്യാഭ്യാസ ആരോഗ്യമേഖലകളുടെ ഗുണനിലവാരം എങ്ങനെ മെച്ചപ്പെടുത്താം.

✪ വികസന പ്രക്രിയയിൽ സ്ത്രീകളെ എങ്ങനെ അർത്ഥവത്തായ പങ്കാളികളാക്കാം.

✪ വികസനമുഖ്യധാരയിലേക്ക് ആദിവാസികൾ പട്ടികജാതി പട്ടികവർഗ്ഗക്കാർ മത്സ്യതൊഴിലാളികൾ

തുടങ്ങിയവരെ എപ്രകാരം പൂർണ്ണമായും കൊണ്ടുവരാം.

✪ ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങൾ ദാരിദ്ര്യജന്യരോഗങ്ങൾ കുടിവെള്ളക്ഷാമം വീടുകളില്ലാത്ത അവസ്ഥ തുടങ്ങിയവ എങ്ങനെ ഇല്ലാതാക്കാം.

✪ വിഭവശോഷണവും പരിസ്ഥിതി പ്രശ്നങ്ങളും നിയന്ത്രിച്ച് സ്ഥായിയായ വികസന പ്രക്രീയക്ക് എങ്ങനെ തുടക്കം കുറിക്കാം.

ഇത്തരത്തിലുള്ള പത്ത് വികസന വെല്ലുവിളികൾക്കും പരിഹാരം കാണുകയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. പ്രധാനമായും 12 വിഷയങ്ങളാണ് ഗ്രാമസഭ ചർച്ച ചെയ്തത്. (1) കൃഷിയും ജലസേചനവും (2) മൃഗസംരക്ഷണവും മത്സ്യബന്ധനവും (3) വിദ്യാഭ്യാസവും (4) കുടിവെള്ളവും പൊതുജനാരോഗ്യവും (5) വ്യവസായം (6) ഗതാഗതം ഊർജ്ജം മാർക്കറ്റ് (7) ഭവനനിർമ്മാണം സാമൂഹ്യക്ഷേമം (8) സാസ്കാരം (9) വനിത (10) സഹകരണം (11) പട്ടികജാതി (12) വിഭവസമാഹരണം.

മുഖ്യമന്ത്രി ഇ. കെ. നായനാർ രക്ഷാധികാരിയും, ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയാണ് ജനകീയആസൂത്രണ പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കുന്നത്. ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം ചിങ്ങം ഒന്നിന് (ആഗസ്റ്റ് 17ന്) തിരുവനന്തപുരത്ത് നടന്നു. 19-9-1996 ൽ തച്ചോട് ഏ. കെ. ആഡിറ്റോറിയത്തിൽ വച്ച് ചെമ്മരുതി ഗ്രാമപഞ്ചായത്തുതല ഏകദിന ശില്പശാലയും തുടർന്ന് 13-10-1996 ന് മുൻപ് എല്ലാ ഗ്രാമസഭകളും ചേരുകയുണ്ടായി.

ഗ്രാമസഭകളിൽ നടന്ന ചർകളിലൂടെ ഉരുത്തരിഞ്ഞുവന്ന തീരുമാനങ്ങളുടേയും ദ്വീതീയ വിവരശേഖരണ റിപ്പോർട്ടുകളുടേയും നടപ്പുപദ്ധതി അവലോകനത്തിന്റെയും പഠനയാത്രയുടെയും അടിസ്ഥാനത്തിലാണ് ഈ സമഗ്രവകസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളമുള്ള ഗ്രാമസഭകളിൽ ഉരിത്തിരിഞ്ഞുവരുന്ന തീരുമാനങ്ങളുടെ കരടുരൂപം 1997 ഫെബ്രുവരി അവസാനത്തോടെ നടക്കുന്ന സംസ്ഥാനതല കോൺഗ്രസിൽ ഒൻപതാം പദ്ധതിയുടെ കരുടുരൂപരേഖക്ക് രൂപം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയായിതീരാവുന്ന ഈ നൂതന സംരംഭത്തിന് ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ ഊഷ്മളമായ അഭിവാദ്യങ്ങൾ.



ആചാര്യന് പ്രണാമം

മലയാള സാഹിത്യത്തിലെ കുലപതിയായിത്തീർന്ന പ്രൊഫ: എൻ. കൃഷ്ണപിള്ള സാറിന്റെ ജന്മംകൊണ്ട് ധന്യമാണ് ചെമ്മരുതി.

ചെമ്മരുതി ഗ്രാമ പഞ്ചായത്ത് : പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	-	ചെമ്മരുതി
വില്ലേജ്	-	ചെമ്മരുതി
പ്രധാന കരകൾ	-	ചെമ്മരുതി, പനയറ, കോവൂർ, മുട്ടപ്പലം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	-	ചെമ്മരുതി, മുട്ടപ്പലം
താലൂക്ക്	-	ചിറയിൻകീഴ്
ജില്ല	-	തിരുവനന്തപുരം
ജില്ലാപഞ്ചായത്ത് ഡിവിഷൻ	-	മണമ്പൂർ (വാർഡ് 1,2,3,9,10,11 ചെറുന്നിയൂർ (വാർഡ് 4,5,6,7,8)
അസംബ്ലിമണ്ഡലം	-	വർക്കല
പാർലമെന്റ് മണ്ഡലം	-	ചിറയിൻകീഴ്

അതിരുകൾ

വടക്ക്	വർക്കല - പാരിപ്പള്ളി PWD റോഡ് (ചാവർകോഡ് മുതൽ വണ്ടിപ്പുര ജനതാമുക്ക് വരെ) ജനതാമുക്ക് മുതൽ വില്ലിക്കടവ് പാലം വരെ ഇലകമൺ ഗ്രാമ പഞ്ചായത്ത്
പടിഞ്ഞാറ്	വർക്കല മുൻസിപ്പൽ പ്രദേശം ഇലകമൺ ഗ്രാമപഞ്ചായത്ത് പ്രദേശം
തെക്ക്	മാവിൻമൂട് മുതൽ ഞെക്കാട് വരെ വർക്കല - കല്ലമ്പലം റോഡ് ഞെക്കാട് മുതൽ പാലച്ചിറ വരെ ഒറ്റൂർ, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തുകൾ
കിഴക്ക്	മാവിൻമൂട് മുതൽ കുണ്ടുമൺകാവ് ക്ഷേത്രം വരെ മാവിൻമൂട് - 28-ാം മൈൽ റോഡ് കുണ്ടുമൺകാവ് മുതൽ ചാവർകോട് വരെ നാവായിക്കുളം ഗ്രാമപഞ്ചായത്ത് പ്രദേശം

ജനസംഖ്യ	- 30051
പുരുഷന്മാർ	- 12212
സ്ത്രീകൾ	- 12228
കുട്ടികൾ	- 5611

(ദ്വിതീയ വിവിര ശേഖരണം)

ആദ്യ പഞ്ചായത്ത് സമിതി

15-8-1953 ൽ മുത്താന എന്ന സ്ഥലത്ത് നടന്ന ചടങ്ങിൽ വച്ച് ആദ്യ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു.

ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി - (വാർഡുകൾ 6)

പ്രസിഡന്റ്		- ശ്രീ. സി.എൻ. കേശവൻ
വൈസ് പ്രസിഡന്റ്		- ശ്രീ. ജി. ഭാസ്കരപിള്ള
വാർഡ്	I	- ശ്രീ. സി. എൻ. കേശവൻ
„	II	- ശ്രീ. കെ. ശങ്കരക്കുറുപ്പ്
„	III	- ശ്രീ. ജി. ഭാസ്ക്കരപിള്ള
„	IV	- ശ്രീ. നാരായണൻ ഉണ്ണിത്താൻ
„	V	- ശ്രീ. സി. കെ. ദാമോദരൻ
„	VI	- ശ്രീ. അഹമ്മദ് കുഞ്ഞ്
		കൊച്ചുകുഞ്ഞ് (റിസർവേഷൻ)

ശ്രീ. ജി. ഭാസ്ക്കരപിള്ള മരണപ്പെട്ടപ്പോൾ ശ്രീ. നാരായണൻ ഉണ്ണിത്താൻ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കുപ്പെട്ടു. III - ാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. കെ. കമലാസനൻ വിജയിക്കുകയും ചെയ്തു. ആദ്യ പഞ്ചായത്ത് സമിതി അംഗങ്ങളിൽ ആരും തന്നെ ജീവിച്ചിരുപ്പില്ല.

1963 ൽ നിലവിൽ വന്ന രണ്ടാമത്തെ ഭരണസമിതി (വാർഡുകൾ 7)

പ്രസിഡന്റ്		- ശ്രീ. എ. അലിഹസ്സൻ
വൈസ് പ്രസിഡന്റ്		- ശ്രീ. ജി. രഘുനാഥൻ
വാർഡ്	I	- ശ്രീ. ജി. രഘുനാഥൻ
„	II	- ശ്രീ. കെ. ശങ്കരക്കുറുപ്പ്
„	III	- ശ്രീ. എ. അലിഹസ്സൻ
„	IV	- ശ്രീ. കെ. മോഹനൻ
„	V	- ശ്രീ. പി. പരമേശ്വരർ
„	VI	- ശ്രീ. പി. മീരാസാഹിബ്ബ്
„	VII	- ശ്രീ. കെ. പി. ശിവദാസൻ
		കെ. ശങ്കരൻ (റിസർവേഷൻ)
		ശ്രീമതി യശോദ (നോമിനേറ്റഡ്)

ശ്രീമതി യശോദ മരണപ്പെട്ടതിനെത്തുടർന്ന് ശ്രീമതി സത്യഭാമ വനിതാ പ്രതിനിധിയായി.

ശ്രീ. ശങ്കരക്കുറുപ്പ്, ശ്രീ. മോഹനൻ, ശ്രീ. പരമേശ്വരരു എന്നിവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

1979 ൽ നിലവിൽ വന്ന മൂന്നാമത്തെ ഭരണസമിതി (വാർഡുകൾ - 10)

പ്രസിഡന്റ്		- ശ്രീ. എ. അലിഹസ്സൻ
വൈസ് പ്രസിഡന്റ്		- ശ്രീ. ജി. രഘുനാഥൻ
വാർഡ്	I	- ശ്രീ. ജി. രഘുനാഥൻ
„	II	- ശ്രീമതി. രാധ
„	III	- ശ്രീ. എ. അലിഹസ്സൻ
„	IV	- ശ്രീ. പുരുഷോത്തമൻ
„	V	- ശ്രീ. വാസുദേവൻ
„	VI	- ശ്രീ. ടി. എ. റഹ്മാൻ
„	VII	- ശ്രീ. ദേവരാജൻ
„	VIII	- ശ്രീ. കെ. പി. ശിവദാസൻ
„	IX	- ശ്രീ. എ. ആർ. ഭരതൻ
„	X	- ശ്രീ. ജി. ശിവശങ്കരൻ ഉണ്ണിത്താൻ
		കൊച്ചുകുഞ്ഞ് (റിസർവേഷൻ)

1988 ൽ നിലവിൽ വന്ന നാലാമത്തെ ഭരണസമിതി (വാർഡുകൾ - 10)

പ്രസിഡന്റ്		- ശ്രീ. എ. അലിഹസ്സൻ
വൈസ് പ്രസിഡന്റ്		- ശ്രീ. എ. ആർ ഭരതൻ
വാർഡ്	I	- ശ്രീ. ജി. രഘുനാഥൻ
„	II	- ശ്രീമതി. സുനന്ദ
„	III	- ശ്രീ. എ. അലിഹസ്സൻ
„	IV	- ശ്രീ. രാധാകൃഷ്ണൻ ഉണ്ണിത്താൻ
„	V	- ശ്രീ. ശശിധരൻ
„	VI	- ശ്രീ. രാധാകൃഷ്ണക്കുറുപ്പ്
„	VII	- ശ്രീമതി. കൗസല്യ
„	VIII	- ശ്രീ. കെ. പി. ശിവദാസൻ
„	IX	- ശ്രീ. എ. ആർ. ഭരതൻ
„	X	- ശ്രീ. ജി. ശിവശങ്കരൻ ഉണ്ണിത്താൻ

വൈസ് പ്രസിഡന്റായിരുന്ന ശ്രീ. എ. ആർ. ഭരതൻ 1995 ൽ ദിവംഗതനായി

1995 ൽ നിലവിൽ വന്ന അഞ്ചാമത്തെ ഭരണസമിതി (വാർഡുകൾ - 11)

പ്രസിഡന്റ് - ശ്രീമതി. വി. ശ്യാമള

വൈസ് പ്രസിഡന്റ് - അഡ്വ: എസ്. ബെൻസി

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ - ശ്രീമതി ആർ.സുശീല

വാർഡ്	I	- അഡ്വ: എസ്. ബെൻസി
„	II	- ശ്രീ. എം. സോമൻ
„	III	- ശ്രീമതി. വി. ശ്യാമള
	IV	- ശ്രീ. കെ. രാജു
	V	- ശ്രീമതി. ആർ. സുശീല
	VI	- ശ്രീമതി എൽ. വസന്ത
	VII	- അഡ്വ: ബി. ജയപ്രകാശ്
	VIII	- ശ്രീ. എ. സുതൻ
„	IX	- ശ്രീമതി. ജെ. അംബിക
„	X	- ശ്രീ. കെ. ജെ. രാജഗോപാലൻ
„	XI	- ശ്രീമതി. എസ്. ലില്ലി



ഇവിടെ കണ്വമഹർഷി തപസ്സിരുന്നു.

ശ്രീനിവാസപുരം കണ്വാശ്രമത്തിന്റെ ഒരു ചിത്രം

സാമൂഹ്യ സാംസ്കാരിക ചരിത്രം

പച്ചപ്പട്ടുകൊണ്ട് തിരുമുൽക്കാഴ്ച നടത്തുന്ന വിശാലമായ വയലേലകൾ. വയലേലകളുടെ ഓരം ചേർന്ന് കർഷകഗീതം പാടി ഒഴുകിപ്പോകുന്ന ചെറുതും വലുതുമായ തോടുകൾ. അവയെ നോക്കി താളം പിടിക്കുന്ന തെങ്ങോലകൾ. തറവാടിത്വത്തിന്റെ നിറം പൂർണ്ണമായും ചോർന്നും മറഞ്ഞും പോകാത്ത കുളങ്ങളും കാവുകളും. കുളങ്ങളുടെ കരയിൽ പൊട്ടിച്ചിരിക്കുന്ന കലമ്പട്ടി ചെടികൾ. ചരിത്രത്തിനും ഐതിഹ്യത്തിനും അഭേദം കല്പിക്കുന്ന ക്ഷേത്രങ്ങൾ. കാലഘട്ടത്തിന്റെ സാക്ഷികളെപ്പോലെ നിലനിൽക്കുന്ന ചുരുക്കം ചില പത്തായപ്പുരകൾ. ഇനിയും പോയ കാലത്തിന്റെ പ്രതാപങ്ങൾ പരിപൂർണ്ണമായും വിട്ടുമാറാത്ത ഈ പ്രദേശമാണ് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ ചെമ്മരുതി പഞ്ചായത്ത്. മുട്ടപ്പലം, കോവൂർ, പനയറ, ചെമ്മരുതി എന്നീ കരകൾ ചേർന്നതാണ് ചെമ്മരുതി പഞ്ചായത്ത്. "ചുവന്ന മരുത്" (ആറ്റുവഞ്ചി) പൂത്തുല്ലസിച്ചിരുന്നതുകൊണ്ടാണ് ചെമ്മരുതി ആയത്. ആറ്റുവഞ്ചികളുടെ ആലോലങ്ങളിൽ പറയുന്ന കഥകൾ പ്രൈദേശിക മേധാവിത്വത്തിനെതിരായ ഈ ദേശത്തിന്റെ ചെറുതല്ലാത്ത പോരാട്ടവും തിരുവിതാംകൂർ രാജഭരണത്തിന്റെ ഗുണദോഷ സമ്മിശ്ര നടപടികളും ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ ദുർമോഹങ്ങളും ഒപ്പം മണ്ണിന്റെ മനസ്സറിഞ്ഞ നിഴലിനെ നോക്കി സമയം നിശ്ചയിച്ചിരുന്ന നാളും പക്കവും നോക്കി കാലാവസ്ഥ പ്രവചിക്കുന്ന കർഷകന്റെ നെഞ്ചനുള്ളിലെ നിലയ്ക്കാത്ത തുടിതാളങ്ങളുമാണ്.

ചെറുന്നിയൂർ, ഒറ്റൂർ, നാവായിക്കുളം, ഇലകമൺ എന്നീ പഞ്ചായത്തുകളും വർക്കല മുനിസിപ്പാലിറ്റിയും അതിർത്തിയായുള്ള ചെമ്മരുതി പഞ്ചായത്ത് രൂപം കൊണ്ടത് 1953 -ലാണ്. ഞെക്കാട്, പനയറ, ചെമ്മരുതി, മുത്താന, ചാവർകോട്, കോവൂർ, പാളയംകുന്ന്, നടയറ, മുട്ടപ്പലം, ശ്രീനിവാസപുരം, വട്ടപ്ലാംമൂട്, തച്ചോട്, നരിയ്ക്കല്ല്, തോക്കാട്, ചാവടി മുക്ക് എന്നീ പ്രദേശങ്ങളാണ് നാഗരികതയുടെ പൊട്ടും പൊടിയുമേറ്റ് നിലകൊള്ളുന്ന പ്രധാന സ്ഥലങ്ങൾ. ഈ പ്രദേശങ്ങളെല്ലാം നീണ്ടു നിവർന്നു കിടക്കുന്ന പാടശേഖരങ്ങളുടെ ഓരങ്ങളിലാണെന്നത് ഈ പഞ്ചായത്തിന്റെ ആത്മാവിൽ ലയിച്ചു ചേർന്ന കർഷക മന്ത്രത്തെ പ്രതിധ്വനിപ്പിക്കുന്നു. ഈ നാട്ടിന്റെ എല്ലാ ചരിത്രത്തെയും സംസ്കാരത്തെയും നിർണ്ണായകമായും സ്വാധീനിച്ചിരുന്നത് കൃഷി തന്നെയാണ്. പരമ്പരാഗതമായ കാർഷികവൃത്തിക്കു പുറമെ ജാതീയമായ കുലത്തൊഴിലും ഉപജീവനമാക്കിയ ഒരു ജനതയുടെ ആവാസ ഭൂമിയാണ് ചെമ്മരുതി. ജാതി വ്യവസ്ഥ സജീവമായി നിലനില്ക്കുകയും പാലിക്കപ്പെടുകയും അതിനനുസരിച്ച് ജീവിതക്രമം ചിട്ടപ്പെടുത്തുകയും ചെയ്ത ഒരു ഭൂതകാലം ഇവിടെ ഉണ്ടായിരുന്നു. ബഹുഭൂരിപക്ഷവും ഹിന്ദുമതത്തിൽ പെടുന്ന ഈ പഞ്ചായത്തിൽ മുസ്ലിം ക്രൈസ്തവ മത വിഭാഗങ്ങളും അധിവസിക്കുന്നു. മതമൈത്രിയുടെ മകുടോദാഹരണമായ ഇവിടെ ആഘോഷങ്ങൾക്ക് ഒരിക്കൽ പോലും സങ്കുചിതത്വത്തിന്റെ കറുപ്പ് പുരണ്ടിട്ടില്ല.

ശ്രീനാരായണ ഗുരുദേവൻ നടരാജഗുരു എന്നിവരുടെ സജീവ സാന്നിദ്ധ്യം അനുഭവിക്കുകയും ശിവഗിരിയുടെയും ഗുരുകുലത്തിന്റെയും സന്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ജനവിഭാഗമാണ് ബഹുഭൂരിപക്ഷവും. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഈ പ്രദേശത്തും കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനം ശക്തവും വ്യാപകവുമായ പ്രക്ഷോപങ്ങൾക്ക് ആഹ്വാനം നല്കിയപ്പോൾ അതിൽ ആവേശപൂർവ്വം പങ്കെടുത്തുകൊണ്ട് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ ചെമ്മരുതിയുടെ പൂർവ്വികർ സന്നദ്ധരായിരുന്നു. മഹാത്മാഗാന്ധി, ശിവഗിരിയിലെത്തിയപ്പോൾ അദ്ദേഹത്തെ ആവേശപൂർവ്വം സ്വീകരിക്കുവാൻ ഈ നാട്ടിൽ നിന്നും നൂറുകണക്കിനാളുകളാണെത്തിയിരുന്നത്. സ്റ്റേറ്റ് കോൺഗ്രസിന്റെ ശാഖ ചെമ്മരുതിയിൽ ആരംഭിക്കുകയും ഖദർ, ഖാദി പ്രചരണം ശക്തമാവുകയും ചെയ്തിരുന്നു.

കർഷകപ്രസ്ഥാനങ്ങളുടെ വളർച്ചക്ക് വളക്കൂറുള്ള മണ്ണാണ് ചെമ്മരുതി എന്നു മനസ്സിലാക്കി സഖാവ് എ. കെ. ജി. യും പി. കൃഷ്ണപിള്ളയും ഈ പ്രദേശത്തെത്തുകയും "ജോലിക്ക് കൂലി, കിടക്കാനൊരിടം" എന്നീ മൗലികാവകാശങ്ങളെക്കുറിച്ച് കർഷകരെ പറഞ്ഞു പഠിപ്പിക്കുകയും കർഷക പ്രസ്ഥാനങ്ങളിലൂടെ കർഷക പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനും ജന്മിത്വത്തിനെതിരെയുള്ള ഉയിർത്തെഴുന്നേല്പിനും ഊർജ്ജം പകർന്നു.

ജന്മിത്വം കൊടികുത്തി വാണ പ്രദേശമായതുകൊണ്ട് ഭൂസ്വത്തുക്കളുടെ ഉടമാവകാശവും ജന്മികൾക്കായിരുന്നു. നായർ പ്രമാണിമാർക്കായിരുന്നു ഒരു പരിധിവരെ നീതിനിർവ്വഹണത്തിന്റെ പോലും ചുമതല. കുടിയാൻമാർക്ക് യാതൊരവകാശവും അധികാരവും ഉണ്ടായിരുന്നില്ല. 'വാരം' കൊടുക്കാത്തതിന്റെ പേരിൽ കൃഷിനിലം ഒഴിപ്പിക്കൽ. വാരം

കൃത്യമായും കൊടുത്താലും പറ്റ്ശീട്ട് മാത്രം കൊടുത്ത് രശീതി കൊടുക്കാതിരിക്കൽ കൂടിയാന്റെ പറമ്പിൽ നിന്ന് ജന്മിക്കു വേണ്ടുന്ന വകകൾ കാര്യസ്ഥൻ മുഖേന കൊണ്ടുപോകൽ, 'വാരം' ബാക്കിയായ കൃഷിനിലത്തിൽ 'തോല്കുത്തി' കൂടിശ്ശികവാരത്തിന് തീർപ്പാക്കിയശേഷം മാത്രം വിള കൊയ്യാൻ അനുവദിക്കൽ എന്നിവയെക്കെ സാധാരണയായിരുന്നു. കൂലി പണമായി നല്കിയിരുന്നില്ല. നെല്ലോ മറ്റു സാധനസാമഗ്രികളോ പകരം നല്കുചയിരുന്നു. നായർ പ്രമാണിമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായിട്ടാണ് മറ്റു ജാതിക്കാരെ അധിവസിപ്പിച്ചിരുന്നത്. ഓണം, വിഷു മറ്റു വിശേഷ ദിവസങ്ങൾ ആഘോഷങ്ങൾ എന്നീ വേളകളിലെല്ലാം ജന്മിക്ക് 'കാഴ്ച' സമർപ്പിക്കണമായിരുന്നു. ചുരുക്കത്തിൽ ചങ്ങമ്പുഴയുടെ 'വാഴക്കുല'യിൽ പ്രതിപാദിച്ചിരുന്ന സാമൂഹികസ്ഥിതി തന്നെയായിരുന്നു ഇവരുടെയും. ചരിത്രം കാലത്തിനോട് സന്ധിചെയ്തപ്പോൾ കർഷക സംഘത്തിന്റെ മുന്നേറ്റവും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും ജന്മിത്വത്തിന്റെ അടിവേരറുക്കുന്നതിനുള്ള പ്രേരകശക്തിയായി മാറി. ഭൂപരിഷ്കരണ നിയമം നടപ്പായതോടെ ഭൂമിയുടെ കൈവശാവകാശക്കാരൻ ഉടമാവകാശിയായി. കാർഷിക പരിഷ്കരണ നടപടികൾ സാമൂഹിക ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി.

വിദ്യാഭ്യാസ രംഗത്ത് ആദ്യകാലങ്ങളിൽ കുടിപ്പള്ളിക്കൂടങ്ങളായിരുന്നു ഇവിടെ ഉണ്ടായി രുന്നത്.പിന്നീടാണ് സ്ക്കൂളുകൾ രൂപപ്പെട്ടത്. കൈരളിക്ക് ഒരു കഥയെഴുതിയ പ്രശസ്ത പണ്ഡിതനും നാടകകൃത്ത് സർവ്വോപരി അദ്ധ്യാപകരുടെ അദ്ധ്യാപകനുമായ പ്രൊഫസർ എൻ. കൃഷ്ണപിള്ളയ്ക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കുവാനായി ഒരു സ്ക്കൂളുണ്ടായി, അതാണ് ഇപ്പോഴത്തെ മുത്താന ഗവ: എൽ. പി. എസ്. തുടർന്ന് ശ്രീനിവാസപുരം (പാലമൂട്ടിൽ), പനയ, ചെമ്മരുതി (സ്വകാര്യ), കോവൂർ, മുത്താന എന്നിവിടങ്ങളിൽ ഓരോ ലോവർ പ്രൈമറി സ്ക്കൂളും പനയറ (ചാവടിമൂക്ക്) ൽ സ്വകാര്യമാനേജ്മെന്റിന്റെ കീഴിലുള്ള ഒരു ഹൈസ്ക്കൂളും സ്ഥാപിതമായി. മേൽപ്പറഞ്ഞ സർക്കാർ ലോവർ പ്രൈമറി സ്ക്കൂളുകളിൽ ശ്രീനിവാസപുരം സ്ക്കൂളിന് സ്ഥലവും മറ്റു സജ്ജീകരണങ്ങളും സംഭാവന ചെയ്തത് ശ്രീനിവാസറാവുവും പനയറ LPS ന് സ്ഥലം നല്കിയത് തൃപ്പോരിട്ടക്കാവ് ദേവസ്വവുമാണ്. ഈ പ്രദേശത്തെ അക്ഷരത്തിന്റെ വെളിച്ചത്തിലേക്ക് നയിച്ച ഗുരുവര്യന്മാർ മറ്റു പ്രദേശങ്ങളിലും അറിയപ്പെട്ടിരുന്നവരായിരുന്നു. ഹരിജനങ്ങൾക്ക് പൊതു വിദ്യാഭ്യാസം നിഷിദ്ധമാണെന്ന് കല്പിച്ചപ്പോൾ ഇവർ ജാതിക്കോമരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഹരിജൻ വിദ്യാർത്ഥികൾക്ക് സ്ക്കൂളുകളിൽ പ്രവേശനം ലഭ്യമാക്കുകയുണ്ടായി. വിദ്യാഭ്യാസമേഖലയുടെ ഇവിടത്തെ ഇന്നത്തെ പുരോഗതി തൊഴിലധിഷ്ഠിതമോ പ്രത്യുൽപ്പാദന പരമോ അല്ലെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതും തന്നെ.

പാരമ്പര്യ ചികിത്സയിൽ ഈ പ്രദേശം പണ്ടെ പ്രസിദ്ധമാണ്. ആയുർവ്വേദ ചികിത്സയ്ക്ക് പേരുകേട്ട ചാവർകോട് വൈദ്യന്മാരും വിഷ ചികിത്സയ്ക്ക് പുകൾപെറ്റ ചിറക്കോണത്ത് വൈദ്യന്മാരും ചികിത്സാരംഗത്തെ അവിസ്മരണീയരാണ്. ജ്യോതിഷ പണ്ഡിതന്മാരായ കേശവ കണിയാർ, കൃഷ്ണൻ ജോത്സ്യൻ, ഗോവിന്ദൻ ആശാൻ, ഇടശ്ശേരി മഠം പരമേശ്വരൻ നമ്പൂതിരി എന്നിവർ നമ്മുടെ പൂർവ്വികരാണ്. പൊതുജനപങ്കാളിത്തം ഏറെ ലഭ്യമാകുന്ന ഒരു പഞ്ചായത്താണ് ചെമ്മരുതി. ജനക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിയപ്പോഴെല്ലാം ഇത് നിർലോഭം ലഭിച്ചിട്ടുണ്ട്. ലക്ഷംവീട് പദ്ധതി ആദ്യം നടപ്പിലാക്കിയതുമുതൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള സർവ്വ പരിപാടികൾക്കും നാട്ടുകാർ സമ്പൂർണ്ണമായി സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ പഞ്ചായത്ത് ഭാരതത്തിൽ ഒരു ജയന്തി പഞ്ചായത്തായി ഉയർന്നത്.

തൊഴിൽ മേഖല കൃഷിയുമായി ബന്ധപ്പെട്ടതാണെങ്കിലും ഈ രംഗത്ത് അടുത്തിടെ ഉണ്ടായ ന്യൂനതകൾ കർഷകരെ കൃഷയിൽ നിന്നും സ്വമേഥയാ പിൻതിരിപ്പിക്കുന്ന അവസ്ഥയിലേക്ക് നീങ്ങുകയും മറ്റു തൊഴിൽ മേഖലകൾ അന്വേഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കശുവണ്ടി, പാറമട, കെട്ടിട നിർമ്മാണം എന്നിവിടങ്ങളിൽ തൊഴിൽസാദ്ധ്യത മോസമല്ലാതെ ഉള്ളതിനാൽ ഇവിടത്തെ നല്ലൊരു ശതമാനം ആളുകൾ ഈ മേഖലകളിൽ പണിയെടുക്കുന്നു. പാറമടയുടെ കേന്ദ്രം കുന്നത്തുമലയാണ്. പഞ്ചായത്തിലെ ഏക കശുവണ്ടി ഫാക്ടറി പാളയംകുന്നിൽ പ്രവർത്തിക്കുന്നു. ഇതോടൊപ്പം തന്നെ ഈ പഞ്ചായത്തിലെ പട്യാരത്തുംവിളയിൽ ഒരു വിഭാഗം ജനങ്ങൾ ചൂരൽ കൊണ്ട് അനവദ്യ സുന്ദരങ്ങളായ ഗൃഹോപകരണങ്ങളും മറ്റും നിർമ്മിക്കുന്നുമുണ്ട്. ഇതെല്ലാം പലപ്പോഴും ഭാഗികമായ തൊഴിൽ മേഖലയായ് തീരുകയോ വരുമാനം തീരെ കുറഞ്ഞതോ ആയി മാറുന്നു. തന്മൂലം നല്ലൊരു ശതമാനം യുവാക്കളും ഗൾഫ് മേഖലയിലേക്കോ മറ്റു വിദേശത്തേക്കോ തൊഴിൽ തേടി പോകുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. നിരവധി പ്രശ്നങ്ങളും ഒത്തിരി പ്രതീക്ഷകളുമായ് ജീവിക്കുമ്പോഴും ഇവിടത്തെ ജനങ്ങൾ പാരമ്പര്യം വരച്ച ലക്ഷ്മണ രേഖ കടക്കാൻ മടിക്കുന്നുവോ.....? അതോ ഒരു വലിയ കുതിച്ചു ചാട്ടത്തിനായി ശക്തി സംഭരിക്കുന്നുവോ.....?

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പ്രകൃതിയുടെ കരവിരുത് ഏറെ തൊട്ടു തലോടിയ ഒരു സുന്ദര ഗ്രാമമാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്. നീണ്ടുനിവർന്ന് കിടക്കുന്ന നെൽപ്പാടങ്ങളും എങ്ങും തലയുയർത്തി നില്ക്കുന്ന തെങ്ങിൻ തോപ്പുകളും കൊച്ചു കൊച്ചരുവികളും കാവും കുളങ്ങളും കുന്നുകളും എല്ലാം നമ്മുടെ ഗ്രാമഭംഗിയ്ക്ക് മാറ്റുകൂട്ടുന്നു.

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 17.54 ചതുരശ്ര കിലോമീറ്റർ ആണ്. കിഴക്ക് മുത്താന മുതൽ പടിഞ്ഞാറ് അയിരൂർ വില്ലിക്കടവ് വരെ നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന ചെമ്മരുതി ആറ്, ഭൂമി ശാസ്ത്രപരമായി നമ്മുടെ പഞ്ചായത്തിനെ രണ്ടായായി വിഭജിക്കുന്നു. ഈ പുഴയുടെ തെക്ക് പഞ്ചായത്തിന്റെ 1,2,3,4,5,6,7,8 എന്നീ വാർഡുകളും വടക്കുഭാഗത്ത് 9,10,11 എന്നീ വാർഡുകളും കിടക്കുന്നു. മുത്താന, ചെമ്മരുതി, പിച്ചകശ്ശേരി, കോവൂർ, പനയറ തുടങ്ങിയ പ്രധാന നെൽപ്പാടങ്ങളെല്ലാം ഈ പുഴയുടെ ഇരുവശങ്ങളിലായി നീണ്ടുനിവർന്ന് കിടക്കുന്നു. ഭൂവിസ്തിതിയുടെ 20 ശതമാനത്തോളം നെൽപ്പാടങ്ങളാണ്. മണൽനിറഞ്ഞ പശിമരാശി മണ്ണാണ് ഇവിടെയുള്ളത്. ഫലഭൂയിഷ്ടത വേണ്ടുവോളമില്ല. രണ്ടുവിള കൃഷിയാണ് ഇവിടെ സ്വീകരിച്ച് പോരുന്നത്. മൂന്നാംവിളയായി പയറും, ഉഴുന്നു ഭാഗികമായി കൃഷി ചെയ്തു വരുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിലൊന്നായ കുന്നത്തുമല കരിമ്പാറ കൊണ്ട് നിബിഡമാണ്. ഈ കുന്നിൽ മുകളിൽ നിന്നുകൊണ്ട് നോക്കിയാൽ പഞ്ചായത്ത് പ്രദേശം മുഴുവൻ നമുക്ക് കാണാൻ കഴിയും. വശ്യസുന്ദരമായ ഒരു കാഴ്ചതന്നെ നമുക്ക് ഇവിടെ നിന്ന് ദർശിക്കാം. ഏകദേശം 400 തൊഴിലാളികൾ ഇവിടുത്തെ കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്നു. കിഴക്കാംതൂക്കായി കിടക്കുന്ന ഇവിടെ മണ്ണൊലിപ്പ് ശക്തമാണ്. അതുപോലെ കണ്വാശ്രമം, തറട്ടാകോവൂർ എന്നിവയും താരതമേന്യ ഉയർന്ന പ്രദേശങ്ങളാണ്.

ഈ പഞ്ചായത്ത് ഭൂവിഭാഗത്തിന്റെ 80 ശതമാനവും ചരിഞ്ഞ ഭൂമിയാണ്. നെപ്പപാടങ്ങളിലേക്ക് ചരിഞ്ഞാണ് അവയുടെ കിടപ്പ്. ഫലഭൂയിഷ്ടത കുറവാണ്. ഈ ഭൂപ്രത്യേകത കൊണ്ട് വെള്ളം തങ്ങിനില്ക്കുന്നതിനുള്ള സാധ്യത തീരെയില്ല. ഭൂമിയെ തട്ടുതട്ടാക്കിത്തിരിച്ച്, വെള്ളം തടഞ്ഞുനിർത്താനുള്ള പ്രവണതയും കർഷകരിൽ കാണാനില്ല. അതുകൊണ്ട് തന്നെ കാര്യമായ് മണ്ണൊലിപ്പ് ഇവിടങ്ങളിൽ സംഭവിക്കുന്നു. ഇതു സംഭരിച്ച് നിർത്താൻ സാധിക്കാത്തതിനാൽ ഫെബ്രുവരി മാസം മുതൽ ജൂലൈ മാസം വരെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്ത് വരുന്നത് നാളികേരമാണ്. പാടങ്ങളിൽ നെല്ലും കൃഷിചെയ്യുന്നു. നാളികേരം കഴിഞ്ഞാൽ അടുത്ത സ്ഥാനം മരച്ചീനിക്കാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്തേയ്ക്കാവശ്യമായ മരിച്ചീന ഇവിടെ ഉത്പാദിപ്പിക്കുതുമില്ല. കൂടാതെ കശുമാവ്, മാവ്, പ്ലാവ് തുടങ്ങിവയും, ഇടവിളയായി കുരുമുളകും കൃഷിചെയ്യുന്നുണ്ട്. പാനയാത്രകളിൽ നിന്ന് വ്യക്തമായ ഒരു കാര്യം ഇടവിള കൃഷിക്കുവേണ്ടി നമ്മുടെ കൃഷിഭൂമി ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതാണ്. കുരുമുളകിന് പുറമത്തിചുക്കയ്ക്കും പച്ചക്കറി കൃഷിക്കും സാധ്യതയുണ്ട്.

ഉറപ്പുള്ള ചെങ്കൽ മണ്ണായതുകൊണ്ട് ചീക്കൽവെട്ട് വ്യാപകമാണ്.

1991-ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 27093 ആണ്. 12781 പുരുഷന്മാരും, 14312 സ്ത്രീകളും, പുരുഷന്മാരെ അപേക്ഷിച്ച് 1531 സ്ത്രീകൾ കൂടുതലാണ്. ചതുരശ്ര കിലോമീറ്ററിന് 1545 ജനങ്ങൾ അധിവസിക്കുന്നു. വർക്കല ബ്ലോക്കിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അധിവസിക്കുന്നത്. ഈ പഞ്ചായത്തിലാണ് മൊത്താം ജനസംഖ്യയിൽ 6521 പേർ പട്ടികജാതിക്കാരാണ്. (3121 പുരഷുന്മാരും 3400 സ്ത്രീകളും)

1991 -ലെ സെൻസസ് അടിസ്ഥാനമാക്കി വാർഡ് തല വിവരങ്ങൾ

വാർഡ് നമ്പർ വിഭജനത്തിന്	താമസമുള്ളവരുടെ വീടുകൾ	ആകെവീട്	ജനസംഖ്യ പു. സ്ത്രീ ആകെ	6വയസുവരെ പ്രായ: കുട്ടികൾ പു സ്ത്രി ആകെ	പട്ടികജാതി പു. സ്ത്രീ ആകെ	സാക്ഷരത പു സ്ത്രി ആകെ
1	594	596	1290 1478 2768	190 206 396	226 223 469	1004 1063 267
2	676	676	1441 1662 3103	200 204 404	229 227 501	1150 1211 2361
3	469	469	1216 1302 2418	164 181 345	251 268 519	888 939 1827
4	485	485	1084 1198 2282	171 139 310	238 252 490	577 932 1809
5	659	659	1653 1754 3407	241 220 461	875 989 1864	1248 1184 9432
6	438	438	1167 1232 2399	170 174 344	60 74 134	958 933 1891
7	571	571	1270 1444 2714	172 180 352	282 292 574	1010 1028 2038
8	491	491	1105 1283 2388	181 178 359	247 263 510	895 1024 1919
9	594	594	1405 1502 2907	232 194 426	449 463 912	1105 1103 2208
10	547	547	1250 1457 2707	213 179 392	264 304 568	971 1115 2086
ആകെ	5524	5526	12781 14322 27093	1934 1855 3789	3121 3400 6521	10106 10532 20638

അവലംബം : 1991 സെൻസസ്

ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് ചെമ്മരുതി ആറാണ്. ഈ പ്രദേശത്തിന്റെ ജലലഭ്യതയെ സ്വാധീനിച്ചിരിക്കുന്ന ഒരു പ്രധാന ഘടകം ഈ ജലസ്രോതസ്സാണ്. ഇതിനെ വേണ്ടുന്ന തരക്കിൽ തടയണകൾ കെട്ടി ഉപയോഗപ്പെടുത്തുന്നില്ല. മാത്രമല്ല ഇന്നിത് രൂക്ഷമായ മലിനീകരണത്തിലാണ് കാരണം നാവായ്ക്കുളം കടമ്പാട്ടുകോണത്തെ മത്സ്യം ഇറക്കി വിതരണം ചെയ്യുന്ന സ്ഥലത്തുനിന്നു ഒഴുകിവിടുന്ന അമോണിയ ഉൾപ്പെടെയുള്ള മലിന വസ്തുക്കൾ, സസ്യജന്തുജാലങ്ങൾക്ക് മാരകമായ രോഗങ്ങൾ വരുത്തുന്നു. ഇത് അടിയന്തരിമായി തടയേണ്ടതാണ്. കൂടാതെ ഇരുപത്തഞ്ചോളം കുളങ്ങളും, വറ്റാത്ത നീരുറവകളും ചെറുതോടുകളും കൊണ്ട് സമ്പുഷ്ടമാണ് നമ്മുടെ ജലസമ്പത്ത്. വേണ്ടുന്ന വിധത്തിൽ പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ കൃഷി ജലസേചനത്തിനും കുടിവെള്ളത്തിനും പരിഹാരമാകുമായിരുന്നു.

കർഷകർ	കർഷക തൊഴിലാളികൾ	കാലിവളർത്തർ	പാറതൊഴിലാളികൾ	ചെറുകിട വൻകിട	നിർമ്മാണ തൊഴിലാളികൾ	കച്ചവടം	മറ്റുള്ളവർ	തൊഴിലാളികൾ	
1212	3168	143	324	1086	417		591	1219	17962



കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ചെമ്മരുതി പഞ്ചായത്ത് ഒരു കാർഷിക മേഖലയായി വളർന്നു കഴിഞ്ഞിരുന്നു എന്നാണ് ഗ്രാമസഭകളിലൂടെയും മറ്റും നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ശ്രീനിവാസറാവു എന്നൊരു മഹാൻ ഈ കാലയളവിൽ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വസ്തുക്കൾ സ്വന്തമാക്കുകയും സമഗ്രമായ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുള്ളതായി പഴമക്കാർ ഓർക്കുന്നു. തുടർന്നുള്ള കാലഘട്ടത്തിൽ വസ്തുക്കളിൽ സിംഹഭാഗവും ദേവസ്വത്തിന്റേയും മനകളുടെയും അധീനതയിലായി. കോടിയേരി മഠം, വലിയ അകരം മന, പനയറ പോരിട്ടക്കാവ് ദേവസ്വം എന്നിവ ഇവയിൽ ചിലതാണ്.

സ്വാതന്ത്യലബ്ധിക്ക് മുൻപുതന്നെ ശ്രീമാൻ ഗോവിന്ദൻ ജഡ്ജി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഹരിജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിയും വിഭവങ്ങളും നല്കിക്കൊണ്ട് ശ്രീനിവാസപുരം ഹരിജൻ കോളനി സ്ഥാപിച്ചതും, ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ പഞ്ചായത്തിലെ കണ്വാശ്രമം ഭാഗം മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഭൂരഹിതകർഷകർക്ക് വിതരണം നടത്തിയതും പഞ്ചായത്തിലെ കാർഷിക നവോദ്ധാന ചരിത്രത്തിന്റെ സുവർണ്ണ ഏടുകളായി വിശേഷിപ്പിക്കപ്പെടുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടെ കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം ത്വരിതപ്പെടുകയും ഇന്നത്തെ നിലയിൽ (ഒരു കർഷകന് 30 സെന്റ്) ആകുകയും ചെയ്തു.

ഭൂവിസ്തൃതിയിലുണ്ടായ മാറ്റം ഭൂമിയുടെ വിനിയോഗത്തിലും സംഭവിച്ചിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തൃതി മുൻകാല റവന്യൂ രേഖകളിൽ 265.5 ഹെക്റ്റർ എന്ന് കാണുന്നുണ്ടെങ്കിലും ഇന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് ഇത് 190 ഹെക്റ്റർ മാത്രമാണ്. മുൻകാലങ്ങളിൽ പറമ്പുകളിൽ എള്ള്, കുരവ്, മുതിര, കൂവ, മഞ്ഞൾ, ഉഴുന്ന്, പയർ എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇന്ന് മൂന്നാംവിളയായി പാടങ്ങളിൽ ചെയ്യുന്ന പയർ, ഉഴുന്ന് കൃഷിയായി ചുരുങ്ങിയിരിക്കുന്നു. ഇതും ആകെയുള്ള നെൽപാടത്തിന്റെ 60% - ൽ താഴെ മാത്രമേയുള്ളൂ. വർദ്ധിച്ച കൃഷിചിലവും, കർഷക തൊഴിലാളികളുടെ അപര്യാപ്തതയും, ജലദൗർലഭ്യവുമാണ് ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കുന്നത്.

വിളക്രമം

പഞ്ചായത്തിലെ പ്രധാന കാർഷികവിള തെങ്ങാണ്. തെങ്ങ് കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും ഉണ്ടെങ്കിലും നാളികേര ഉൽപാദനത്തിൽ ചെമ്മരുതി, സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്. ഒരു തെങ്ങിൽ നിന്നും പ്രതിവർഷം 30 തേങ്ങ മാത്രമാണ് ഇവിടെ ലഭിക്കുന്നത്. എന്നിരുന്നാലും മറ്റ് കൃഷികളെക്കാൾ ആദായകരമാണ് എന്നതിനാൽ തെങ്ങുകൃഷിയുടെ വിസ്തൃതി ഇപ്പോഴും കൂടിക്കൊണ്ടിരിക്കുന്നു.

നെൽകൃഷി ഗുരുതരമായ പ്രതിസന്ധി നേരിടുന്ന അവസ്ഥയാണുള്ളത് ആധുനികവത്കരണം നടപ്പിലാക്കാനാവാത്ത വിധത്തിലുള്ള പാരശേഖരങ്ങളുടെ കിടപ്പും ജലസേചനത്തിന്റെ അപര്യാപ്തതമൂലവും കർഷകർക്ക് ഭീമമായ നഷ്ടം നേരിടേണ്ടി വരുന്നതിനാലും ആവശ്യത്തിന് കർഷക തൊഴിലാളികളെ കിട്ടാത്തതിനാലും മുൻകാലങ്ങളിലെപോലെ വിയർപ്പ് ഒഴുക്കി അദ്ധ്വാനിക്കാൻ കർഷകർ തയ്യാറാകാത്തതിനാലും നെൽപാടങ്ങൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു. പഞ്ചായത്തിൽ രണ്ട് പൂവ് നെൽകൃഷി മാത്രമേ ചെയ്യുന്നുള്ളൂ. ഇതിൽ ഒന്നാം വിളക്കാലത്ത് ഉൽപാദനക്ഷമത കൂടുതലാണ്. രണ്ടാം വിളയ്ക്ക് പൊക്കം കൂടിയ നാടൻ ഇനങ്ങളാണ് പൊതുവെ ഉപയോഗിക്കുന്നത് ശരാശരി ഉൽപാദനം ഹെക്റ്ററിന് 2500 കിലോഗ്രാമാണ്.

ഇടവിള കൃഷികൾക്ക് അനുയോജ്യമായ സാഹചര്യങ്ങളാണുള്ളതെങ്കിലും ഇവയുടെ കൃഷി ഗണ്യമായി കുറഞ്ഞുവരുകയാണ്. വാഴ, കുരുമുളക്, മരച്ചീനി, അടയ്ക്ക, ഇഞ്ചി, പുറുത്തിച്ചക്ക, പച്ചക്കറി തുടങ്ങിയവ ലാഭകരമായി കൃഷി ചെയ്യാവുന്ന ഇടവിളകളാണ്. ഇവയുടെ കൃഷി പ്രത്യേക പ്രാധാന്യത്തോടെ വികസിപ്പിക്കേണ്ടത് ലഭ്യമായ ചുരുങ്ങിയ സ്ഥലത്തുനിന്ന് പരമാവധി വരുമാനം നേടാൻ അത്യന്താപേക്ഷിതമാണ്.

പ്രധാന വിളകളുടെ വിസ്തീർണ്ണം		
നെല്ല് - 1-ാം വിള	110	ഹെക്ടർ
നെല്ല് - 2-ാം വിള	110	,,
തെങ്ങ് ,,	1314	,,
മരച്ചീനി ,,	634	,,
കശുമാവ് ,,	152	,,
പയർവർഗ്ഗ വിളകൾ ,,	60	,,
വാഴ ,,	55	,,
കമുക് ,,	25	,,
കുരുമുളക് ,,	30	,,
റബ്ബർ ,,	4	,,
കൊക്കോ ,,	2	,,
ഇഞ്ചി ,,	5	,,

(അവലംബം: കൃഷിഭവൻ രേഖകൾ)

ഉൽപാദനക്ഷമത

ചെമ്മരുതിയിൽ വിവിധ കാർഷിക വിളകളുടെ ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ഇതിന് സാങ്കേതികവും സാമൂഹികവും സംഘാടനാപരവുമായ പല കാരണങ്ങളും ഉണ്ട്. ഇവ ഏതൊക്കെ എന്ന് നോക്കാം.

മണ്ണിന്റെ ഘടന

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ 80 ശതമാനവും ചരിഞ്ഞ ഭൂമികളാണ്. 20% സമതലങ്ങളും. ചരിഞ്ഞ ഭൂമിയിൽ പൊതുവേ ചരൽ കലർന്ന ചെങ്കൽ മണ്ണും, സമതലങ്ങളിൽ മണൽ കലർന്ന പശിമരാശി മണ്ണുമാണുള്ളത്. മണ്ണിന് പൊതുവേ അമ്ലസ്വഭാവമാണ് ഉള്ളത്. വളരെ ഫലഭൂയിഷ്ടമായ മണ്ണല്ല ഇവിടെയുള്ളത്, എങ്കിലും കൃത്യമായ വള പ്രയോഗം നടത്തിയാൽ ഏത് വിളകളും ആദായകരമായി കൃഷി ചെയ്യുവാൻ സാധിക്കും.

ജലസേചനം

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ചെമ്മരുതിയിൽ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 3000 മില്ലിലിറ്റർ മഴ ഇവിടെ ലഭിക്കുന്നുണ്ട്. എന്നാൽ മഴ പെയ്ത് മണിക്കൂറുകൾക്കകം വെള്ളം കുത്തി ഒലിച്ചു നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഈ ജലം സംഭരിക്കുന്നതിന് പ്രത്യേകിച്ച് യാതൊരു നടപടികളും കർഷകർ സ്വീകരിച്ചു കാണുന്നില്ല. ജൈവ വളങ്ങൾ ആവശ്യത്തിന് ഉപയോഗിക്കാത്തതു വഴി മണ്ണിന്റെ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും തെങ്ങുവെക്കുന്നതിനും വേണ്ടി നെൽപാടങ്ങൾ വ്യാപകമായി നികത്തിയത് വെള്ളം കെട്ടിനിൽക്കാൻ സ്ഥലമില്ലാതെയാക്കി. തന്മൂലം ഭൂഗർഭ ജലവിതാനം ആവശ്യമായ അളവിൽ ഉയരാതെയായി. പുതുതായി റോഡുകൾ നിർമ്മിച്ചതും തുണ്ടു ഭൂമികൾ സൗകര്യാർത്ഥം മതിൽ കെട്ടി വേർതിരിച്ചതും വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് തടസപ്പെടുത്തിയിട്ടുണ്ട്.

ചെമ്മരുതി പഞ്ചായത്തിൽ പ്രധാനമായി 6 പാടശേഖരങ്ങളാണ് ഉള്ളത്. മുട്ടപ്പലം, ചെമ്മരുതി, പ്രാലേയഗിരി, പനയറ, കോവൂർ, മുത്താന എന്നിവയാണ് പാടശേഖരങ്ങൾ. എല്ലാ പാടശേഖരങ്ങളുടേയും മുകൾഭാഗത്ത് വറ്റാത്ത തലക്കുളങ്ങളും, പാടത്തിന്റെ മദ്ധ്യത്തുകൂടയോ വശങ്ങളിൽ കൂടയോ ചെറുതോടുകളും ഉണ്ട്. ഇതിൽനിന്നും മുൻകാലങ്ങളിൽ കർഷകർ ജലസേചനത്തിന് അർഹമായ പ്രാധാന്യം നൽകിയിരുന്നു എന്നാണ് അനുമാനിക്കേണ്ടിയിരുന്നത്. ഇവ കൂടാതെ നിരവധി കുളങ്ങളും നീരുറവകളും പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒഴുകുകയും, പഞ്ചായത്തിനെ രണ്ടു പകുതിയായി വിഭജിക്കുയും ചെയ്യുന്ന ചെമ്മരുതി ആറ് ആണ് ഇവിടുത്തെ ഏറ്റവും വലിയ ജല സ്രോതസ്. ഉദ്ദേശം 7 കി. മീ. നീളത്തിൽ ഈ ആറ് പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ടെങ്കിലും 3 ക്രോസ്ബാർ മാത്രമാണ് ഇതിൽ നിർമ്മിച്ചിട്ടുള്ളത്. പുഴയോരത്തുള്ള പാടശേഖരങ്ങൾ പലതും ജലനിരപ്പിൽ നിന്നും ഉയർന്നു കിടക്കുന്നതാനാൽ സ്വാഭാവികമായി ജലം പാടങ്ങളിലേക്ക് ഒഴുകി ഇറങ്ങാറില്ല. ആറിൽ നിന്നും വെള്ളം പമ്പുചെയ്യുന്നതിന് സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റ് വർഷങ്ങളായി പ്രവർത്തനം ആരംഭിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നു. പനയറ കല്ലണക്ക് സമീപം ഒരു തടയണ (ചെക്ക് ഡാം) നിർമ്മിച്ചാൽ ഏകദേശം 3 കിലോമീറ്റർ സ്ഥലത്ത് ജലം സംഭരിച്ചു നിറുത്തുവാനും, അതുവഴി പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലേയും ജലസേചനത്തിനും, കുടിവെള്ള പ്രശ്നത്തിനും ഒരു ശാശ്വത പരിഹാരം നേടാനും സാധിക്കുമെന്നത് ബന്ധപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വസ്തുതയാണ്.

ഇതിനു പുറമേ പഞ്ചായത്തിന്റെ 11 വാർഡുകളിൽ നിന്നും ആരംഭിച്ച് ചെമ്മരുതി ആറിൽ ഒഴുകി എത്തുന്ന 15 ഓളം ചെറുതും വലുതുമായ തോടുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

1. ഞെക്കാട് കുളം
2. ശാസ്താം കുളം
3. ചടയന്റെതൊടി കുളം
4. പിച്ചകശേരി കുളം
5. മന്ത്രിയാംകോണം കുളം
6. വേലൻകോണം കുളം
7. പ്രാലേയഗിരി കുളം
8. ഊറ്റുകുഴി (മുട്ടപ്പലം)
9. മുട്ടപ്പലം കുളം
10. കൊച്ചുവിള വലിയ കുളം
11. ചിറവിള മാടൻകാവ് കുളം
12. നമ്പ്യാർകോണം കുളം
13. മുത്താന ശിവക്ഷേത്രം കുളം
14. ആർ. കെ. എം. യു. പി. എസ്. തലകുളം
15. ഭൂതത്താൻകോണം കുളം

ക്രമ നം.	തോടിന്റെ പേര്	ദൂരം	വാർഡ്
1.	ചെമ്മരുതി ആറ്	7 കി മി.ക	
2.	ഞെക്കാട് – മങ്കാട്ടുമൂല വരെ1.5	,,	3.
3.	ചെമ്മരുതി ഏലാ നടുറോഡ്1.5	,,	4.
4.	ചെമ്മരുതി –ഇറിഗേഷൻ ടാങ്ക്തോട്	1	,
5.	ചടയന്റെതൊടി– ഏലാ ചെറുതോട്	1	,,
6.	പിച്ചകശേരി ഏലാ പടിഞ്ഞാറ്കര തോട്	1	,,
7.	വേലൻകോണം പനയറ ഏലാ തോട്	2	,,

8. മന്ത്രിയാംകോണം – പനയറ ഏലാതോട് 4 ,,
9. പ്രാലയഗിരി – പനയറ ഏലാതോട് 4 ,,
10. പനയറ ഏലാ നടുതോട് 2 ,,
11. പ്രലയഗിരി ഏലാ പടിഞ്ഞാറുകര തോട് 1 ,,
12. ഊറ്റുകുഴി – നടയറ തോട് 4 ,,
13. മുട്ടപ്പലം ഏലാ പടിഞ്ഞാരുകര തോട് 3 ,
14. ചിറവിള – മുഴിവാതുക്കൽതോട് 1.5 ,,
15. നമ്പ്യാരുകോണം –കരിയറ വാതുക്കൽ തോട് 2.5
16. നമ്പ്യാരുകോണം – പാലോട്ട്വാതുക്കൽ – കാങ്കുളത്തുവാതുക്കൽ തോട് 4 ,,
17. ആർ. കെ. എം. യു. പി. എസ്സ്.– ചെമ്മരുതി റിവർ തോട് 1.5
18. മുത്താന ഏലാപടിഞ്ഞാറുകര തോട് 1 ,,
19. വേട്ടക്കോട്ട് ഏലാ – ചെമ്മരുതി റിവല്ല തോട് 1 ,,
20. മുളമൂട്ടിൽ – ചെമ്മരുതി റിവർ തോട് 7 ,,

അവലംബം: ദ്വിതീയ ശേഖരണ റിപ്പോർട്ട്, ചെമ്മരുതി പഞ്ചായത്ത്.

സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും ഈ ജലസ്രോതസുകൾ പ്രയോജനപ്പെടുത്തുന്നതിന് ചെമ്മരുതി നിവാസികൾക്ക് സാധിച്ചിട്ടില്ല. തലക്കുളങ്ങളും അവയുടെ നീരുറവകളും അവഗണിച്ചത് കുളങ്ങളിൽ നിന്നുള്ള നീരൊഴുക്ക് കുറക്കുകയും തോടുകൾ "മാനം വെറിക്കുമ്പോൾ കൂടെ വെറിക്കുന്ന" അവസ്ഥയിലാക്കുകയും ചെയ്തു. തോടുകളിലെ നീരൊഴുക്കിന് തടസം സൃഷ്ടിക്കുന്ന രീതിയിൽ പലസ്ഥലങ്ങളിലും പാടങ്ങൾ നികത്തുകയും തോടുകൾ സ്വകാര്യവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ ഇത് ജലസ്രോതസുകളുടെ നിലനിൽപിനേയും, പ്രത്യേകിച്ച് നെൽകൃഷിയേയും പ്രതികൂലമായി ബാധിക്കും.

ചില കുളങ്ങൾ വിവിധ വകുപ്പുകൾ വഴി ആഴം കൂട്ടുകയും, കല്ലുകെട്ടി പുതുക്കി പണിത് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തമായ ആസൂത്രണവും, ദീർഘവീക്ഷണവും ഇല്ലാതെ നടപ്പിലാക്കിയ ഈ പദ്ധതികൾ ഉദ്ദേശലക്ഷ്യങ്ങളുടെ വിപരീത ഫലങ്ങളാണ് സൃഷ്ഠിച്ചിട്ടുള്ളത്. നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകളും പോരായ്മകളും മനസിലാക്കുകയും അവ ശാശ്വതമായി പരിഹരിക്കുകയും വേണം.

മുട്ടപ്പലം പാടശേഖരത്തിന് ആവശ്യമായ ജലം ലഭിച്ചിരുന്നത് ശ്രീനിവാസപുരത്തുള്ള ഊറ്റുകുഴിയിൽ നിന്നുമാണ്. എന്നാൽ വാട്ടർ അതോറിട്ടി ഈ കുളങ്ങൾ കുടിവെള്ളത്തിന് ഉപയോഗിക്കുവാൻ തീരുമാനിച്ചപ്പോൾ കാർഷിക മേഖലയെ പൂർണ്ണമായി അവഗണിച്ചു. ഇതുമൂലം മുട്ടപ്പലം പാടശേഖരത്തിലെ നെൽപാടങ്ങൾ പലതും തെങ്ങിൻ തോപ്പുകളാക്കാൻ കർഷകർ നിർബന്ധിതരായിരിക്കുന്നു.

ഇവിടുത്തെ തോടുകളിൽ പലസ്ഥലങ്ങളിലായി 18 ക്രോസ്ബാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായുള്ളത് മൂന്നെണ്ണം മാത്രമാണ്. ഈ കണക്ക് മാത്രം മതിയാകും പഞ്ചായത്തിലെ ജലസേചനത്തിന്റെ ചിത്രം മനസിലാക്കുവാൻ.

വളപ്രയോഗം

ജൈവവളത്തിൽ അധിഷ്ടിതമായ കൃഷിരീതിയാണ് ഇവിടെ നിലവിലുള്ളത്. എന്നാൽ ഇവയുടെ ഉപയോഗം വളരെ കുറഞ്ഞിരിക്കുന്നു. രാസവള പ്രയോഗം പല കർഷകനും അനുവർത്തിക്കുന്നുണ്ടെങ്കിലും, മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലോ ശാസ്ത്രീയമായ രീതിയിലോ രാസവളപ്രയോഗം നടത്തുന്ന കർഷകർ വളരെ വിരളമാണ്. ജൈവവളം/കമ്പോസ്റ്റ് നിർമ്മാണം, പച്ചിലവള ചെടികളുടെ കൃഷി, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ മേഖലകളിൽ കർഷകർ അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല.

പഞ്ചായത്തിൽ നാല് രാസവള ഡിപ്പോകൾ ഉള്ളതിൽ മൂന്നെണ്ണം സഹകരണ മേഖലയിലും ഒന്ന് സ്വകാര്യമേഖലയിലുമാണ്. കീടനാശിനികൾ വിൽക്കുന്നതിന് ഒരു ഡിപ്പോ പോലും ഇവിടെ നിലവിലില്ല.

രോഗ കീടങ്ങൾ

തെങ്ങിന്റെ ഉൽപാദനക്ഷമത കുറയുന്നതിന് ഒരു പ്രധാന കാരണം കേരരോഗങ്ങളാണ്. ഇതിൽ പ്രധാനപ്പെട്ടതാണ് കാറ്റുവീഴ്ച. മാരകമായി പടർന്നുപിടിക്കുന്ന ഈ രോഗം മൂലം പൂർണ്ണമായി നശിച്ചിരിക്കുന്ന 2500 ഓളം തെങ്ങുകൾ ഉണ്ട്. രോഗത്തിന് ഫലപ്രദമായ പ്രതിവിധി കണ്ടെത്തുന്നതിനോ, രോഗം പകരുന്നത് തടയുന്നതിനോ വ്യക്തമായ യാതൊരു നടപടികളും കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

മണ്ണ് സംരക്ഷണം

കൃഷിയുടെ അടിസ്ഥാന ഘടകമായ മണ്ണ് സംരക്ഷിക്കുന്നതിന് വേണ്ടത്ര പ്രാധാന്യം ഇവിടെ നൽകി വരുന്നതായി കാണുന്നില്ല. ചരിഞ്ഞ ഭൂപ്രകൃതിയും അതിവർഷവും ഇവിടുത്തെ മണ്ണൊലിപ്പ് രൂക്ഷമാക്കുവാൻ പര്യാപ്തമാണ്. മഴവെള്ളം സംഭരിക്കുന്നതിനും, വളക്കൂറുള്ള മേൽമണ്ണ് സംരക്ഷിക്കുന്നതിനും മണ്ണ് സംരക്ഷണ പ്രവൃത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടിയിരിക്കുന്നു.

യന്ത്രവൽക്കരണം

അധികരിച്ചുവരുന്ന കൃഷി ചിലവുകൾ നിയന്ത്രിക്കുന്നതിനും, കർഷക തൊഴിലാളികളുടെ ദൗർലഭ്യം, കന്നുകാലികളുടെ അപര്യാപ്തത, രോഗകീടങ്ങളുടെ ആധിക്യം ഇവ പരിഹരിക്കുന്നതിനും യന്ത്രവൽക്കരണം ആവശ്യമാണെന്ന് കർഷകർ മനസിലാക്കിയിരിക്കുന്നു. എന്നാൽ പഞ്ചായത്തിലെ യന്ത്രവൽക്കരണം നിലം ഉഴുവാൻ ഉപയോഗിക്കുന്ന 4 പവ്വർ ടില്ലറുകൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. കൊയ്ത്തുയന്ത്രങ്ങളും മെതിയന്ത്രങ്ങളും ഇനിയും പഞ്ചായത്തിൽ വന്നിട്ടില്ല. ജലസേചനത്തിന് മാത്രം ഉപയോഗിക്കുന്ന സ്വകാര്യ പമ്പുസെറ്റുകൾ ഉണ്ടെങ്കിലും അവയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

മറ്റ് യന്ത്രസാമഗ്രികൾ

റോക്കർ ഡ്രേയർ – 6, നാപ്സാക് ഡ്രേയർ – 16, തെങ്ങുകയറ്റ യന്ത്രം – 3 എന്നിവയാണ്.

വിത്തും നടീൽ വസ്തുക്കളും

അത്യുല്പാദന ശേഷിയും രോഗപ്രതിരോധ ശക്തിയും ഉള്ള വിത്തിനങ്ങൾ യഥാസമയം ലഭിക്കാത്തതാണ് വിവിധ വിളകളുടെ കൃഷിയും ഉൽപാദനക്ഷമതയും കുറയുവാൻ ഉള്ള മറ്റൊരു പ്രധാന കാരണം. പഞ്ചായത്തിൽ ഓരോ വിള നെൽകൃഷിയും ഇറക്കുന്നതിന് ഉദ്ദേശം 8 ടൺ വിത്ത് ആവശ്യമായിരിക്കെ കൃഷി ഭവനുകൾ വഴി വതരണം നടത്തുന്നത് കേവലം 250 – 300 കിലോ വിത്ത് മാത്രമാണ്. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ വഴി പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമായ വിത്ത് ഉൽപാദിപ്പിക്കുവാൻ പദ്ധതികൾ ഉണ്ടെങ്കിലും അവയൊക്കെ "ഏടിലെ പശുക്കൾ" മാത്രമായിരിക്കുകയാണ്.

വേനൽക്കാല പച്ചക്കറി കൃഷിക്ക് ഏറെ സാധ്യതകൾ ഉണ്ടെങ്കിലും നല്ലയിനം വിത്ത് ലഭിക്കാത്തതാണ് ഈ കൃഷി വികസിക്കാത്തതിന്റെ പ്രധാന കാരണമെന്ന് ഗ്രാമീണർ അഭിപ്രായപെടുന്നു. തെങ്ങു കൃഷിയിൽ ഏറ്റവും പ്രാധാന്യം നൽകേണ്ടത് തൈകൾ തിരഞ്ഞെടുക്കുന്നതിലാണല്ലോ. എന്നാൽ, പല കർഷകരും ഈ കാര്യത്തിൽ യാതൊരു തത്വദീക്ഷിതയും പുലർത്തുന്നില്ല. ഇത് കാറ്റുവീഴ്ച പോലുള്ള രോഗങ്ങൾ പടരുന്നതിനും ഉല്പാദന ക്ഷമത കുറയുന്നതിനും കാരണമാകുന്നുണ്ട്.

കൃഷി വിജ്ഞാനം

ശാസ്ത്രീയമായ കൃഷി രീതികളെക്കുറിച്ച് ഭൂരിഭാഗം ഗ്രാമീണരും അജ്ഞരാണ്. വിജ്ഞാന വ്യാപന പ്രവൃത്തനങ്ങൾക്ക് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള കൃഷി ഭവനുകളുടെ പ്രവൃത്തനം ഈ കാര്യത്തിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. മുൻകാലങ്ങളിൽ നിലനിന്നിരുന്ന കൃഷി വകുപ്പിന്റെ "സന്ദർശന – പരീശീലന പരിപാടി" (T &V Programme) കർഷകർക്ക് പ്രയോജനകരമായിരുന്നു എന്ന് പൊതുവെ അഭിപ്രായമുണ്ട്.

വിലയും വിപണിയും

കാർഷിക മേഖലയിൽ നിന്നും ജനം അകന്നു പോകുന്നതിന് പ്രധാനകാരണം ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്നതാണ്. ഓരോ വിളയ്ക്കും ഉൽപാദന ചിലവിന് ആനുപാതികമായി താങ്ങുവിലകൾ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന കാർഷിക വിളകൾ വിപണനം നടത്തുന്നതിന് പ്രത്യേകിച്ച് ഒരു വിപണന കേന്ദ്രവും നിലവിലില്ല. തച്ചോട്, ചാവടിമുക്ക് എന്നിവിടങ്ങളിലുള്ള രണ്ട് പൊതു മാർക്കറ്റുകൾ മത്സ്യം, പച്ചക്കറികൾ എന്നിവ വാങ്ങുന്നതിന് മാത്രമാണ് ഉപയോഗിക്കുന്നത്.

കാർഷിക വിളകളുടെ സംസ്കരണ യൂണിറ്റുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, സംസ്കരിച്ച് വിപണനം നടത്തുന്നതിനും സഹകരണാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

വായ്പയും സബ്സിഡിയും

ചെമ്മരുതി പഞ്ചായത്തിൽ ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ ഒന്നുപോലും ഇല്ല. ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നിവയാണ് നിലവിലുള്ള ധനകാര്യ

സ്ഥാപനങ്ങൾ. കാർഷികാവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്നില്ല എന്ന പരാതി പൊതുവേ നിലനിൽക്കെ തന്നെ കാർഷിക വായ്പകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്. വളരെ ചെറിയ തുക വായ്പയായി ലഭിക്കുന്നതിനു പോലും നേരിടേണ്ടിവരുന്ന നീണ്ട നിയമ നടപടികൾ പലരേയും വായ്പ എടുക്കുന്നതിൽ നിന്നും അകറ്റി നിറുത്തുന്നുണ്ട്. കാർഷിക വായ്പകൾക്ക് നൽകി വന്നിരുന്ന പലിശ സബ്സിഡി നിർത്തലാക്കിയത് കർഷകർക്ക് അധിക ബാധ്യതയായി. വിവിധ കാർഷിക വികസന പദ്ധതികൾക്ക് സർക്കാർ ഏർപ്പെടുത്തുന്ന സബ്സിഡികൾ യഥാർത്ഥ ആവശ്യകതയിൽ നിന്നും വളരെ താഴെയാണ്.

വേതനം

കർഷക തൊഴിലാളികൾക്ക് നൽകേണ്ടി വരുന്ന ഉയർന്ന വേതന നിരക്കുകളാണ് കൃഷി നഷ്ടമാക്കുന്ന മറ്റൊരു ഘടകം. കാർഷികേതര മേഖലകളിൽ നിലനിൽക്കുന്ന ഉയർന്ന സേവന വേതന വ്യവസ്ഥകൾ തൊഴിലാളികളെ കാർഷിക മേഖലയിൽ നിന്നും അകറ്റി മറ്റ് മേഖലകളിൽ പണിയെടുക്കുവാൻ പ്രേരിപ്പിക്കുന്നു. ഇതിനാൽ നിലവിലുള്ള കർഷക തൊഴിലാളികളെ എന്ത് മാർഗ്ഗത്തിലൂടെയും സംരക്ഷിച്ചു നിർത്തേണ്ട ഗതികേടിലാണ് കർഷകർ.

കാർഷിക ബന്ധം

കാർഷിക മേഖലയിലെ ഏറ്റവും വലിയ ശാപമാണ് കാർഷിക ബന്ധങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ. ഇവിടെ പറമ്പിൽ സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം നാമമാത്രമായിരിക്കുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങൾ തുച്ഛമായ വേതനത്തിന് ഇതര മേഖലകളിൽ പണിയെടുത്താലും കാർഷിക മേഖലയിലേക്ക് കടന്നു വരുവാൻ തയ്യാറാകുന്നില്ല. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ സാധ്യതകൾ വർദ്ധിച്ചതോടെ കാർഷിക മേഖല പൂർണ്ണമായും അവഗണിക്കപ്പെട്ടു. സമൂഹത്തിന് കർഷരോടും, കർഷകർക്ക് കൃഷി ഭൂമിയോടും, കർഷക തൊഴിലാളിക്ക് ഭൂ ഉടമയോടും യാതൊരു ബാധ്യതയും ഇല്ലാതായി. മുൻകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ ലഭിച്ചിരുന്ന മാന്യതയും അംഗീകാരവും ഇന്ന് ലഭിക്കുന്നില്ല എന്നതാണ് ഈ മാറ്റങ്ങളുടെ അടിസ്ഥാന കാരണമെന്ന് പഴമക്കാർ അഭിപ്രായപ്പെടുന്നു.

സംഘാടനം

ഇന്ന് അസംഘടിതരായിട്ടുള്ള ഏക സമൂഹം കർഷകരാണ്. ചെമ്മരുതിയിലെ കർഷകരും ഇതിനൊരു അപവാദമല്ല. നിരവധി കർഷക സംഘടനകളും കർഷകതൊഴിലാളികളും നിലവിലുണ്ടെങ്കിലും കർഷകന്റെ ഉന്നമനത്തിനുവേണ്ടി ഇവയൊന്നും കാര്യമായ സംഭാവനകൾ നൽകിയതായി കാണുന്നില്ല.

പ്രാദേശിക തലത്തിൽ കൃഷിയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, അതിന് ഗ്രൂപ്പ് തലത്തിൽ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി കൃഷിഭവൻ തലത്തിൽ വിവിധ കർഷക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക വികസന സമിതി, കേര വികസന സമിതി, പാടശേഖര നെല്ലുല്പാദക സമിതി എന്നിവ ഇവയിൽ ചിലതാണ്. ഇത്തരം സംഘടനകൾ പ്രവർത്തിക്കുന്നതായി കർഷകർക്ക് അറിവുപോലുമില്ല. ഇതിനൊക്കെ പുറമേയാണ് പഞ്ചായത്തുതല കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്ന കൃഷിഭവനുകൾ. കർഷകരുടെ ആവശ്യങ്ങൾക്ക് ഒത്തുയരാൻ ഈ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം.

പ്രശ്നങ്ങൾ

1. ലഭ്യമായ ജലശ്രോതസുകൾ (കുളങ്ങളും തോടുകളും) ജലസേചനത്തിനുവേണ്ട പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല.
2. ഇതര ജലസേചന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാൻ സാധിക്കുന്നില്ല.
3. നല്ലയിനം വിത്ത്. നടീൽ വസ്തുക്കൾ എന്നിവ യഥാസമയം ലഭിക്കുന്നില്ല.
4. തെങ്ങിനെ ബാധിക്കുന്ന കാറ്റുവിഴ്ച മണ്ടചീയൽ തുടങ്ങിയ രോഗങ്ങൾ
5. കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.
6. കാർഷിക ഉൽപന്നങ്ങൾക്ക് സ്ഥിരം വിപണന കേന്ദ്രങ്ങൾ ഇല്ല.
7. കാർഷിക വിഭവങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും യാതൊരു സംവിധാനങ്ങളും ഇല്ല.
8. പാടശേഖരങ്ങൾ അനിയന്ത്രിതമായി നികത്തുന്നു
9. കാർഷിക യാന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല
10. ജൈവവളങ്ങളുടെ ഉപയോഗം നാമമാത്രമാകുന്നു

11. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല.
12. രാസവളത്തിന് അമിതവിലനൽകേണ്ടിവരുന്നു.
13. കർഷക തൊഴിലാളികൾ വേണ്ടത്ര ഇല്ല.
14. കർഷകതൊഴിലാളികളുടെ കൂലി നിരിക്ക് കൂടുതലാണ്.
15. ആവശ്യമായ കാർഷിക വായ്പകൾ ലഭിക്കുന്നില്ല. വായ്പകൾക്ക് അമിത പലിശ നൽകേണ്ടിവരുന്നു.
16. ശാസ്ത്രീയ കൃഷിരീതികളെ കുറിച്ച് കൂടുതൽ അറിയുവാൻ സാധിക്കുന്നില്ല.
17. മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിന് പ്രധാന്യം നൽകുന്നില്ല.
18. ഇടവിള കൃഷി പ്രോൽസാഹിപ്പിക്കുന്നില്ല.
19. നൂതന കൃഷി സംമ്പ്രദായങ്ങൾ (കൂൺകൃഷി, പൂകൃഷി, ഔഷധസന്ധ്യകൃഷി) എന്നിവ പ്രോത്സാഹിപ്പിക്കുന്നില്ല.
20. കാർഷിക വികസനത്തിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന സമിതികളുടെ പ്രവൃത്തനം തൃപ്തകരമല്ല.
21. നടപ്പിലാകുന്ന കാർഷികവികസന പദ്ധതികൾ ആവശ്യത്തിനും യഥാസമയം ലഭിക്കുന്നില്ല.
22. കർഷകർക്ക് സമൂഹത്തിൽ അംഗീകാരം ലഭിക്കുന്നില്ല.
23. കർഷകരുടെ സംഘടനാശക്തി ക്ഷയിക്കുന്നു.
24. കാർഷികവിളകളുടെ സംസ്കാരണ യൂണിറ്റുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.
25. കൂട്ടായ്മയുടെ അഭാവം മൂലവും ട്രാക്റും മറ്റും ഇറക്കുന്നതിനുള്ള അസൗകര്യം മൂലവും ആധുനികകാർഷികോപകരണങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

സാധ്യതകൾ പരിഹാരങ്ങൾ

1. പഞ്ചായത്തിലെ കുളങ്ങൾ മണ്ണും ചെളിയും വാരിമാറ്റി അതിരുകൾ വ്യത്തിയായി മഴവെള്ളം സംഭരിച്ചുനിർത്തുന്നതിന് നടപടികൾ കൈകൊള്ളുക.
2. കുളങ്ങളോടനുബന്ധിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുക.
3. ചെമ്മരുതി ആറിൽ മൂന്ന് തടയണകൾ സ്ഥാപിക്കുകയും സാധ്യതയുള്ള സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുകയും ചെയ്യുക.
4. പഞ്ചായത്തിലുള്ള തോടുകളുടെ വശങ്ങൾ കല്ലുകൊട്ടി തോടുകൾ വ്യത്തിയാക്കി സുഗമമായ നീരൊഴു ഉറപ്പുവരുത്തുക.
5. തോടുകളിൽ നിലവിലുള്ള ക്രോസ് ബാറുകൾ പുതുക്കിപണിത് പലകയിടുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക.
6. ജലസേചനത്തിനുവേണ്ടി പഞ്ചായത്തിൽ മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ ന്യൂതനകൾ പരിഹരിക്കുന്നതിന് നടപടികൾ കൈകൊള്ളുക.
7. കർഷകരുടെ പറമ്പിൽ മഴവെള്ളം സംരഭിക്കുന്നതിന് അതിരുകൾ കെട്ടുന്നതിനും, കുഴികൾ കുഴിക്കുന്നതിനും സഹായ പദ്ധതികൾ ആവിഷ്കരിക്കുക.
8. ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള സ്ഥലപരിമിതി 30 സെന്റിൽ നിന്നും 15 സെന്റായി കുറയുകയും, സബ്സിഡി 5000 രൂപയായി ഉയർത്തുകയും ചെയ്യുക.
10. ന്യൂതന ജലസേചന മാർഗ്ഗങ്ങളായ "ഡ്രിംഗ്ളർ, ട്രിപ്പ്" എന്നിവ പ്രചരിപ്പിക്കുവാൻ സഹായപദ്ധതികൾ ആവിഷ്കരിക്കുക.
11. നെൽപാടങ്ങൾ നികത്തുന്നത് തടയുന്നതിന് നിലവിലിള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുക.
12. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നൽകിവരുന്ന ഉല്പാദന ബോണസ് ഏക്കറിന് 100 രൂപയിൽ നിന്നു. 500 രൂപയായി ഉയർത്തുക.
13. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ആവശ്യാനുസരണം യഥാസമയം വിതരണം നടത്തുക.
14. രണ്ടാം വിളകൃഷി യോജിച്ച ഒരു നെൽ വിത്തിനും ലഭ്യമാക്കുക.
15. രാസവളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
16. ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിന് നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം വിലയിരുത്തുക, ആവശ്യമായവ പുനസംഘടിപ്പിക്കുകയും ചെയ്യുക.
17. ഗ്രൂപ്പ് ഫാമിംഗ് സമിനികൾ വഴി നല്ലയിനം നെൽവിത്തുകൾ വികസിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക. ഇതുവഴി വിത്തുലോപാദനമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക.
18. പവർടില്ലർ, കൊയ്ത്ത്യന്ത്രം, മെനിയന്ത്രം, ഡ്രേയർറുകൾ എന്നിവ ഗ്രൂപ്പ് അടിസ്ഥാന

ത്തിലും സ്വകാര്യമേഖലയിലും വാങ്ങുന്നതിന് സഹായ പദ്ധതികൾ ആവിഷ്കരിക്കുക.

19. 3-ാം വിളയായി പയർ, ഉഴുന്ന്, പച്ചകറികൾ എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുക.

20. എല്ലാത്തരം കാർഷികോപകരണങ്ങളും വാങ്ങുന്നതിന് സഹായം ലഭ്യമാക്കുക.

21. തെങ്ങിനെ ബാധിക്കുന്ന കാറ്റുവിഴ്ച രോഗം നിയന്ത്രിയിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

22. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 15 വർഷത്തിന് മേൽ പ്രായമുള്ള തെങ്ങിന് 500 രൂപയും 15 വർഷത്തിന് താഴെ പ്രായമുള്ള തെങ്ങിന് 200 രൂപയും നഷ്ടപരിഹാരമായി നൽകുക. പകരം നടുന്നതിന് നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

23. സങ്കരയിനം തെങ്ങിൻ തൈകൾ വിതരണം നടത്തുക.

24. എല്ലാതെങ്ങുകൾക്കും രാസവളം സൗജന്യ നിരക്കിൽ വിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

25. കേരകൃഷിവികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കേരവികസന സമീതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.

26. സാമൂഹ്യകാടിസ്ഥാനത്തിൽ തെങ്ങുകൾക്ക് കേരവികസന സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.

27. ശാസ്ത്രീയകേരകൃഷിയെകുറിച്ച് കർഷകരെ ബോധവാന്മാരാക്കുവാൻ വിപുലമായ പരീശീലനപരിപാടികൾ ആവിഷ്കരിക്കുക.

28. രാസവളത്തിന് സബ്സിഡി ലഭ്യമാക്കുക.

29. തെങ്ങുവളനിർമ്മാണം പ്രോത്സാഹിപ്പിക്കുവാൻ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.

30. മണ്ണിരകമ്പോസ്റ്റ്, ജൈവകീടനാശിനികൾ എന്നിവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

31. ജൈവകൃഷിരീതികൾ പ്രചരിപ്പിക്കുകയും ഇതിനായി പരമ്പരാഗത കർഷകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

32. പഞ്ചായത്തിൽ കീടനാശിനി വിപണനകേന്ദ്രം ആരംഭിക്കുക.

33. മണ്ണ് പരിശോധന നടത്തുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന് കർഷകരെ ബോധവാന്മാരാക്കുകയും ചെയ്യുക.

34. ഇടവിള കൃഷിയായി വാഴ, കുരുമുളക്, മരച്ചീനി, ഇഞ്ചി, പൈനാപ്പിൾ, കമുക്, കശുമാവ്, പയർ എന്നിവയുടെ കൃഷി, വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

35. എല്ലാ വീടുകളിലും പച്ചക്കറിതോട്ടങ്ങൾ ആരംഭിക്കുന്നതിന് വിത്ത്, വളം, കീടനാശിനി, സങ്കേതിക ഉപദേശം എന്നിവ ലഭ്യമാക്കുക.

36. പച്ചകറി കൃഷി വികസിപ്പിക്കുന്നതിന് ഒരു കർഷകസമിതി രൂപികരിക്കുക.

37. കാർഷിക വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുക. വായ്പകൾ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

38. കാർഷിക വായ്പകളുടെ ദുരുപോയോഗം തടയുന്നതിന് നിലവിലുള്ള നിയമനടപടികൾ ആവശ്യമായ ഭേദഗതികളോടെ നടപ്പിലാക്കുക.

39. കാർഷികോൽപന്നങ്ങൾക്ക്, ഉല്പാദന ചിലവിന് അനുപാതികമായി താങ്ങുവികൾ നിശ്ചയിക്കുക.

40. ഇവ സഹകരണാടിസ്ഥാനത്തിൽ സംഭരഭിക്കുന്നതിനും, സംസ്കരിച്ച് വിപണനം നടത്തുന്നതിനും നടപടികൾ കൈകൊള്ളുക.

41. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ചാണകത്തിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഗോബർ ഗ്യാസ് (ബയോഗ്യാസ്) നിർമ്മിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾക്ക് പ്രചരിപ്പിക്കുക.

42. എലി നശീകരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക.

43. വിവിധ കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിന് പ്രദർശനതോട്ടങ്ങൾ കൃഷിഭവന്റെ സഹകരണത്തോട് കൂടി നടപ്പിലാക്കുക.

44. കാർഷിക പ്രദർശനങ്ങളും വിള മത്സരങ്ങളും സംഘടിപ്പിക്കുക.

45. പരമ്പരാഗതകർഷകരേയും, മാതൃക കർഷകരേയും അനുഭവങ്ങൾ മറ്റ് കർഷകരുമായി പങ്കുവെയ്ക്കുവാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുക.

46. യുവജനങ്ങളെ കാർഷിക മേഖലിയിലേക്ക് ആകർഷിക്കുവാൻ കർമ്മപരിപാടികൾ ആവിഷ്കരിക്കുക.

47. നൂതന കാർഷികമേഖലകളായ പുഷ്പകൃഷി, കൂൺകൃഷി, ഔഷധ സസ്യകൃഷി, ജൈവകൃഷി എന്നിവ വികസിപ്പിക്കുന്നതിനു പ്രചരിപ്പി

ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുക.

48. വിജ്ഞാനവ്യാപാരരംഗം വിപുലപ്പെടുത്തുന്നതിന് കൃഷി വികസന ഉദ്യോഗസ്ഥന്മാരുടെ കർഷക സമ്പർക്ക പരശീലന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക.

49. ശാസ്ത്രീയ കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന് കാർഷിക സെമിനാറുകളും, ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

50. കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. രണ്ടു വാർഡുകൾക്ക് ഒരാൾ എന്ന അനുപാതത്തിൽ കൃഷി ഭവനുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുക.

51. കൃഷി ഭവനുകളുടെ പ്രവർത്തനം വിജ്ഞാന വ്യാപനമേഖലയിൽ കേന്ദ്രീകരിക്കുക.

52. കൃഷി ഭവനകളുമായി ബന്ധപ്പെട്ട വിവിധ കാർഷിക വികസന സമിതികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക.

53. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

54. വിവിധതരം മണ്ണുകളുടെ ഘടന പരിശോധിച്ച് അവയ്ക്ക് അനുയോജ്യമായ രീതിയിൽ കൃഷി രീതി അവലംബിക്കുക.

55. കൃഷി വകുപ്പിന്റെ "സന്ദർശന പരിശീല പരിപാടി" (TV Programme) പുനസ്ഥാപിക്കുക.

56. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിച്ചു വിപണനം നടത്തുന്നതിനും സഹകരണ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക.

57. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി പുനരാരംഭിക്കുക.

58. തേങ്ങയ്ക്ക് ന്യായമായ വില ലഭ്യമാക്കുക.

59. കശുമാവ് പൂക്കുമ്പോഴുള്ള രോഗം തടയാൻ നടപടി സ്വീകരിക്കുക.

60. ചക്ക, മാങ്ങ, മുതലായവ സംസ്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

61. കൃഷിവകുപ്പ് മുഖേന കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കർഷകരെ യഥാസമയം അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

62. കൊയ്ത്ത്യന്ത്രം, മെതിയന്ത്രം, പവർടില്ലർ എന്നിവ (4 കൊയ്ത്ത്, മെതിയന്ത്രവും, 2പവർടില്ലറും സർവ്വീസ് സംഘം മുഖേന അടിയന്തിരമായി വാങ്ങാൻ നടപടി സ്വീകരിക്കുക.

63. ഇന്നുള്ള രാസവളം ഡിപ്പോകൾക്ക് പുറമെ (മുത്താന, മാവിൻ മൂട്) പനയറ, മുട്ടപ്പാലം, കോവൂർ എന്നീ പ്രദേശങ്ങളിൽ മൂന്ന് രാസവളം ഡിപ്പോകൾ കൂടി തുടങ്ങാൻ ചെമ്മരുതി സർവ്വീസ് സഹകരണ സംഘം അടിയിരമായി നടപടി സ്വീകരിക്കുക.

64. പ്രലോയഗിരി പനയറതോട് റവന്യൂറിക്കാർഡ് പ്രകാരം ഉള്ള വീതിയിൽ പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

നിർമ്മാണ പ്രവർത്തനങ്ങൾ

1. ഞെക്കാടു കുളത്തിൽ നിന്നുള്ള തോട് കെട്ടി പമ്പ് സെറ്റ് സ്ഥാപിക്കുക.

2. പുന്നയ്ക്കാട് ഏലാത്തല്യ്ക്കൽ നടുതോടിൽ ബെന്റഡ് ക്രേഡ്ബാർ നിർമ്മിക്കുകയും, പുന്നയ്ക്കാട് ഏല, മങ്കാട് മൂല, ചെമ്മരുതി ഏലാ എന്നിവയ്ക്ക് ജലസേചന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

3. ചെമ്മരുതി ഏലായിലെ പാറവിളകുളം മുതൽ മങ്കാട് മൂലവരെ നടുത്തോട് കെട്ടി ജലസേചന യോഗ്യമാക്കുക.

4. പൊട്ടകുളം മുതൽ മങ്കാട് മൂല വരെയുള്ള കരത്തോട് ജലസേചന യോഗ്യമാക്കുക.

5. മൂലവട്ടം (ചെമ്മരുതി) കുളം, മുളയടിവാരം നീരുറവ ചേന്നൻകോട്, നീരുറവ, പാറവിളകുളം എന്നിവ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കുക.

6. പോത്തൻകോട് ഇറിഗേഷൻ ടാങ്ക് വൃത്തിയാക്കി പമ്പസെറ്റ് സ്ഥാപിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

7. പിച്ചകശ്ശേരി കുളത്തിലും ചടയന്റെ തൊടികുളത്തിലും പമ്പ്സെറ്റ് സ്ഥാപിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കുക.

8. കല്ലണയിൽ കന്നുകാലികളെ ഇറക്കികുളിപ്പിക്കുന്നതിന് റാമ്പ് നിർമ്മിക്കുക.

9. പിമ്പകശ്ശേരി ഏലത്തോട് പുനരുദ്ധരിച്ച് ജലസേചനയോഗ്യമാക്കുക.

10. പനയറ പേരിട്ടക്കാവ് വാതുക്കൽ കമ്പകെട്ട് ഭാഗത്ത് നടപ്പാലം നിർമ്മിക്കുക.

11. കല്ലണക്ക് സമീപം ഒരു തടയണ (ചെക്ക് ഡാം) നിർമ്മിച്ച് ജലസേചനത്തിനും, കുടിവെള്ളത്തിനും ഉപയോഗപ്പെടുത്തുക.

12. മാന്ത്രിയാം കോണം കുളം വിസ്തൃതി കൂടി പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷി ഉപയുക്തമാക്കുക.

13. വേലം കോണം കുളം വൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കുക.
14. വേലൻ കോണത്ത് ട്രാക്ടർ ഇറക്കുവാൻ റാമ്പ് നിർമ്മിക്കുക.
15. മാന്ത്രികംകോണം പോരിട്ടക്കാവ് തോട് പുനരുദ്ധരിക്കുക.
16. പ്രാലേയഗിരി കുളം ഭിത്തി കെട്ടി സംരക്ഷിച്ച് പമ്പുസെറ്റ് സ്ഥാപിക്കുക, പ്രേലേയഗിരി തോട് വൃത്തിയാക്കുക.
17. പാണന്റെ വാതുക്ക (പാനയറ ഏലായുടെ തലക്കാർ) ഒരു വലിയ കുളം സ്ഥാപിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.
18. പനയറ നടുതോടിന്റെ ബാക്കി പണികൾ അടിയന്തിരമായി ചെയ്യുക.
19. മാമ്പഴവാതുക്കൾ കുളവും പാണന്റെ വാതുക്കൾ ഉള്ളകുളവും പുനരുദ്ധിരിക്കുക. മാമ്പഴ വാതുക്കൽ കുളത്തിൽ പമ്പസെന്റ് സ്ഥാപിക്കുക.
20. ഏറയിൽ ഈസ്റ്റ്, ആനയടി, കല്ലുവാതുക്കൾ, [illegible]കുളത്തുവാതുക്കൾ, കുളത്തിൽവാതുക്കൾ [illegible]ക്കുന്നത് വാതുക്കൾ, ചെറുകോട് വാതുക്കൾ [illegible]തൊടി കോളനി, പനയറ തെക്കതിൽ [illegible]ക്കൾ, കീഴതിൽ വാതുക്കൾ എന്നിവിട [illegible]ൽ ട്രാക്ടർ കൺവർട്ടറുകളും, നടപ്പാല [illegible]ളും സ്ഥാപിക്കുക.

    പുളിച്ചിയിൽ വാതുക്കൾ, പാണന്റെ വാതുക്കൾ, ചെറുകോട് വാതുക്കൾ, എന്നിവിടങ്ങളിൽ ക്രോസ് ബാർ നിർമ്മിക്കുക.
22. പനയറ ചിറക്കോണം കുളം പുതുക്കി പണിഞ്ഞ് പമ്പ്സെറ്റ് സ്ഥാപിക്കുക.
23. വേലൻകോണം, മാന്ത്രിയാംകോണം എന്നീ ഏലകളിൽ നിന്നുവരുന്ന വെള്ളം പനയറ നടുതോടിൽ ഒഴുകി കളയുന്നതിന്ള്ള സംവിധാനം ഉണ്ടാക്കുക.
24. പനയറ ഏലായിലെ സംരക്ഷണത്തിന് വേണ്ടി ഇരുകരകളിലും സംരക്ഷണ ഭിത്തികെട്ടുക.
25. ഊറ്റ് കുഴിയിൽ നിന്ന് വെള്ളം കൃഷിക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ് കരിക്കുക.
26. ഊറ്റ്കുഴി കുളം മെയിന്റനൻസ് ചെയ്യുക.
27. ശ്രീനിവാസപുരം ഹരിജൻ കോളനിയിൽനിന്ന് ഇടമനയ്ക്കലേക്ക് പോകുന്ന തോട് വൃത്തിയാക്കി കുളിക്കടവ് കെട്ടി ഉപയോഗയോഗ്യമാക്കണം.
28. മുട്ടപ്പലം ഏലായിലെ രണ്ടു കരതോടുകളുടെ വെള്ളമൊഴുക്ക് സുഗമമാക്കണം.
29. മുട്ടപ്പലം നടുത്തോട് വീതി കൂട്ടുക.
30. മുട്ടപ്പലം ഇറിഗേഷൻ കുളം പുനരുദ്ധരിച്ച് ആഴംകൂട്ടി പമ്പ്സെറ്റ് സ്ഥാപിക്കണം.
31. ചിറവിള-കുംഭക്കാട് ഏലാ പടിഞ്ഞാറ് കാരത്തോട് ജലസേചന യുക്തമാക്കുക.
32. കോവൂർ ഏലാ തോടുകളുടെ അരുക് കെട്ടി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക, ക്രോസ് ബാറുകൾ നിർമ്മിക്കുക.
33. മാരിക്കാട്ടുകോണം തോപ്പിൽ ഏലായിലും പമ്പ്സെറ്റ് സ്ഥാപിക്കുക.
34. പഞ്ചായത്തിലെ എല്ലാ ഏലായിലും ട്രാക്ടറും ട്രില്ലറും ഇറക്കുന്നതിന് റാമ്പുകൾ സ്ഥാപിക്കുക.
35. കോവൂർ ഏലായുടെ മുകൾ അറ്റത്തുള്ള കുളത്തിന്റെ ആഴം കൂട്ടുകയും പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.
36. നിലവിലുള്ള ആർ. കെ. എം. യു. പി. എസ്. കുളം, ഭൂതത്താൻകോണം കുളം എന്നിവ പുതുക്കി പണിയുകയും പമ്പുസെറ്റ് സ്ഥാപി ക്കുകയും ചെയ്യുക.
37. തെങ്ങിൻ തോട്ടങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
38. വഴികൾ വന്ന് അവസാനിക്കുന്ന തോടുകളിൽ സ്ലാബുകൾ സ്ഥാപിക്കുക.

പച്ചക്കറി ഗ്രാമം

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം വർക്കല ബ്ലോക്കിലെ ഏക പച്ചക്കറി ഗ്രാമമായി ചെമ്മരുതി പഞ്ചായത്തിനെ തിരഞ്ഞെടുത്തിരിക്കുന്നു. പച്ചക്കറി ഗ്രാമത്തിന്റെ ഉത്ഘാടനം പനയറ ഗവ: എൽ. പി. എസ്. -ൽ വച്ച് ശ്രീ. എ. അലിഹസൻ M.L.A. നിർവ്വഹിച്ചു. പച്ചക്കറി ഉല്പാദന രംഗത്ത് പഞ്ചായത്തിനെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യമാണ് ഈ മഹത്തായ സംരംഭത്തിനുള്ളത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള എല്ലാ സഹായ സഹകരണങ്ങളും സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഈ പദ്ധതിയുടെ പ്രായോഗികത സമഗ്രമായി വിലയിരുത്തി പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക ഗ്രാമമായ ചെമ്മരുതിയിലെ ഉപ ജീവനമാർഗ്ഗത്തിൽ രണ്ടാം സ്ഥാനമാണ് കന്നുകാലി വളർത്തലിനുള്ളത്. മൂന്നാം പദ്ധതിക്കാലത്ത് ആരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പദ്ധതിമൂലമുണ്ടായ ക്ഷീരോല്പാദന വർദ്ധനവ് നമ്മുടെ പഞ്ചായത്തിനെയും കാര്യമായി സ്വാധീനിച്ചു. ഇവിടെയുള്ള കന്നുകാലികളിൽ 60% -ൽ കൂടുതൽ സങ്കരവർഗ്ഗത്തിൽപ്പെട്ടവയാണ്. പാലിന്റെ ആളോഹരി ലഭ്യതയിൽ വർദ്ധനവുണ്ടായെങ്കിലും അത് 200 ഗ്രാം എന്ന ലക്ഷ്യം നേടുന്നതിൽ ഇനിയും വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ചെറുകിട കർഷകരെ വളരെയധികം ആകർഷിക്കുന്ന ഒരു മേഖലയായി ആടു വളർത്തൽ മാറിയിരിക്കുന്നു എന്നത് ആടുകളുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ് സൂചിപ്പിക്കുന്നു.

മുട്ടക്കോഴികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ആളോഹരി രണ്ടിൽ ഒന്ന് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും മാംസോൽപ്പാദന രംഗത്ത് ആളോഹരി ലഭ്യത 15 ഗ്രാം എന്ന ലക്ഷ്യം സ്വായത്തമാക്കുന്നതിനും നമുക്കിതുവരെയും സാധിച്ചിട്ടില്ല.

പേ വിഷബാധ ചെമ്മരുതിയിലെ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ഇവിടെ കന്നുകാലി കണക്കെടുപ്പുപ്രകാരം കണക്കനുസരിച്ച് ഇവിടെ 2805 നായ്ക്കളുണ്ട്. ഇതിൽ പകുതിയിലധികവും അലഞ്ഞ് നടക്കുന്നതും പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടില്ലാത്തവയുമാണ്.

നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഇനവും എണ്ണവും താഴെക്കൊടുക്കുന്നു.

ദൗർലഭ്യത, പശു വളർത്തലിൽ നിന്നുള്ള കുറഞ്ഞ ആദായം, മോശപ്പെട്ട കന്നുകുട്ടി പരിചരണം, പ്രസവങ്ങളുടെ ഇടവേളകളിലെ ദൈർഘ്യം തുടങ്ങിയവ ക്ഷീരോല്പാദന ക്ഷമതയെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്മൂലം അമിത വിലക്ക് തീറ്റസാധനങ്ങൾ വാങ്ങി കൊടുക്കേണ്ടി വരിക, പോഷണക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ, വന്ധ്യത, അകിടുവീക്കം ഇവയെല്ലാം പാലുല്പാദന രംഗത്തെ കൂടുതൽ പിറകോട്ട് നയിക്കുന്നു.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സംഘങ്ങൾ ഞെക്കാട്, തച്ചോട് എന്നിവടങ്ങളിലായുണ്ട്. കൊഴുപ്പ്, SNF ഇവയെ ആധാരമാക്കിയാണ് ഇവിടങ്ങളിൽ പാലിന് വില നിശ്ചയിക്കുന്നത്. ഈ രീതി കർഷകർക്ക് ആദായകരമല്ലാതകുന്ന അവസ്ഥയിൽ അവർക്ക് മറ്റ് രണ്ട് സ്വകാര്യപാൽസംഭരണ വിതരണ സ്ഥാപനത്തെ ആശ്രയിക്കേണ്ടിവരുന്നു. ഇതും അവർക്ക് ആദായകരമല്ല.

മാംസോല്പാദനം : ഇവിടെ മാംസത്തിന്റെ വിപണി അസംഘടിതമാണ്. അംഗീകൃത കശാപ്പ് ശാലകളില്ല. മറ്റ് സമീപപഞ്ചായത്തുകളിൽ നിന്നുമാണ് കൂടുതലും മാസം ഇവിടെ കൊണ്ട് വന്ന് വിലക്കപ്പെടുന്നത്. ഇറച്ചി കോഴികളുടെ വില്പന കേന്ദ്രങ്ങൾ പ്രധാനമായും നാലിടങ്ങളിലുണ്ട്. എങ്കിലും മാംസോല്പാദനരംഗത്ത് പഞ്ചായത്ത് ഏറെ പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു.

മുട്ടയുല്പാദനം

വീട്ടുമുറ്റത്തെ കോഴിവളർത്തലാണ് ഇവിടെ പ്രചാരത്തിലുള്ളത്. വ്യവസായി കൂടി സ്ഥാനത്തിലുള്ള മുട്ടകോഴി വളർത്തൽ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ലെങ്കിലും സ്വകാര്യ മുട്ട വിപണനകേന്ദ്രങ്ങൾ രണ്ട് ഇടങ്ങളിലുണ്ട്. മുട്ടയുടെ വ്യാവസായികാടിസ്ഥാനത്തിൽ മുട്ടകോഴി വളർത്തൽ കേന്ദ്രങ്ങൾ വ്യാപകമായ് ആരംഭിക്കേണ്ടതാണ്.

കാള	കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ					
നാടൻ	വംശ വർദ്ധനവ	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി	ആന
40	4	394	575	557	2400	901	3	8	22	4342	2805	ഇല്ല

(അവലംബം: ദ്വിതീയ വിവരശേഖരണം)

ക്ഷീരോല്പാദന മേഖല

കന്നുകാലികളുടെ വർഗ്ഗസങ്കരം മെച്ചപ്പെടുത്തുന്നതിന് നമ്മുടെ പഞ്ചായത്തിൽ തച്ചോട് മൃഗാശുപത്രിയോട് ചേർന്നുള്ള കേന്ദ്രവും കൂടാതെ മുത്താനയിൽ മറ്റൊരു കേന്ദ്രവും നിലവിലുണ്ട്. എങ്കിലും കൂടുതൽ മെച്ചപ്പെട്ട സങ്കരവർഗ്ഗങ്ങളെ സൃഷ്ടിക്കാനുള്ള മാർഗ്ഗങ്ങൾ ഇവിടങ്ങളിൽ ലഭ്യമല്ല. വിദഗ്ദ്ധങ്ങളുടെ

തൊഴിലവസരങ്ങൾ

പ്രധാനമായും സ്ത്രികൾക്ക് ഏർപ്പെടാൻ പറ്റിയ

തൊഴിലുകളാണ് കാലിവളർത്തൽ, കോഴിവളർത്തൽ മുതലായവ. ഇവിടെ ഈ തൊഴിലിൽ ഏർപ്പെടുന്നവരിൽ 70% ഉം സ്ത്രീകളാണെന്നസത്യം പ്രശംസാർഹമാണ്. ഈ മേഖലയിൽ നിന്നും പരോക്ഷമായി ലഭിക്കുന്ന വ്യാപാരം, ഉൽപന്ന സംസ്കാരണം, തീറ്റ ഉൽപാദനം എന്നിവയിൽ നിന്നും അധിക തൊഴിലവസരങ്ങൾ ലഭിക്കുന്നു. എല്ലാ വിഭാഗത്തിൽപെട്ട കർഷകർക്ക് വളർത്തുന്നുണ്ടെങ്കിലും ചെറുകിട കർഷകർക്ക് ഈ തൊഴിൽ ഒരു പ്രശ്നമായ് മാറിയിരിക്കുന്നു.

വളർത്തുപക്ഷികളുടെ എണ്ണം

പൂവൻകോഴി	പിടക്കോഴി		താറാവ്	
	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ
3603	10201	5762	24	103

അവലംബം : ദ്വിതീയവിവരശേഖരണം

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് ബീജസങ്കലനം വേണ്ടിവരുന്നവ
പശു	2973	1414	420
കിടാരി	447	411	100
എരുമ	11	-	-

പ്രശ്നങ്ങൾ

1. മൃഗസംരക്ഷണ കേന്ദ്രത്തിലേക്കുള്ള ദൂരക്കൂടുതൽ കാരണം കന്നുകാലികളെ സമയത്ത് എ.ഐ. നടത്തുന്നതിന് സാധിക്കുന്നില്ല. പശുക്കളെ കാളയ്ക്ക് വിടുന്നതിനാൽ ഗുണമേന്മ ഉണ്ടാക്കുവാൻ സാധിക്കുന്നില്ല.
2. കന്നുകുട്ടികളെയും, വറ്റുകാലത്ത് പശുക്കളെയും സംരക്ഷിക്കുന്നതിന് കർഷകർ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
3. പ്രത്യുത്പാദശേഷി വർദ്ധിപ്പിക്കുന്നതിന് ഇപ്പോഴുള്ള മൃഗസംരക്ഷണ സ്ഥാപനങ്ങളിലെ സേവനം അപര്യാപ്തമാണ്.
4. രോഗങ്ങൾ മൂലം വളരെയധികം ഉത്പാദന നഷ്ടം സംഭവിക്കുന്നു.
5. ക്ഷീരോത്പാദന ശേഷി കൂടുതലുള്ള മാടുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൂടുതൽ ചെറുകിട കർഷകർക്ക് ഈ രംഗത്തേയ്ക്ക് വരാൻ സാധിക്കുന്നില്ല.
6. തീറ്റയ്ക്കും ഫോഡറിനും ക്ഷാമം നേരിടുന്നു. ഇത് പ്രത്യുത്പാദനശേഷിയും ക്ഷീരോത്പാദനശേഷിയും പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
7. ഇവിടെ ഉൽപാദിപ്പിക്കുന്ന പാലിന് അനുസൃതമായി വിപണി സൗകര്യം ഇല്ല. ഉത്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ന്യായമായ വില കർഷകനും ലഭിക്കുന്നില്ല.
8. കോഴികുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് തീറ്റയുടെ ഭൗർബല്യം അധിക മുടക്കുമുതൽ എന്നിവ കാരണം കൂടുതൽ പേർ ഇറച്ചികോഴി വളർത്തൽ മുട്ടക്കോഴി വളർത്തൽ രംഗത്തേയ്ക്ക് വരാൻ മടികാണിക്കുന്നു.
9. വളർച്ചാനിരക്ക് കൂടിയ ആട്ടിൻകുട്ടികളുടെ ദൗർബല്യം പച്ചിലകിട്ടുവാനുള്ള ബുദ്ധിമുട്ട് എന്നീ കാരണങ്ങളാൽ വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ സാധിക്കുന്നില്ല.
10. രോഗവിമുക്തമായ കന്നുകാലികളിൽ നിന്നുള്ള ഭക്ഷ്യയോഗ്യമായ മാംസം ലഭിക്കുന്നില്ല.
11. അധികമുടക്കുമുതൽ, തീറ്റയുടെ വിലകൂടുതൽ എന്നിവകാരണം വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ ലാഭകരമല്ല.
12. പല പ്രതിബന്ധങ്ങളേയും നേരിടേണ്ടിവരുന്നതിനാൽ ക്ഷീരോൽപന്ന രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നില്ല.
13. വിപണന സാദ്ധ്യതയുടെ കുറവ് വൻ മുടക്ക്മുതൽ തീറ്റയുടെ വിലകൂടുതൽ ഇവകാരണം വ്യാവസായികാടിസ്ഥാനത്തിൽ മാംസം, മുട്ട ഉത്പാദനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിയുന്നില്ല.
14. പേവിഷ രോഗ പ്രതിരോധത്തിന് കുത്തിവയ്ക്കുന്ന വാക്സിന് വിലകൂടുതൽ.
15. തെരുവ് നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് പരിശീലനം കിട്ടിയവരുടെ അഭാവം.
16. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര താത്പര്യം കാട്ടുന്നില്ല. ലൈസൻസ് നിർബന്ധമാക്കുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

1. എ.ഐ സൗകര്യം കർഷകന്റെ വീടുപടിക്കൽ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഒരോ 500 പശുക്കൾക്കും ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം സ്ഥാപിക്കുക.
2. പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ദുർബലവിഭാഗങ്ങൾക്ക് കന്നുകുട്ടി പരിപാലത്തിനും കന്നുകാലി തീറ്റയ്ക്കും വേണ്ട വായ്പയും സഹായധനവും നല്കുക.
3. മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് സംരക്ഷണം നൽകുക. ഉത്പാദന ക്ഷമത ഇല്ലാത്തവയെ തിരസ്കരിക്കുകയും ചെയ്യുക.
4. കർഷകന് താല്പര്യമുള്ള വർഗ്ഗം കന്നുകുട്ടികളെ ഉത്പാദിപ്പിക്കുന്നതിന് വേണ്ടി ഈ പഞ്ചായത്തിലെ

മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ നല്ല വർഗ്ഗത്തിൽപ്പെട്ട കാളകളുടെയും ബീജും എപ്പോഴും ലഭ്യമാക്കേണ്ടതാണ്.

5. കന്നുകാലികളിലെ ഭ്രൂണമാറ്റ സങ്കേതിക വിദ്യയുടെ പ്രയോജനവും ഈ പഞ്ചായത്തിൽ ലഭ്യമാക്കുക.

6. മൃഗാശുപത്രിയുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക.

8. വിലയേറിയ മരുന്നുകളും ദൗർലഭ്യമുള്ള മരുന്നുകളും മൃഗാശുപത്രിയിൽ എപ്പോഴും ലഭ്യമായിരിക്കണം.

9. കർഷകർക്ക് പ്രത്യേകിച്ചും ദുർബല വിഭാഗങ്ങളിൽ പെട്ടവർക്ക് ശാസ്ത്രീയ രീതിയിൽ കാലിതൊഴുത്ത് നിർമ്മിക്കുന്നതിന് വായ്പയോ സഹായധനമോ ലഭ്യമാക്കണം.

10. രോഗം വന്ന് കന്നുകാലി മരണപ്പെടുകയോ ഉല്പാദന ക്ഷമത നഷ്ടപ്പെടുകയോ ചെയ്താൽ നഷ്ടം നികത്താനായി ഇൻഷ്വറൻസ് പരിരക്ഷ നൽകേണ്ടതും ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് പ്രിമിയം തുകയിൽ ഇളവ് അനുഭവിക്കേണ്ടതുമാണ്.

11. ക്ഷീരോല്പാദനശേഷി കൂടുതൽ ഉള്ള വർഗ്ഗം ആടുകളെ ഉല്പാദിച്ച് വിതരണം ചെയ്യുന്നതിന് ആട്ടിൻ കുട്ടികളെ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുകയും വേണം.

12. പ്രാദേശിക ലഭ്യമായ ഇതര അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സഹായസഹകരണം രൂപികരിക്കണം.

13. പച്ചപുൽ ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സഹകരണ സംഘങ്ങൾ വഴി തരിശുഭൂമിയിൽ ഫോഡർ കൃഷി ചെയ്യേണ്ടതാണ്.

14. സംഘങ്ങളിൽ സംഭരിക്കുന്ന പാലിൽ ഒരു വിഭാഗം സന്നദ്ധ സംഘടനകൾ വഴിയോ, സർക്കാർ ഏജൻസികൾ വഴിയോ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ബാക്കിവരുന്ന പാൽ ക്ഷീരോൽപ്നങ്ങളാക്കി മാറ്റി സൂക്ഷിച്ച് വിതരണം ചെയ്യാൻ ക്ഷരസഹകരണ സംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും സാമ്പത്തിക സഹായം നൽകുക.

15. ചെമ്മരുതിയിൽ പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഒരു ഹാച്ചറി സ്ഥാപിച്ച് കർഷകർക്ക് ആവശ്യമുള്ള കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യണം.

16. വളർച്ചാ നിരക്ക് കൂടുതലുള്ള അട്ടപ്പാടി ബ്ളാക്ക് പ്രസവത്തിൽ കൂടുതൽ ഉള്ള മലബാരി ആടു എന്നിവ വ്യാപിക്കുന്നതിനുവേണ്ടി ചെമ്മരുതിയിൽ ഒരു പ്രജനന കേന്ദ്രം ആരംഭിക്കണം.

17. ഗുണനിലവാരമുള്ള മാംസം ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് വേണ്ടി ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കുകയും, മാംസം ഭക്ഷ്യയോഗ്യമാണ് എന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷിപ്പെടുത്തിശേഷം വിതരണം നടത്തുകയും ചെയ്യുക.

18. വീട്ടുമുറ്റത്തെ കോഴിവളർത്തലിനാവശ്യമായ കുഞ്ഞുങ്ങളെ ഇവിടെ തന്നെ ഉൽപാദിച്ചു വിതരണം ചെയ്യേണ്ടതും 100-200 മുട്ടകൾ വിരിയ്ക്കാൻ സാധിക്കുന്ന ഇൻകുബേറ്റർ വാങ്ങാൻ സഹായം നൽകേണ്ടതാണ്.

19. പൊതുമേഖലയിലോ, സഹകരണ മേഖലയിലോ ഹാച്ചറി സ്ഥാപിച്ച് ഇറച്ചി കോഴികുഞ്ഞുങ്ങളെയും, മുട്ടകോഴികുഞ്ഞുങ്ങളേയും ആവശ്യത്തിന് ഉൽപാദിക്കാൻ നടപടി സ്വീകരിക്കുക.

20. ചെറുകിട കർഷകർക്ക് കറവ മാടിനെ വാങ്ങാൻ വായ്പയും സബ്സിഡിയും അനുവദിക്കണം.

21. ചെറുകിട കർഷകർക്ക് പണം മുടക്കുകുറഞ്ഞതും സ്ഥലം കുറച്ച് മാത്രം ആവശ്യമുള്ളതും ആട്, കോഴി, താറാവ്, കാട, മുയൽ, പന്നി എന്നിവയുടെ വളർത്തുന്നതിനാവശ്യമായ വായ്പ സാങ്കേതികസഹായം, ചികിത്സാ സൗകര്യം എന്നിവ ലഭ്യമാക്കേണ്ടതാണ്.

22. പേവിഷബാധ മൂലമുണ്ടാകാവുന്ന പ്രശ്നങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാകുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഘുലേഖകൾ വിതരണം ചെയ്യുകയും വിഡിയോ പ്രദർശനം, ചർച്ചാക്ലാസുകൾ സംഘടിപ്പിക്കേണ്ടതും ആണ്.

23. ഈ പഞ്ചായത്തിലെ മുഴുവൻ നായ്ക്കളേയും സൗജന്യമായി കുത്തിവയ്ക്കുന്നതിനുള്ള വാക്സിൻ ലഭ്യമാക്കണം.

24. തെരുവ് നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് തത്വര നടപടികൾ സ്വീകരിക്കണം.

25. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നത് കർശനമാക്കണം. നായ്ക്കൾക്ക് നിർബന്ധമായി പ്രതിരോധ കുത്തിവയ്പ് നടത്തണം.

26. പ്രത്യേക കന്നുകുടി പരിപാലന പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുക.

27. പടർന്ന് പിടിക്കാൻ സാദ്ധ്യതയുള്ള കാലിവസന്ത, കുളമ്പ് രോഗം എന്നിവയെ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധകുത്തിവയ്പ്പ് വ്യാപകമായി നടപ്പിലാക്കണം

28. ചെറുകിട കർഷകർക്ക് നാമമാത്രമായ ആദായം ലഭിക്കുന്നതിനും പോഷക നിലവാരം ഉയർത്തുന്നതിനും ഉപ തൊഴിൽ എന്ന നിലയിലും ആടുവളർത്തുന്നതിന് സാമ്പത്തിക സഹായം നൽകണം.

★

വിദ്യാഭ്യാസം

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചിരുന്ന നിലത്തെഴുത്ത് ആശാൻമാരിലും കുടിപ്പള്ളിക്കൂടങ്ങളിലും നിന്നാണെന്നു പറയാം. ശ്രീനാരായണ ഗുരുവിന്റെ അവസാന കാലത്തെ പ്രവർത്തന കേന്ദ്രമായിരുന്ന വർക്കലയുമായുള്ള സാമീപ്യം, വിദ്യാഭ്യാസപരവും സാമുദായികവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾ ചെമ്മരുതി പഞ്ചായത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ ഇടയാക്കി. ഗുരുദേവൻ നേരിട്ടു സ്ഥാപിച്ച ശിവഗിരി ഹൈസ്ക്കൂൾ ഈ പഞ്ചായത്തിന്റെ അതിർത്തിയോടു തൊട്ടാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഈ സ്ക്കൂളിനെ മാത്രമാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത്. പ്രൊഫസർ എൻ. കൃഷ്ണപിള്ള, മുൻ മുഖ്യമന്ത്രി ആർ. ശങ്കർ, കുറ്റിപ്പുഴ പരമേശ്വരൻ, കെ. എൻ. പണിക്കർ തുടങ്ങി അതി പ്രശസ്തരായ പല അദ്ധ്യാപക പ്രമുഖരുടേയും ശിഷ്യരാകാൻ അന്നു ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കു ഭാഗ്യം ലഭിക്കുകയുണ്ടായിട്ടുണ്ട്.

ചെമ്മരുതി പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ പുരോഗതിക്കു ഉണർവ്വ് നല്കാൻ സഹായിച്ചിട്ടുള്ള പല മഹദ് വ്യക്തികളുടേയും പേരുകൾ എടുത്തു പറയേണ്ടതായിട്ടുണ്ട്. ഇതിൽ ആദ്യം സ്മരിക്കേണ്ട പേരാണ് ശ്രീനിവാസപുരത്തു താമസിച്ചിരുന്ന കോഴഞ്ചേരി സ്വദേശിയായ ശ്രീമാൻ ജോൺസാർ ഇൻഡ്യൻ സ്വാതന്ത്രലബ്ധിക്ക് മുൻപ്തന്നെ ഈ പഞ്ചായത്തിൽ മാതൃകാ കൃഷിഫാമും കന്നുകാലി വളർത്തലും തേനീച്ച വളർത്തലിൽ പരിശീലനവും അതിനുപരി കൈത്തറി നെയ്ത്തുശാലയും ഇദ്ദേഹം നടപ്പിലാക്കിയിരുന്നു. ഈ പ്രദേശത്ത് ക്രിസ്ത്യൻ മിഷനറിമാരുടെ വരവും വിദ്യാഭ്യാസപരവും മതപരവുമായ പ്രവർത്തനങ്ങൾക്ക് കാരണഭൂതനായതും ഇദ്ദേഹം തന്നെ. ശ്രീനിവാസപുരത്തിനടുത്തുള്ള കണ്വാശ്രമത്തിൽ താമസിച്ചിരുന്ന ഹോളണ്ട് സ്വദേശിയായ ജി. എച്ച്. മീസ്, ജോൺ റീഡ് തുടങ്ങിയവരുടെ കാർഷികവും വിദ്യാഭ്യാസപരവും സാമൂഹികമായ പരിഷ്കരണ ശ്രമങ്ങളും ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ട്.

ലോകാരാദ്ധ്യനായ നടരാജ ഗുരു അദ്ദേഹത്തിന്റെ ശിഷ്യരായ ഗുരു നിത്യചൈതന്യയതി, മുനി നാരായണ പ്രസാദ് തുടങ്ങിവർ ആദ്ധ്യാത്മികവും വിദ്യാഭ്യാസ പരവുമായ മഹത് ഗ്രന്ഥ രചനയിലൂടെയും പ്രസംഗ പരമ്പരകളിലൂടെയും ലോക വിദ്യാഭ്യാസ രംഗത്തിന് നൽകിയ സംഭാവനകൾക്ക് പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ശ്രീനാരായണ ഗുരുകുലമാണ് ഈറ്റില്ലമായത്. നടരാജ ഗുരുവിനാൽ സ്ഥാപിതമായ പഴയ ഗുരുകുലങ്ങളുടെ മാതൃകയിലുള്ള ഈ ആശ്രമം ചെമ്മരുതി പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലക്ക് കൈവന്ന ഒരു മഹാപുണ്യമത്രേ. ഇങ്ങനെ പലവിധ കാരണങ്ങളാൽ സ്വാതന്ത്ര്യ സമ്പാദനത്തിന് മുൻപ് തന്നെ വിദ്യാഭ്യാസരംഗത്ത് ചെമ്മരുതിയിൽ ഒരുണർവ് പ്രകടമായിരുന്നു എന്ന് പറയാം.

പ്രശസ്ത പണ്ഡിതനും നാടകകൃത്തും സർവ്വേപരി അദ്ധ്യാപകരുടെ അദ്ധ്യാപകനുമായ പ്രൊ. എൻ. കൃഷ്ണപിള്ളസാറിന് അറിവിന്റെ ആദ്ധ്യക്ഷരങ്ങൾ പഠിക്കുന്നതിനായി ഉപകരിച്ചത് ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മുത്താന ഗവണ്മെന്റ് പ്രൈമറി സ്ക്കൂൾ. ഈ സ്ക്കൂളിലെ ആദ്യ വിദ്യാർത്ഥിയെന്ന ഖ്യാതിയും എൻ. കൃഷ്ണപിള്ള സാറിനാണ്. ഈ പഞ്ചായത്തിലെ ആദ്യകാല സർക്കാർ പ്രൈമറി സ്കൂളായ ശ്രീനിവാസപുരം ഗവൺമെന്റ് ലോവർ പ്രൈമറിസ്കൂൾ ശ്രീനവാസറാവു എന്ന മഹാൻ സംഭാവനചെയ്ത സ്ഥലത്താണ് ഇന്ന് പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ വ്യക്തിമാഹിത്മ്യം കൊണ്ടാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിനു ശ്രീനിവാസപുരം എന്ന പേരുതന്നെ വരാൻ കാരണം. അതുപോലെതന്നെ ഈ പഞ്ചായത്തിലെ ആദ്യത്തെ ഹരിജൻ കോളനി സ്ഥാപിച്ചുകൊടുത്തതും ശ്രീനിവാസപുരത്തുതന്നെയാണ്. മഹാനായ അന്തരിച്ച ഗോവിന്ദൻ ജഡ്ജിയുടെ ശ്രമഫലമായി സ്വന്തമായ സ്ഥലം ഹരിജനങ്ങളുടെ ഉന്നതിക്കുവേണ്ടിമാത്രം ലക്ഷ്യമാക്കിപ്രവർത്തിച്ച ആ മഹാത്മാവിനെയും ഈ പഞ്ചായത്തിലെ ജനങ്ങൾ സ്മരിക്കപ്പെടും. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം തുടർന്നുവരുന്ന പനയറ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് സ്ഥലം സംഭാവന നൽകിയതും തൃപ്പോരിട്ടക്കാവ് ദേവസ്വമാണ്. ഈ പ്രദേശത്തിന്റെ അക്ഷരത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിച്ച ഗുരുക്കന്മാർ മറ്റു പ്രദേശങ്ങളിലും അറിയപ്പെട്ടവരായിക്കുന്നു. പ്രൊ. എൻ. കൃഷ്ണപിള്ള, പനയറ ശ്രീവാസത്തുവീട്ടിൽ രാമകൃഷ്ണക്കുറുപ്പ്, താഴത്തുവീട്ടിൽ, നാരായണനുണ്ണിത്താൻ, ശ്രീനിവാസപുരത്ത് കുറ്റിപ്പുഴ പരമേശ്വരൻപിള്ള, ജോൺസാർ കീഴതിൽ വീട്ടിൽ നാരായണനുണ്ണിത്താൻ കെ. ആറുമുഖൻ ചെട്ടിയാർ, കോവൂർ പുത്തൻവീട്ടിൽ വേലുപ്പിള്ള എന്നിവർ ഇവരിൽ പ്രമുഖരാണ്.

വിദ്യാലയസൗകര്യങ്ങൾ

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	വിസ്തീർണ്ണം	ആഫീസ് മുറി	സ്റ്റാഫമുറി	ലബോറട്ടറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	ഗവ. LPS ശ്രീനിവാസപുരം	50	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
2.	ഗവ. LPS പനയറ	50	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
3.	ഗവ. LPS മുത്താന	50	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
4.	SNVLPS ചെമ്മരുതി	120	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5.	AMLPS കോവൂർ	100	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
6.	RKMLPS മുത്താന	150	ഉണ്ട്	ഉണ്ട്	ഭാഗികം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	SNVHS പനയറ	286	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഭാഗികം	ഉണ്ട്

പനയറ, ചെമ്മരുതി (സ്വകാര്യ) കോവൂർ (സ്വകാര്യ) മുത്താന ത്രീതിവാസപുരം എന്നിവടങ്ങളിൽ പ്രൈമറി സ്കൂളുകളും മുത്താന (സ്വകാര്യ) അപ്പർ പ്രൈമറി സ്കൂളും പനയറ (സ്വകാര്യ) ചാവടിമുക്കിൽ ഒരു ഹൈസ്കൂളും നിലവിലുണ്ട്. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ ആദ്യമായി സ്ഥാപിതമായതും ശ്രീനിവാസപുരം ലോവർ പ്രൈമറി സ്കൂളുമാണ്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളും സ്വകാര്യ മാനേജുമെന്റ് നടത്തുന്ന ചാവടിമുക്കിൽ സ്ഥിതിചെയ്യുന്ന S.N.V.H.S ആണ്. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

തുടച്ചുമാറ്റാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത ഈ പഞ്ചായത്തിൽ ഇനിയും അപൂർവ്വമായിട്ടെങ്കിലും നിരക്ഷരർ ഉണ്ടെന്നുള്ള വസ്തുത അവശേഷിക്കുന്നു. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ നമുക്ക് ഈ പഞ്ചായത്തിലെ സന്നദ്ധ സംഘടനകളും വായനശാലാ പ്രവർത്തകരും ശാസ്ത്രസാഹിത്യ പരിഷത്തുകാരും നൽകിയ സേവനം പ്രശംസനീയമാണ്. വൈ. എം. എ. ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് പ്രവർത്തകരുടെ ഇതിലേയ്ക്കുള്ള സേവനം എടുത്തു പറയത്തക്കതാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ ഈ പഞ്ചായത്തിൽ 5 ട്യൂട്ടോറിയൽ കോളേജുകളും 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും 15 അങ്കണവാടികളും

പട്ടിക 1

ക്രമ നമ്പർ	സ്ക്കൂളിന്റെപേർ	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	SNV LPS ചെമ്മരുതി	എയിഡഡ്	1561	162	318	1	8	9
2.	AM LPS കോവൂർ	,,	145	122	267	–	9	9
3.	RKM LPS മുത്താന	,,	202	194	396	2	11	13
4.	Govt. LPS മുത്താന	സർക്കാർ	158	136	294	2	7	9
5.	Govt. LPS പനയറ	,,	134	134	268	3	5	8
6.	Govt. LPS ശ്രീനിവാസപുരം	,,	298	257	555	1	12	13
7.	SNVHS പനയറ	എയിഡഡ്	418	452	870	5	32	37

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരികരംഗത്തു ചെമ്മരുതി ഗ്രാമ പഞ്ചായത്ത് മുൻപന്തിയിൽ തന്നെയാണെന്ന് എടുത്തുപറയേണ്ടതാണ്. പഞ്ചായത്തിലെ നാലു വായന ശാലകളും, ഗ്രന്ഥശാലകളും വായനശീലം വളർത്തു വാനും വിജ്ഞാനം വികസിപ്പിക്കുവാനും സഹായകമാണ്. കുടത്തിൽ പനയറകലം പോഷിണി വായനശാല ഗ്രന്ഥശായുടെ പേരു എടത്തുപറയേണ്ടതായിട്ടുണ്ട്. അനേകം പുസ്തകളും 15 ആനുകാലിക പ്രസിദ്ധീകരണങ്ങളും 4 ദിനപത്രങ്ങളും ഉള്ള ഈ ഗ്രന്ഥശാല സി ഗ്രേഡിൽപ്പെടുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ഈ ഗ്രന്ഥശാല ഈ പഞ്ചായത്തിലെ മറ്റു ഗ്രന്ഥശാലകൾക്കും മാതൃകയാണ്. പ്രവർത്തരഹിതമായി കിടക്കുന്ന മറ്റു ഗ്രന്ഥശാലകളേയും പ്രവർത്തന യോഗ്യമാക്കിതീർക്കേണ്ടതുണ്ട്.

സാക്ഷരതാ പ്രവർത്തന രംഗത്തും ചെമ്മരുതി പഞ്ചായത്ത് ഏറെ സജീവമായിരുന്നു. 112 സാക്ഷരതാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. സ്ത്രീകൾ അടക്കമുള്ള ധാരാളം തൊഴിലാളികൾ പ്രായഭേദമന്യേ ഈ കേന്ദ്രങ്ങളിലൂടെ സാക്ഷരരായി തീർന്നിട്ടുണ്ട്. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും

4 വായനശാലകളും മുസ്ലിം മദ്രസ്സകളും വിശിഷ്യാ പ്രശസ്തമായ രീതിയിൽ നടന്നുവരുന്ന മന്നാനിയ്യ അറബിക് യൂണിവേഴ്സിറ്റിയും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ എഴുനൂറോളം കുട്ടികൾ സമീപ പഞ്ചായത്തുകളിലെ ഞെക്കാട്, പാളയംകുന്ന്, ശിവിഗിരി, നായറ എന്നിവിടങ്ങളിലെ ഹൈസ്ക്കൂളിൽ പഠിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ 500 ൽ പരം കുട്ടികൾ പരിസരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പഠനത്തിനുവേണ്ടി പോകുന്നതായി കണക്കാക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്. ഈ പഞ്ചായത്തിന്റെ അതിർത്തിയ്ക്കടുത്തു സ്ഥിതിചെയ്യുന്ന നാലു ഹൈസ്ക്കൂളുകൾ അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ, ജനന നിരക്കിലെ കുറവ്, സാമ്പത്തികമായ പിന്നോക്കാവസ്ഥ ഇവയൊക്കെ ഇതിനു മുഖ്യകാരണങ്ങളാണെന്നു പറയാവുന്നതാണ്. ലോവർ പ്രൈമറി

സ്ക്കൂളിലേയ്ക്കുള്ള ശരാശരി ദൂരം

തരം	ശരാശരി ദൂരം	പരമാവധി ദൂരം
ലോവർ പ്രൈമറി	1.8	2.5
അപ്പർ പ്രൈമറി	2.1	2.9
ഹൈസ്ക്കൂൾ	3	3.8

സ്ക്കൂളുകളിലേക്കുള്ള ദൂരം തൊട്ടടുത്ത സ്ക്കൂളുകളിലേക്ക് പോകുവാനും കുട്ടികളെ പ്രേരിപ്പിക്കുന്നു എന്നു പറഞ്ഞാലും തെറ്റില്ല.

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ആകെയുള്ള 98 അദ്ധ്യാപകരിൽ 84 പേർ സ്ത്രീകളാണ്. അദ്ധ്യാപകരിൽ നല്ലൊരു ഭാഗം വേണ്ടത്ര ഇൻസർവ്വീസ് ട്രെയിനിംഗിന് വിധേയരല്ല. സർക്കാരിന്റെ സമഗ്ര അദ്ധ്യാപക പരിശീലന പരിപാടിയുടെ ഭാഗമായി കുറച്ചുപേർ (എൽ. പി. വിഭാഗം ഒഴികെ) ഇതിനകം പരിശീലനം നേടിയിട്ടുണ്ട്. മിക്ക സ്ക്കൂളുകളിലും കളിസ്ഥലം ഇല്ലാത്തതുമൂലം കുട്ടികളുടെ കായിക പരശീലനം വേണ്ടത്ര നടക്കുന്നില്ല. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങളുടെ അപര്യാപ്തത ആഡിയോ വിഷ്വൽ ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്ത അദ്ധ്യപകരുടെ ക്ഷാമം ഇവയൊക്കെ ഈ പഞ്ചായത്തിലെ സ്ക്കൂൾ വിദ്യാർത്ഥികളുടെ കലാപരിപോഷണത്തിനു തടസ്സമായിരിക്കുകയാണ്. ഈ പഞ്ചായത്തിലെ സ്ക്കൂളുകളിലും പാചകപ്പുര ഉണ്ടെന്നുള്ളതു ശ്രദ്ധേയമാണ്. പി. റ്റി. എ. യുടെ സഹകരണം ഇക്കാര്യത്തിൽ ഏറെ സഹായിച്ചിട്ടുള്ളത് സ്മരണീയമാണ്.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലെങ്കിലും ചെമ്മരുതി പഞ്ചായത്തിലെ 37 ശതമാനം വിദ്യാർത്ഥികളും ഇപ്പോഴും വിദ്യാഭ്യാസപരമായി പിന്നോക്കമാണെന്നു കാണുന്നുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തു വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുവാനായി ആരംഭിച്ച വിദ്യാ ജ്യോതി ക്ലാസ്സുകൾ പഞ്ചായത്തിലെ സ്ക്കൂളുകളിലും നടത്തിവരുന്നു. ചെമ്മരുതി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ പനയറ SNVHS ലെ കഴിഞ്ഞ സ്ക്കൂൾ വർഷത്തിലെ SSLC വിജയ ശതമാനം ആശാവഹമല്ല. ശ്രീനിവാസപുരം ഹരിജൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ഹരിജൻ വെൽഫയർ സെന്ററിൽ കുട്ടികൾക്കു പരിശീലനം കൊടുത്തുവരുന്നു.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ പല സ്ക്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യത മിക്ക വിദ്യാലയങ്ങളിലും നിലനില്ക്കുന്നു.
3. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
4. സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിൽ ഉണ്ടായ പരാജയം.
5. സ്ക്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഗണ്യമായ അളവിൽ നിലനില്ക്കുന്നു.
6. പി. റ്റി. എ. യുടെ പ്രവർത്തനം തൃപ്തികരമല്ല.
7. കലാ കായിക അഭ്യാസത്തിനു പഞ്ചായത്തിൽ വേണ്ടത്ര സൗകര്യമില്ല.
8. അങ്കണവാടികളിൽ ആവശ്യത്തിനുള്ള പഠനോപകരണങ്ങളും കളിക്കോപ്പുകളും ഇല്ല.
9. സ്ക്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
10. യാത്രാ സൗകര്യം വേണ്ടത്ര ഇല്ലാത്തതിനാൽ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിൽ സമയത്ത് എത്തി ചേരുവാൻ അദ്ധ്യാപകരും വിദ്യാർത്ഥികളും നന്നേ വിഷമിക്കുന്നു.
11. കുട്ടികളെകൊണ്ടു തൊഴിലെടുപ്പിക്കാൻ നിയമം മൂലം നിരോധിച്ചിട്ടുള്ളത് ഫലപ്രദമായി നടന്നു കാണുന്നില്ല.
12. വിവിധ തലങ്ങളിൽ വിദഗ്ദ പരിശീലനം നേടിയിട്ടുള്ള അദ്ധ്യാപകരുടെ സേവനം പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും ലഭ്യമാക്കുന്നില്ല.
13. തോക്കാട്, പ്രാലേയഗിരി എന്നിവിടങ്ങളിൽ നിന്നും സ്ക്കൂളിൽ പോകുവാൻ 3 കിലോമീറ്റർ ദൂരം കൊച്ചുകുട്ടികൾ നടക്കേണ്ടിവരുന്നു.
14. അദ്ധ്യാപക രക്ഷാകർത്യ സംഘടനയുടെ കൂട്ടായ്മയുടെ അഭാവം.
15. സാമ്പത്തികമായും സാമൂദായികമായും പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്.
16. ചെമ്മരുതി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ ചെനയറ എസ്. എൻ. വി. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ അനുവദിക്കാത്തതിലുള്ള ബുദ്ധിമുട്ടുകൾ.
17. കക്കൂസ്, മൂത്രപ്പുര എന്നീ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഉള്ള സ്ക്കൂളുകളിൽ ഈ സൗകര്യം പരിമിതമാണ്.

സാദ്ധ്യതകളും പരിഹാരമാർഗ്ഗവും

1. എല്ലാ വിദ്യാലയങ്ങൾക്കും കുടിവെള്ളസൗകര്യം, ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കുക.
2. എല്ലാ വിദ്യാലയങ്ങളിലും അതിന്റെ നാനാമുഖമായ വികസനത്തിനുതകുന്ന വിദ്യാലായ സമിതികൾ രൂപീകരിക്കുക.
3. ഉച്ചക്കഞ്ഞിവിതരണം പൂർണ്ണമായി സർക്കാരിന്റെ നിയന്ത്രണത്തിലാക്കുക.
4. പഞ്ചായത്തുതലത്തിൽ സ്കൂൾ പി.റ്റി.എ. ഏകോപിച്ചു കൊണ്ടുള്ള പ്രവർത്തനം നടത്തണം.
5. എല്ലാ പ്രഥമികവിദ്യാലയങ്ങളോടും അനുബന്ധിച്ചു പ്രീപ്രൈമറി വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തുകയും മൂന്നുവയസ്സുമുതൽ 5 വയസ്സുവരെ പ്രയമുള്ള കുട്ടികൾക്കു പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
6. സ്കൂൾ പി.റ്റി.എ. മദർ പി.റ്റി.എ. എന്നിവ മാസത്തിൽ ഒരിക്കൽ വിളിച്ചുചേർക്കുകയും അക്കാഡമിക്ക് കാര്യങ്ങൾ ചർച്ചചെയ്യുകയും രക്ഷിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുക.
7. ഈ പഞ്ചായത്തിൽ ഞെക്കാടു ജംഗ്ഷനിൽ പ്രവർത്തിക്കുന്ന പുതിയ അങ്കണവാടിക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
8. പനയറ ഗവൺമന്റ് പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി സ്കൂൾ ആക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്യുക. പാചകപ്പുര പുതുക്കിപണിയുക.
9. ഈ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടിയ്ക്കു കെട്ടിടവും മറ്റും അത്യാവശ്യ സൗകര്യങ്ങളും ഉടനടി നടപ്പിലാക്കുക.
10. പനയറ ബാലവാടി കെട്ടിടം പുതുക്കിപണിഞ്ഞു ചുറ്റുമതിൽ നിർമ്മിക്കുക.
11. തോക്കാല പ്രാലേയഗിരിഭാഗത്തും ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുക.
12. പട്ടിയാരത്തും വിളയിൽ അപ്പർ പ്രൈമറി സ്കൂൾ അനുവദിക്കുക.
13. ശ്രീനിവാസപുരം വിളയിൽ അപ്പർ പ്രൈമറി സ്കൂൾ അനുവദിക്കുക.
14. ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയമായ ശ്രീനവാസപുരം ഗവൺമെന്റ് ലോവർപ്രൈമറി സ്കൂളിലെ പഴയ കെട്ടിടം മാറ്റി പുതിയ രണ്ടുനില കെട്ടിടം അത്യാവശ്യമായി നിർമ്മിക്കുക.
15. തച്ചോടു, മുട്ടപ്പലം എന്നീഭാഗങ്ങളിൽ അങ്കണ വാടികൾ അനുവദിക്കുക.
16. ഹരിജൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം നിർബന്ധമാക്കുക. അവർക്ക് യൂണിഫോം, പഠനോപകരണങ്ങൾ, ഉച്ചഭക്ഷണം എന്നിവ സൗജന്യമായി നൽകുക.
17. പനയറ S.N.V.H.S. വോക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ആയി ഉയർത്തുകയും പ്രിമെട്രിക് ഹോസ്റ്റൽ അനുവദിക്കുകയും വെറ്റിനറി, ആനിമൽഹസ്ബന്ററി, അഗ്രികൾച്ചർ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തുക.
18. സ്കൂളുകളിൽ ആവശ്യമുള്ളടത്ത് ലാബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുക.
19. എണാറുവിളഭാഗത്തും (ഹരിജനങ്ങൾ പാർക്കുന്ന) അംഗനവാടി സ്ഥാപിക്കുക.
20. എല്ലവിധ സ്കൂളുകളിലെയും നിയമനം പി.എസ്സ്. സി. യ്ക്കുവിടുക.
21. AMLPS -ൽ വൈദ്യുതി, പമ്പ്സെറ്റ്, എന്നിവ സ്ഥാപിക്കുക.
22. മുഞ്ഞാനകേന്ദ്രീകരിച്ച് ഹൈസ്കൂൾ സ്ഥാപിക്കുക.
23. സ്കൂൾ പരിസരത്തുള്ള റോഡിൽ അപകട സാദ്ധ്യത ബോർഡുകൾ സ്ഥാപിക്കുക.
24. തുടർ സക്ഷാരതാകേന്ദ്രങ്ങൾ ആരംഭിക്കുക.

"ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്ന പേർ കേട്ടാൽ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ"
- വള്ളത്തോൾ

പൊതുജനാരോഗ്യവും കുടിവെള്ളവും

ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളികളും

ശാരീരികവും മാനസികവും സാമൂഹ്യവും ആത്മീയവുമായ പൂർണാവസ്ഥയാണ് ആരോഗ്യം എന്നാണ് ലോകാരോഗ്യ സംഘടന നിർവഹിച്ചിരിക്കുന്നത്.

ജീവന്റെ നിലനിൽപ്പുതന്നെ പ്രധാനമായും ആരോഗ്യത്തെ ആശ്രയിച്ചാണ്. ജനതയുടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങൾ അവിടുത്തെ ശുദ്ധജലം, ശുദ്ധപരിസരംസ വൃത്തിയുള്ള പാർപ്പിടം, ജനസംഖ്യ, ജനനനിരക്ക്, അവിടുത്തെ സാക്ഷരത, ആയുർദൈർഘ്യം എന്നിവയാണ്.

രോഗം വന്നു ചികിത്സിക്കുന്നതോടൊപ്പം നല്ലത് രോഗം വരാതെ സൂക്ഷിക്കുക എന്നുള്ളതാണ്.

ആരോഗ്യമുള്ള ഒരു ജനതയുണ്ടെങ്കിൽ മാത്രമേ ആപ്രദേശത്ത് പുരോഗതിയും വികസനവും ഉണ്ടാകുകയുള്ളൂ. പോഷകാഹാരം, മാതൃശിശു സംരക്ഷണം, പ്രതിരോധ കുത്തിവയ്പ്പുകൾ, ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ ഇവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു സമഗ്ര ആരോഗ്യ പരിപാലന പദ്ധതിയ്ക്ക് രൂപം നൽകി വരികയാണ്. ഇതിന്റെ ഭാഗമായി ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ നടപ്പാക്കേണ്ട പദ്ധതികൾ ഗ്രാമതലത്തിൽ ചർച്ചചെയ്തു പ്രാവർത്തികമാക്കാൻ ശ്രമിയ്ക്കുകയാണ്.

പനയറ വില്ലേജാഫീസിനടുത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ അധീനതയിലുള്ള അലോപതി ആശുപത്രി ചെമ്മരുത്തി പഞ്ചായത്തിന്റെ പ്രധാന ആരോഗ്യകേന്ദ്രമാണ്.

1970-ൽ ചെമ്മരുത്തി പഞ്ചായത്തിൽ ഈ അലോപതി ആശുപത്രി സ്ഥാപിതമായി അന്ന് പഞ്ചായത്തിന്റെ ശ്രമഫലമായി സ്ഥാപിതമായ ആശുപത്രി സ്ഥിതിചെയ്തിരുന്നത്. ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലായിരുന്നു.

1970-ൽ പരേതനായ ടി.എ. മജീദ് എം.എൽ. എ.യുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അന്നത്തെ കേരളാ ആരോഗ്യവകുപ്പ് മന്ത്രി ശ്രീ. എം.കെ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

തുടർന്ന് ഒരു വർഷകത്തിനകം തന്നെ പനയറ തൃപ്പോരിട്ട കാവ് ഭഗവതി ക്ഷേത്രഭാരവാഹികൾ സൗജന്യമായി നല്കിയ ഒരേക്കർ ഭൂമിയിൽ നാട്ടുകാരുടെ സഹായത്തോടെ നിർമ്മിച്ച കെട്ടിടത്തിൽ ആശുപത്രി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഒരു പ്രൈമറി പി.എച്ച് സെന്ററായി പ്രവർത്തിച്ചു വരുന്നു.

ആയുർവേദാശുപത്രി

1990-ൽ പഞ്ചായത്തിന്റെ ശ്രമഫലമായി അനുവദിച്ച ആയുർവേദാശുപത്രി മുട്ടപാലം മനോവിലാസത്തിൽ ശ്രീ.മനോഹരൻ വാടക കൂടാതെ വിട്ടുതന്ന കെട്ടിടത്തിൽ ആശുപത്രി പ്രവർത്തനമാരംഭിച്ചു. പ്രസ്തുത ആശുപത്രി അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രി എ.സി. ഷൺമുഖദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ. വർക്കല രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

നാട്ടുകാർ സൗജന്യമായി നല്കിയ 25 സെന്റ് പുരയിടത്തിൽ ജെ..ആർ.വൈ. ഫണ്ട് ഉപയോഗിച്ച്

പട്ടിക 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ

ക്രമ നംബർ	ചികിത്സാ ക്രമം	സ്ഥിതിചെയ്യുന്ന സ്ഥലം	സ്വന്തം/ വടകയ്ക്ക്	കിടത്തിച്ചികിത്സയുള്ള കിടക്കകളുടെ എണ്ണം	സ്ഥാപിച്ച വർഷം
1.	അലോപ്പതി	പനയറ(ചെമ്മരുതി)	സ്വന്തം	16	1970
2.	ആയുർവേദം	മുട്ടപ്പാലം	സ്വന്തം	4	1990
3.	ഹോമിയോ ആശുപത്രി	പാളയംകുന്ന്	സ്വന്തം	4	1981

ചെമ്മരുത്തി പഞ്ചായത്ത് വികസന രേഖ

കെട്ടിടം നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചുവരികയാണ്.

ഹോമിയോ ആശുപത്രി

1991-ൽ ചെമ്മരുതി പഞ്ചായത്തിലേയ്ക്ക് അനുവദിച്ച് ഹോമിയോ ആശുപത്രി ആദ്യകാലങ്ങളിൽ വാടകെട്ടിടത്തിൽ പ്രവർത്തിച്ച് തുടങ്ങുകയും തുടർന്ന് പാളയം കുന്ന് രാസുവിലാസത്തിൽ ശ്രീ. പരമേശ്വരൻ അവർകൾ സൗജന്യമായി പഞ്ചായത്തിന് നൽകിയ 25 സെന്റ് സ്ഥലത്ത് പഞ്ചായത്ത് മുഖേന ജെ. ആർ.വൈ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് നൽകിയ കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരികയാണ്.

പലതരം രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ എം.എസ്.എസ്. പ്രവർത്തകരുടെ സേവനം വളരെ വിലപ്പെട്ടതാണ്.

നാട്ടുകാരുടെ ഏക ആശ്രയമായ ചെമ്മരുതി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിരമായി ഒരു ഡോക്ടർ ഇല്ലാത്തതിനാൽ ഇവിടുത്തെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതുകൊണ്ട് എട്ടും പത്തും കീലോമീറ്റർ ദൂരം സഞ്ചരിച്ച് സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കേണ്ട ഒരവസ്ഥയാണ് ഇന്നുള്ളത്. പാറപണി, കൂലിപണി, കൃഷി എന്നിവയാണ് ഈ നാട്ടിലെ മിക്കവരുടേയും തൊഴിൽ. പാറപണി

പട്ടിക 2 ക്രമ നമ്പർ	ആരോഗ്യസ്ഥാപനത്തിന്റെരേഖ	സ്ഥിതിചെയ്യുന്ന	ഉദ്യോഗസ്ഥരു	സ്വന്തം/വാടക	ഗവൺമെന്റ് പ്രൈവറ്റ്
1.	ശാരദ ആശുപത്രി	നടയറ	–	സ്വന്തം	പ്രൈവറ്റ്
2.	ലക്ഷ്മിവിഹാർ	മുട്ടപ്പലം	–	സ്വന്തം	പ്രൈവറ്റ്
3.	എം.വി.എം.	ചാവർകോട് ആശുപത്രി	–	സ്വന്തം	പ്രൈവറ്റ്
4.	കുടുംബക്ഷേമകേന്ദ്രം	കുന്നത്ത്മല	1	സ്വന്തം	ഗവൺ:
5.	കുടുംബക്ഷേമകേന്ദ്രം	തോക്കാട്	1	സ്വന്തം	ഗവൺ:
6.	കുടുംബക്ഷേമം കേന്ദ്രം	മുട്ടപ്പല്ലം	1	സ്വന്തം	ഗവൺ:
7.	കുടുംബക്ഷേമ കേന്ദ്രം	പാളയംകുന്ന്	1	സ്വന്തം	ഗവൺ

അവലംബം – പൊതുജനാരോഗ്യസർവ്വെ)

പട്ടിക 2-ൽ പറയുന്ന സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നത് കൂടാതെ ചെമ്മരുതി പഞ്ചായത്തിൽ നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. സർക്കാർ നിർമ്മിച്ച് നൽകിയ കെട്ടിടങ്ങളിൽ ആവശ്യമായ വൈദ്യുതിയോ വെള്ളമോ ലഭ്യമാകാത്തതു കൊണ്ട് ആരോഗ്യപ്രവർത്തകർ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ താമസിച്ച് പ്രവർത്തിക്കുന്നില്ല. 5000 ജനസംഖ്യയ്ക്ക് ഒരു ആരോഗ്യപ്രവർത്തകൻ എന്ന ക്രമത്തിൽ 6 ഫാമിലി വെൽഫെയർ സെന്ററുകൾ ഉണ്ടകേണ്ടതാണ്. എന്നാൽ 4 എണ്ണം മാത്രമേ അനുവദിച്ചു കിട്ടിയിട്ടുള്ളൂ.

കൂടാതെ പാരമ്പര്യ വൈദ്യൻ മാർ നടത്തിവന്നിരുന്ന പാരമ്പര്യ ചികിത്സാക്രമം ഇപ്പോഴും പഞ്ചായത്തിന്റെ പലഭാഗങ്ങളിലും പ്രവർത്തിച്ചു വരുന്നു.

എം.എസ്.എസ്. (മഹിളാ സ്വസ്ത് സംഘ്)

ആരോഗ്യരംഗത്ത് പ്രവർത്തിച്ചു വരുന്ന ഒരു കൂട്ടം പ്രവർത്തകരാണ് മഹിളാ സ്വസ്ത് സംഘ് എന്നറിയിപ്പെടുന്നത്. ഇവർ ഫാമിലി ഹെൽത്ത് സെന്ററിന്റെ കീഴിൽ ആരോഗ്യപ്രവർത്തകരെ സഹായിക്കുന്നു. പഞ്ചായത്തിലെ പൊതുജനാരോഗ്യ പരിപാലനത്തിൽ ഇവരുടെ സേവനം വിലപ്പെട്ടതാണ്.

നടക്കുന്നതിനിടയിൽ കണ്ണിന് അസുഖം സാധാരണയായ ഉണ്ടാകുന്നു. തക്കസമയത്ത് ചികിത്സ ലഭികാതെ പലർ കണ്ണിന് കാഴ്ച ശക്തിയില്ലാതെ കാലം കഴിച്ച കൂട്ടുകയാണ്.

യാത്രാ സൗകര്യം കുറഞ്ഞ ഈ പ്രദേശത്തുള ആൾക്കാരുടെ ചികിത്സയ്ക്ക് വേണ്ടി ഒരു നേ ചികിത്സാവിദഗ്ദ്ധനെ സ്ഥിരമായോ ഭാഗികമായേ നിയമിക്കേണ്ടതാണ്.

പഞ്ചയാത്തിലെ കക്കൂസുകൾ

ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 5960 വീടുക ഉണ്ട്. ഇവയിൽ 3905 വീട്ടുകാർ സ്വന്തമായി കക്കൂസുക ഉപയോഗിക്കുന്നുണ്ട്. ബാക്കി 2055 കുടുംബങ്ങൾ കക്കൂസുകൾ ഇല്ലാ. ഇത് മൂലം തുറസായ പ്രദേശങ്ങളി മല മൂത്ര വിസർജ്ജനം നടത്തുന്നത് കൊണ്ട് പലവി രോഗങ്ങളും പഞ്ചായത്ത് പ്രദേശങ്ങളിൽ കണ്ടുവരുന്

കക്കൂസുള്ള വീടുകളുടെ എണ്ണം

1.	സെപ്റ്റിക് ടാങ്ക്	2944
2.	ഇ. എസ്.പി ടൈപ്പ്	642
3.	മറ്റുള്ളവ	316
4.	കക്കൂസില്ലാത്തവീടുകൾ	2055
5.	ആകെ വീടുകൾ	5960

അവലംബം : പൊതുജനരോഗ്യസർവേ

തൊഴുത്ത്

കൃഷികൊണ്ട് ഉപജീവനം നടത്തുന്ന കുടുംബങ്ങളാണ് ചെമ്മരുതി പഞ്ചായത്ത് പ്രദേശങ്ങളിലുള്ളത്. അവർക്ക് കന്നുകാലികളെ വളർത്തുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ സാമ്പത്തിക ബുദ്ധിമുട്ട് കാരണം വേണ്ടത്ര ഉണ്ടാക്കുവാൻ കഴിയുന്നില്ല.

വീടിനോട് ചേർന്ന് തൊഴുത്തുള്ളവർ	1745
പ്രത്യേകിച്ച് തൊഴുത്തുള്ളവർ	2485
തൊഴുത്തില്ലാത്ത കുടുംബങ്ങൾ	1730

അംഗവൈകല്യം

	ആകെ അംഗവൈകല്യമുള്ളവർ	114
1.	അന്ധർ	31
2.	ബധിരർ	36
3.	മൂകർ	18
4.	ബധിര-മൂകർ	10
5.	ചലനവൈകല്യങ്ങൾ	49

അംഗവൈകല്യമില്ലാത്ത ഒരു തലമുറയാണ്ഐശ്വര്യപൂർണ്ണമായ ഒരു രാജ്യത്തിന്റെ സ്വപ്നം ആരോഗ്യപ്രവർത്തനങ്ങളുടെയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും സമഗ്രമായ പ്രവർത്തനത്തിന്റെ ഫലമായി അംഗവൈകല്യം ഉള്ള ഒരു ജനത നമുക്ക് കുറവാണ്. ജന്മാലാലുള്ള അംഗവൈകല്യം സംഭവിച്ചരാണ് കൂടുതലും. അംഗംവൈകല്യമുള്ളവർക്ക് ആവശ്യമായ ക്ഷേമപ്രവർത്തങ്ങൾ നൽകി അവരെ സമൂഹത്തിന്റെ ഒരു ഭാഗമായി കണക്കാക്കുകയും ചെയ്യേണ്ടതാണ്.

മന്ദബുദ്ധികൾ

ക്രമനമ്പർ	പ്രായം	എണ്ണം
1.	0 - 5 വയസ്സുവരെ	4
2.	6 - 10 ,,	6
3.	11 - 15 ,,	11
4.	16 ന് മേൽ	8
	ആകെ	29

PHC യിലെ രേഖകളിൽനിന്നും.

ജനനമരണങ്ങൾ

പഞ്ചായത്തിലെ ആകെ ജനസംഖ്യ 30051 ആണ് ഇതിൽ ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ 497

പഞ്ചായത്തിലെ ജനനനിരക്ക് : 1000 ന് 11.31 ആണ്

പഞ്ചായത്തിലെ മരണനിരക്ക് : 100 ന് 3.69 ആണ്.

ജനസാന്ദ്രത ഒരു ചരുരശ്ര കി. മി. ന്

സാക്ഷരതാനിരക്ക്:

സ്ത്രീകൾ പുരുഷൻമാർ

അവലംബം : ആരോഗ്യ സർവ്വെയിൽ നിന്ന്.

ജനനമരണനിരക്കുകൾ കുറയുവാനുള്ള പ്രധാനകാരണം സാക്ഷരതയിലുള്ള വർദ്ധനവും മെച്ചപ്പെട്ട ആരോഗ്യബോധവൽക്കരണത്തിന്റെയും നേട്ടമാണ്. പ്രതിരോധ കുത്തിവയ്പ്പുകൾ മൂലം ആറ് മാരകരോഗങ്ങൾ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട കുടുംബക്ഷേമപരിപാടിയുടെ ഫലമായി 2000 ആണ്ടോടുകൂടി ജനന നിരക്ക് 1000 ന് 21 ആയി കുറയ്ക്കണം എന്ന ലക്ഷ്യത്തേക്കാളുപരി നാം നേടിക്കഴിഞ്ഞു.പോഷകാഹാരത്തിന്റെ ആവശ്യകത ബോധവൽക്കണം മൂലം ജനനങ്ങളിലെത്തിയതും മെച്ചപ്പട്ട ആരോഗ്യസേവനങ്ങൾ നടപ്പിലാക്കിയതും മൂലം ആയൂർദൈർഘ്യം 74 ആയി വർദ്ധിക്കുകയും ചെയ്തു.

1996 നവംബർ 18- തീയതിവരെയുള്ള കണക്കു പ്രകാരം ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികൾ 497 ആണ്. ഇതിൽ പ്രതിരോധകുത്തിവയ്പ്പുകൾ നടത്തിയവർ 492 ഉം ആകെ ഗർഭിണികൾ 522 ഉം ആണ്.

പ്രതിരോധ പട്ടിക

കുട്ടികൾ	B.C.G.	D.P.T				പോളിയോ				D.T.				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
	393	323	317	408	241	323	317	408	241		481	Nil		393
	5													

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളിക ഒഴിച്ച ഗർഭിണികളുടെ എണ്ണം I-487 II -492, III -510.

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളിക കഴിച്ച കുട്ടികളുടെ എണ്ണം. I-1298, II-1022, III-577.

വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 1425

പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകൾ.

ക്രമനമ്പർ	വർഷം	ജനനം	മരണം	ചാപിള്ള
1.	1993	306	105	-
2.	1994	313	108	-
3.	1995	314	112	-
:.	18-1196	281	99	

പകർച്ച വ്യാധികൾ

പഞ്ചായത്തിൽ ഒരോ കാലയളവിലും ഉണ്ടായിട്ടുള്ള പകർച്ചവ്യാധികളുടെ കണക്ക്.

ക്രമനമ്പർ	വർഷം	ജലജന്യരോഗ			
1.	1991-94	256	15	12	-
2.	1994-95	196	43	8	-
3.	199596	68	21	9	-

ശുദ്ധജലത്തിന്റെ ദൗർലഭ്യം മൂലവും പരിസരമലീനികരണം മൂലവും തുറന്നായ പ്രദേശത്ത് മലമൂത്രവിസർജനം നടത്തുന്നതുകൊണ്ടും പലവിധ പകർച്ചവ്യാധികളും ഉണ്ടാകാറുണ്ട്. മലിനജലം കെട്ടിക്കിടക്കുന്നതുമൂലം കൊതുകുകൾ പെരുകുകയും മലമ്പനി, മന്ത്, മുതലായവ രോഗങ്ങൾ കൂടുതലായി പിടിപെടുകയും ചെയ്യുന്നു.

പ്രൈമറി ഹെൽത്ത് സെന്റർ ചെമ്മരുതി

യാത്രസൗകര്യം വളരെ കുറവുള്ള പ്രദേശത്താണ് ചെമ്മരുതി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്നത്. ഇവിടെ വർഷം 25000 നും 27000 നും ഇടയ്ക്ക് ആൾക്കാർ പലവിധ അസുഖങ്ങളുടെ ചികിത്സയ്ക്ക് വരുന്നു. കിടത്തി ചികിത്സ ഇല്ലാത്ത ഈ ആശുപത്രികൊണ്ട് ജനങ്ങൾക്ക് വലിയ പ്രയോജനമില്ലാത്ത അവസ്ഥയാണ്.

കുടുംബക്ഷേമപരിപാടി

കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി ചെമ്മരുതി പഞ്ചായത്ത് അതിർത്തിയിൽ താമസിക്കുന്ന 15 മുതൽ 44 വരെ പ്രായമുള്ള ദമ്പതിമാരുടെ (സ്ത്രീയുടെ പ്രായക്രമം) പട്ടിക ചേർക്കുന്നു.

ആകെ അർഹതയുള്ള ദമ്പതിമാർ	3511
കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവർ	2558
സ്വീകരിക്കാത്തവർ	923

പ്രതിവർഷരോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വർഷം	ഇൻപേഷ്യന്റ്	ഔട്ട് പേഷ്യന്റ്	തക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ
1992-93	-	5137	256	152	57	-	4672
93-94	-	5432	314	168	62	-	4888
94-95	-	6931	317	172	52	-	6387
95-96	-	7341	212	158	37	-	6934
ആകെ		24841	1099	650	211		22881

കുടുംബക്ഷേമപരിപാടി

ക്രമനമ്പർ	സ്ത്രീയുടെ പ്രായം	എണ്ണം
1	15 - 19 വയസ്സ്	64
2	20 - 24	676
3	25 - 29	1022
4	30 - 34	766
5	35 - 39	658
6	40 - 44	325

രോഗസംബന്ധമായ വിവരങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് സ്ഥായിയായി കണ്ടുവരുന്ന രോഗങ്ങളും രോഗബാധിതരുടെ കണക്കുകളും ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	രോഗത്തിന്റെ പേര്	എണ്ണം
1	രക്തസമ്മർദ്ദം	945
2	പ്രമേഹം	435
3	ക്യാൻസർ	12
4	കുഷ്ഠം	4
5	ക്ഷയം	36
6	ഹൃദ്രോഗം	226
	ആകെ	1658

PH സെന്റർ രേഖയിൽ നിന്ന്

അംഗൻവാടികൾ

ചെമ്മരുതി പഞ്ചായത്തിൽ 15 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഇവർ കുട്ടികളുടേയും അമ്മമാരുടെയും ആരോഗ്യത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ അംഗൻവാടി മുഖേന നടത്തിവരുു. കഇഉട ന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത അംഗൻവാടികൾ പ്രവർത്തിക്കുന്നത്, അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.

ക്രമനമ്പർ	വാർഡുനമ്പർ	അംഗൻവാടിസ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിടം
1	1	മാവിൻമൂട്	ഇല്ല
2	1	ഖാദി ജംഗ്ഷൻ	ഇല്ല
3	2	കുന്നത്തുമല	ഇല്ല
4	3	തറട്ട	ഉണ്ട്
5	3	തോക്കാട്	ഇല്ല
6	4	പട്ടിയാരത്തുംവിള	ഇല്ല
7	4	പ്രാലേയഗിരി	ഇല്ല
8	4	പനയറ	ഉണ്ട്
9	6	കോളനി	ഇല്ല
11	7	മാത്തുവിളാകം	ഇല്ല
12	9	വണ്ടിപ്പുര	ഉണ്ട്
13	10	കോവൂർ	ഇല്ല
14	11	ചാവടിമുക്ക്	ഉണ്ട്
15	11	മുത്താന	ഉണ്ട്

അവലംബം: അംഗൻവാടികളിൽ നിന്ന്

ആയുർവേദാശുപത്രി മുട്ടപ്പലം

പോരായ്മകൾ

24½ സെന്റ് അളവിലുള്ള ആശുപത്രി സ്ഥലം അളന്നു തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടേണ്ടതാണ്. സർക്കാരിൽ നിന്നും കിട്ടുന്ന തുകകൊണ്ട് മരുന്ന് വാങ്ങിക്കൊടുക്കാൻ സാധിക്കുന്നില്ല. ആശുപത്രി സൗഹൃദസമിതി മൂലം പണം പിരിച്ച് മരുന്നും പാത്രങ്ങളും വാങ്ങാൻ ശ്രമിക്കണം. ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകൾ നൽകുശ. കഷായങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചെമ്പുപാത്രങ്ങൾ വാങ്ങി ഈയം പൂശുക, കമ്പോണ്ടിംഗ് മേശ, ഔഷധങ്ങൾ സൂക്ഷിക്കുവാനള്ള അലമാര ഇവ ആവശ്യമാണ്. ആയുർവേദാശുപത്രിയിൽ വേണ്ട ജീവനക്കാരില്ല. ഡോക്ടറും മറ്റ് ജീവനക്കാരും സമയത്ത് ആശുപത്രിയിൽ

ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാളയംകുന്ന്

വർഷം	ഇൻപേഷ്യന്റ്	ഔട്ട് പേഷ്യന്റ്	തൊക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ
1992-93	6500	-	10%	50%	5.5%	-	35%
93 - 94	6000	-	15%	50%	10%	-	25%
94 - 95	6900	-	15%	60%	5%	-	30%
95 -96	6500	-	20%	50%	10%	-	20%

എത്തുന്നില്ല എന്നുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട്.

ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാളയംകുന്ന്

1981 ൽ ആശുപത്രി പ്രവർത്തനം തുടങ്ങി. സ്വന്തമായുള്ള കെട്ടിടത്തിലാണ് ആശുപത്രി ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.

ആകെ ഉദ്യോഗസ്ഥരുടെ എണ്ണം 4

വളരെ കുറഞ്ഞ പരിമിതികളോടെയാണ് പാളയംകുന്നിൽ ഹോമിയോ ആശുപത്രി ഇപ്പോഴും പ്രവർത്തിക്കുന്നത്. ചുറ്റുമതിൽ ഇല്ല. വൈദ്യുതി ഇല്ല. ആശുപത്രിയിലേക്ക് പോകുന്ന റോഡ് സഞ്ചാര യോഗ്യമല്ലാതെ കിടക്കുകയാണ്. കൂടാതെ ഈ സ്ഥാപനം ഒരു കിടക്കകളുൾ ആശുപത്രിയായി വികസിപ്പിയ്ക്കേണ്ടതാണ്. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ആവശ്യത്തിനുള്ള മരുന്നിന്റെ കുറവും സാധാരണ കണ്ടുവരുന്നു. രോകികളുടെ മുറിവുകൾ ഡ്രസ്സ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ കറണ്ട് ഇവ ലഭ്യമാക്കേണ്ടതാണ്. ചുറ്റുമതിൽ കെട്ടി സുക്ഷിക്കേണ്ടതാണ്. ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങൾ

1. പോങ്ങിൽ
2. കുന്നത്ത്മല
3. തറട്ട
4. തോക്കാട
5. ശ്രീനാവാസപുരം
6. എണാറുവിള
7. വണ്ടിപ്പുര
8. കോവൂർ ലക്ഷംവീട് കോളനി
9. മുത്താന ലക്ഷംവീട് കോളനി
10. അമ്പലത്തുംവിള ലക്ഷംവീട് കോളനി
11. കോവൂർ അംബേദ്ക്കർ കോളനി
11. കുളത്തുവിള കോളനി

അവലംബം : ആരോഗ്യ സർവ്വേയിൽ നിന്ന്

ഈ കോളനികളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ മുൻഗണന കൊടുത്ത് നടപ്പിലാക്കേണ്ടതാണ്.

കുടിവെള്ളക്ഷാമം, ആവശ്യമായ കക്കൂസുകളുടെ കുറവ്, പരിസര മലിനീകരണം കൊണ്ടുൾ അസുഖങ്ങൾ, താഴ്ന്ന വിദ്യാഭ്യാസ നിലവാരം എന്നിവ ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ കാര്യമായി ബാധിക്കുന്നു.

കോളനികളിലെ ജനങ്ങൾക്കാവശ്യമായ കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ആരോഗ്യ വകുപ്പിന്റെ സഹായത്തോട് കൂടി പട്ടികജാതി സങ്കേതങ്ങളിൽ ആവശ്യമായ ആരോഗ്യ വിദ്യാഭ്യാസം നൽകേണ്ടതാണ്. പോഷകാഹാരത്തിന്റെ ആവശ്യകത യെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. പരിസര ശുചീകരണം, വ്യക്തിശുചിത്വം മുതലായവ യെക്കുറിച്ച് ക്ലാസ്സുകൾ നടത്തണം.

ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രം

മണമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ ചെമ്മരുതി പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു പൊതുജനാരോഗ്യ സ്ഥാപനമാണ്. കോവൂർ, കുന്നത്തുമല, തറട്ട, ശ്രീനിവാസപുരം, തോക്കാട്, തച്ചോട്, എണാറുവിള എന്നീ കോളനി പ്രദേശത്ത് താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കൂട്ട ജനങ്ങളുടെ ആശാകേന്ദ്രമാണ് ഈ സ്ഥാപനം. കൂടാതെ കർഷകത്തൊഴിലാളികളും മറ്റു ജോലികളിലേർപ്പെട്ടിരിക്കുന്ന സാധാരണക്കാരും ഉൾക്കൊള്ളുന്നതാണ് ഈ പ്രദേശം.

കരിങ്കൽ തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആവശ്യകത വളരെക്കൂടുതലാണ്. എപ്പോഴും അപകടം പറ്റാവുന്ന ഒരു മേഖലയിലാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. പാറ പൊട്ടിപ്പ് മുഖാന്തിരം ശരീരത്തിന് തന്നെയും പലവിധ മുറിവുകൾ ഉണ്ടാകുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആൾക്കാർക്ക് കിടത്തി ചികിത്സിയ്ക്കാവുന്ന ഒരു സർക്കാർ സ്ഥാപനം ഈ പഞ്ചായത്തിലില്ല. ഈ മേഖലയിലുള്ളവർക്ക് വേണ്ടി ചെമ്മരുതി പ്രാഥമികാരോഗ്യകേന്ദ്രം25 കിടക്കകളോടുകൂടിയ ഒരു കമ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തേണ്ടതാണ്. ആശുപത്രി ജീവനക്കാർ നിശ്ചിത പ്രവർത്തി സമയങ്ങളിൽ കൃത്യമായും ഉണ്ടാകേണ്ടതാണെങ്കിലും നമ്മുടെ P.H.C യിൽ ഇത് പാലിക്കുന്നതായി കാണുന്നില്ല എന്നുള്ളത് മഹത്തായ ആതുര സേവനത്തോട് കാണിക്കുന്ന കടുത്ത അനീതിയാണ്.

ഇപ്പോൾ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്ന കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. ആശുപത്രിയ്ക്കാവശ്യമുള്ള ഫർണിച്ചറുകൾ മരുന്ന് സൂക്ഷിക്കുവാനുള്ള അലമാരകൾ, പണം സൂക്ഷിക്കുന്നതിനുള്ള സേഫ് ലോക്കറുകൾ മറ്റ് അത്യാവശ്യ ഉപകരണങ്ങളും നൽകേണ്ടതാണ്.

പാളയംകുന്നിൽ ഫാമിലി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്ന കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. മുട്ടപ്പലം സബ് സെന്ററിൽ രോഗികളെ കിടത്തി പരാശോധിക്കുന്നതിനും മറ്റുമുള്ള ഫർണിച്ചറുകൾ അനുവദിക്കുക. തോക്കാട്, കുന്നത്ത് മല, മുട്ടപ്പലം എന്നീ സബ് സെന്ററുകൾ താമസയോഗ്യമാക്കി ആവശ്യമുള്ള ഫർണീച്ചറുകൾ നൽകേണ്ടതാണ്. പി. എച്ച്. സെന്ററിലെ ജീവനക്കാരുടെ ഒഴിഞ്ഞ തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള ഭക്ഷണശാലകൾ ബേക്കറി, ഇറച്ചിക്കട, മാർക്കറ്റ് എന്നിവിടങ്ങളിലും സ്കൂൾ പരിസരങ്ങളിലും ആരോഗ്യ പരിശോധനകൾ ബന്ധപ്പെട്ട ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ നടത്തേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് ഹെൽത്ത് അധികാരികളുടെ പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം.

പൊതുജനാരോഗ്യ സംബന്ധമായ പ്രശ്നങ്ങളുടെ ഭാഗമായി കിണറുകളും കക്കൂസുകളും തമ്മിലുള്ള അകലം സംബന്ധിച്ച പരാതികൾ പതിവായി കണ്ടുവരുന്നതുകൊണ്ട് ആരോഗ്യ നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ആരോഗ്യാധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ കീഴിൽ പൊതു അറവുശാല പണിയുകയും മൃഗങ്ങളെ ആവശ്യമായ പരിശോധനക്ക് ശേഷം മാത്രമേ കശാപ്പു ചെയ്കയുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

പൊതു മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കുന്നതിനും മാലിന്യങ്ങൾ തക്കസമയത്ത് നീക്കം ചെയ്യേണ്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. മാർക്കറ്റുകളിൽ Dust Pan ചപ്പുചവറുകൾ നീക്കം ചെയ്യേണ്ടതാണ്. പാശ്ചാത്യ സംസ്ക്കാരം നാം അനുകരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സനാതന ധർമ്മം നഷ്ടപ്പെട്ടിരിക്കുന്നു. പാശ്ചാത്യ സംസ്കാരം അനുകരിക്കുന്ന ഒരു തലമുറയാണിന്നുമുള്ളത്. ലഹരിയിലാണ്ട് കിടക്കുന്നവർക്കുണ്ടാകുന്ന എയ്ഡ്സ് മുതലായ അസുഖങ്ങൾ ഇന്ന് നമ്മുടെ നാട്ടിലും കണ്ട് തുടങ്ങിയതായി പത്രമാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുന്നു. എയ്ഡ്സിനെതിരായ ബോധവൽക്കരണം നാം നടത്തേണ്ടതാണ്. കുടുംബ സംവിധാനത്തെക്കുറിച്ചുള്ള അറിവും നേട്ടവും കുട്ടികളെ വേണ്ട രീതിയിൽ വളർത്തിയെടുക്കുക എന്നുള്ള ഉത്തരവാദിത്വം അമ്മമാരിലാണ്.

അതുകൊണ്ട് സ്ത്രീകൾക്കായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പത്താം ക്ലാസ്സിനും അതിനുമുകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് വേണ്ട കുടുംബ സംവിധാനം സ്ക്കൂൾ തലത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് നടത്തേതാണ്.

കുടിവെള്ളം

ആഹാരം പാകം ചെയ്യുന്നതിനും വസ്ത്രങ്ങൾ കഴുകുന്നതിനും, കുടിക്കുന്നതിനും, കുളിക്കുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും ഉൾപ്പെടെയുള്ള ഒരു ജനതയുടെ ജീവന്റെ നിലനിൽപ്പിന് കുടിവെള്ളം ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ്. കുടിവെള്ളം ശുദ്ധമായതും ആവശ്യത്തിന് ലഭിക്കുകയും അണുവിമുക്തവും ആയിരിക്കണം. ഇപ്രകാരം സൂക്ഷിക്കുകയാണെങ്കിൽ ആശുപത്രികളിൽ പോകേണ്ട അവസ്ഥയിൽ നിന്നും നമുക്ക് ഏറെക്കുറെ മോചനം കിട്ടുന്നതാണ്.

ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

കുടുംബങ്ങളുടെ ജല സ്രോതസ്സ്

ഇനം	ജലസ്രോതസ്സ്	കുടുംബങ്ങൾ
1	സ്വന്തം കിണറുള്ളവർ	3741
2	അയൽക്കാരന്റെ കിണർ ഉപയോഗിക്കുന്നവർ	2835
3	പൊതുകിണർ	51
4	പൊതുകുളം	20
5	സ്വന്തം കുളം	ഇല്ല

അവലംബം: ആരോഗ്യ സർവ്വേ

1973 ൽ ശ്രീനിവാസപുരം ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചു. ഇത് വർക്കല ബ്ലോക്കിലെ രണ്ടാമത്തെ ശുദ്ധജലവിതരണ പദ്ധതിയാണ്. എന്നാൽ നാളിതുവരെയും ശ്രീനിവാസപുരം പദ്ധതിയല്ലാതെ മറ്റ് പ്രധാനപ്പെട്ട പദ്ധതികൾ തുടങ്ങുവാദ്ധ സാധിച്ചിട്ടില്ല. ഈ പദ്ധതികൊണ്ട് നമ്മുടെ പഞ്ചായത്തിലെ ചുരുക്കം വീട്ടുകാർക്കേ പ്രയോജനം ഉള്ളൂ. വീട്ടാവശ്യത്തിന് 158 കണക്ഷൻ പഞ്ചായത്തിൽ നിന്ന് കൊടുത്തിട്ടുണ്ട്. പൊതുടാപ്പുകൾ 154 ആണ്. പഞ്ചായത്തിന്റെ പല വാർഡുകളിലും ഇന്നും ജലദൗർലഭ്യം വളരെ കൂടുതലാണ്. നിലവിലുള്ള പദ്ധതിയിൽ നിന്ന് തന്നെ ആവശ്യത്തിന് ജലം കിട്ടുന്നില്ല. ചില പ്രദേശങ്ങളിൽ ആഴിചയിൽ മൂന്ന് ദിവസം മാത്രമാണ് ജലം പൈപ്പുവഴി കിട്ടുന്നത്. പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 5960 വീടുകൾക്കും ആവശ്യത്തിനുള്ള ശുദ്ധജലം ലഭിക്കുന്നില്ല.

പഞ്ചായത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ഇപ്പോൾ കുഴൽ കിണറുകളിൽ നിന്നും മറ്റ് സാധാരണ കിണറുകളിൽ നിന്നുമാണ് വെള്ളം ഉപയോഗിക്കുന്നത്. എന്നാൽ ആവശ്യത്തിന് ജലം കിട്ടാത്തതുകൊണ്ട് ജീവനക്കാർ ബുദ്ധിമുട്ടുകയും സ്ഥാപനങ്ങളിൽ സ്ഥിരതാമസം ബുദ്ധിമുട്ടാണ്.

കറന്റ്, ജലം, ഇവയില്ലാതെ പൊതു ജനങ്ങളും ബുദ്ധിമുട്ടി വരികയാണ്. ദൂരസ്ഥലങ്ങളിൽ നിന്നും ജലം തലച്ചുമടായി കൊണ്ടുവരുന്നത് കാണാം. ജലദൗർലഭ്യം പല സാംക്രമിക രോഗങ്ങളും പിടിപെടുന്നതായി ഗ്രാമസഭകളിൽ നിന്ന് അറിവായി.

ക്രമനമ്പർ	ജലസ്രോതസ്സിലേക്കുള്ള ദൂരം	കുടുംബങ്ങളുടെ എണ്ണം
1	0 -10 മീറ്റർ	2051
2	10 - 50 „	1688
3	50 - 100 „	1012
4	100 - 200 „	1074
5	200 - 500	635

മേൽപ്പട്ടികയിൽ നിന്നും ജനങ്ങൾ 500 മീറ്റർ വരെ ദൂരം ജലത്തിനായി പോകേണ്ടിയിരിക്കുന്നു. ഈ പട്ടികയിൽ 635 കുടുംബങ്ങൾ ഉൾപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ പൊതുകുളങ്ങൾ 20 എണ്ണം ഉണ്ട്. അത് പട്ടിക 14 ൽ വ്യക്തമാക്കുന്നുണ്ട്. കുളിക്കുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും ഈ കുളങ്ങളിൽ നിന്നും ചേരിപ്രദേശക്കാർ ജലം ഉപയോഗിക്കുന്നു.

കുടാതെ കുടിക്കുന്നതിനും ഉപയോഗിക്കുന്നതായി കാണുന്നു. ആയതുകൊണ്ട് പരിസരമലിനീകരണം കൊണ്ട് പൊതുകുളങ്ങ വൃത്തികേടാവാതിരിക്കാൻ ചുറ്റുമതിലുകൾ കെ സംരക്ഷിക്കേണ്ടതാണ്. ഒരു പൊതു തൊട്ടി മാത്ര ഉപയോഗിച്ച് വെള്ളം എടുക്കേണ്ടതാണ്. നമ്മു പഞ്ചായത്തിൽ പൊതുജനാരോഗ്യ പരിപാലനത്തിന് വർഷം 14700 രൂപ ചിലവാക്കുന്നു. ഇത് മൊത്ത ചിലവിന്റെ 1.89% ആണ്. നിലവിലുള്ള പൈപ്പ് ലൈനുക നീട്ടി പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കുടിവെള്ള എത്തിക്കേണ്ടതാണ്.

കുളങ്ങളുടെ എണ്ണം വിസ്തീർണ്ണമനുസരിച്ച്

വാർഡ്	10 സെന്റിന്	10 - 20	20 -30	30 - 40
1	-	-	5	-
2	-	1	4	-
3	-	1	-	-
4	-	-	2	-
5	-	-	-	-
6	-	-	-	-
7	-	-	1	-
8	-	-	-	1
9	-	-	1	-
10	-	-	1	-
11	-	1	2	-

ശുദ്ധജല വിതരണ സമ്പ്രദായം

ക്രമനമ്പർ	ഇനം	എണ്ണം
1	ബോർവെൽ വിത്ത് ഹാൻഡ് പമ്പ്	13
2	ബോർവെൽ വിത്ത് മോട്ടോർ	-
3	ശുദ്ധജല വിതരണ പദ്ധതികൾ	1 (ശ്രീനിവാസപുരം പദ്ധതി)
4	പൊതുടാപ്പ്	154 (ഇത് 1037 പേർ ഉപയോഗിക്കുന്നു)
5	വീട്ടാവശ്യങ്ങൾക്ക് വാട്ടർ കണക്ഷൻ	158
6	പഞ്ചായത്ത് കുഴൽ കിണർ	-
7	പഞ്ചായത്ത് കിണറുൾ	51
8	കുളങ്ങൾ	20
9	പുഴകൾ	1
10	കുളിക്കടവുകൾ	9
11	കിണറുകൾ	3741

വരവ് ചിലവ് കണക്കുകൾ

ചെമ്മരുതി പ്രൈമറി ഹെൽത്ത് സെന്റർ

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
190967	14997	274	1356	137	207731

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
25143					25143

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
22255					22255

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
44412					44412

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
139461	12077	934	1518		154170

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
60696				577	61273

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
41118					41118

PAY	WAGES	OFFICE EXPENSE	OTHER CHARGES	TRAVEL ALLOWANCE	TOTAL
32608					32608

വരവ് ചിലവ് കണക്കുകൾ

ആയുർവേദാശുപത്രി

1992 - 93

Salary	-	1185552
Wages	-	8260
O/E	-	763
M/S	-	3700
T.A.	-	1067
Total	-	132342

1993 - 94

Salary	-	132228
Wages	-	11518
O/E	-	362
M/S	-	4200
T.A.	-	180
Total	-	148497

1994 - 95

Salary	-	165663
Wages	-	14231
O/E	-	376
M/S	-	3534
T.A.	-	462
Total	-	184266

1995 - 96

Salary	-	173645
Wages	-	15059
O/E	-	215
M/S	-	2100
Total	-	190984

ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാളയംകുന്ന്

വരവു ചിലവു കണക്കുകൾ

1995 - 96

Total - 1358.00

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പ്രശ്നങ്ങൾ

1. ഇപ്പോൾ നടന്ന് വരുന്ന നാല് ഫാമിലി വെൽഫെയർ സെന്ററിന്റേയും പ്രവർത്തനം തൃപ്തികരമല്ല.
2. ജീവനക്കാർ പതിവായി ഗൃഹസന്ദർശനം നടത്തുന്നില്ല.
3. പി. എച്ച്. സെന്ററിൽ ആവശ്യമുള്ള ജീവനക്കാരില്ല.
4. സ്ഥിരമായി ഒരു ഡോക്ടറില്ല.
5. ജനങ്ങളുടെ ആവശ്യത്തിനുള്ള മരുന്ന് കിട്ടുന്നില്ല.
6. കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങൾ പഞ്ചായത്ത് പ്രദേശങ്ങളിൽ കൂടുതലുണ്ട്.
7. ആയുർവേദ ആശുപത്രിയിൽ സ്ഥിരമായ ഡോക്ടറില്ല.
8. മരുന്ന് ആവശ്യത്തിന് കിട്ടുന്നില്ല.
9. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ആയുർവേദ ആശുപത്രിയിലില്ല.
10. ഹോമിയോ ആശുപത്രിയിൽ കൃത്യമായി ജീവനക്കാരെത്തുന്നില്ല.
11. ചെമ്മരുതി P.H.C. യിൽ പ്രവർത്തന സമയങ്ങളിൽ ജീവനക്കാർ ഹാജരാകുന്നില്ല. പ്രവർത്തന സമയം: മെഡിക്കൽ ഓഫീസർ - 8 AM to 12 , 2 to 4 PM (സബ് സെന്ററുകളിൽ). ഉച്ചയ്ക്കുശേഷം യാതൊരു സേവനവും ഈ ആശുപത്രിയിൽ നിന്നും ലഭിക്കുന്നില്ല.
12. ചികിത്സാസൗകര്യത്തിനായി 12 കിലോമീറ്ററിലധികം ജനങ്ങൾ യാത്ര ചെയ്യേണ്ടി വരുന്നു.
13. കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി പഞ്ചായത്തിലില്ല.
14. മിക്ക ആൾക്കാരും സ്വകാര്യ ആശുപത്രികളിലാണ് ചികിത്സ തേടുന്നത്.
15. കുടിവെള്ളത്തിനായി ജനങ്ങൾ 500 മീറ്റർ വരെ യാത്ര ചെയ്യേണ്ടിവരുന്നു.
16. കുടിവെള്ളക്ഷാമമുണ്ടായാൽ സാധാരണയായി ടാങ്കർ ലോറിയിൽ നിന്നാണ് ജലം ലഭ്യമാകുന്നത്.
17. പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനുള്ള സ്ഥിരം മാർഗ്ഗം ഇല്ല.

18. എണാറുവിള, മുട്ടപ്പലം, ചാവടിമുക്ക്, ശ്രീനിവാസപുരം, പാളയംകുന്ന് പ്രദേശങ്ങളിൽ വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

19. നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കി ഉപയോഗിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നില്ല.

20. പഞ്ചായത്തിലെ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ പോഷകാഹാരക്കുറവ് മൂലമുള്ള അസുഖങ്ങൾ കാണുന്നു.

21. തച്ചോട്, ചാവടിമുക്ക്, നടയറ എന്നിവിടങ്ങളിലെ മാർക്കറ്റുകളിൽ മലിനജലവും മലിനവസ്തുക്കളും കെട്ടിനിന്ന് ആൾക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

22. കൊതുക്, ഈച്ച എന്നിവയ്ക്കെതിരെ നശീകരണ പ്രവർത്തനങ്ങൾക്ക് താൽപര്യം കാട്ടുന്നില്ല.

23. അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നു.

24. പഞ്ചായത്തിലെ പൊതു കിണറുകൾ സംരക്ഷിക്കുന്നില്ല.

25. സാമ്പത്തിക ഭാരം മൂലം ജനങ്ങൾ കിണറുകൾ കുഴിക്കുന്നില്ല.

26. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം, കന്നുകാലികൾ വാഹനങ്ങൾ എന്നിവ കഴുകുന്നതുകൊണ്ടും പല കുളങ്ങളും മലിനമാകുന്നു.

27. ജലസംരക്ഷണം, ഉപയോഗം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടക്കുന്നില്ല.

28. അറവുശാലകൾ, പൗൾട്രി ഫാമുകൾ, ചന്ത എന്നിവിടെ മാലിന്യങ്ങൾ മൂലം പരിസര മലിനീകരണം ഉണ്ടാവുന്നു.

29. പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

30. 5-ാം വാർഡിൽ ഒരു പൊതുജനാരോഗ്യകേന്ദ്രം ഇല്ലാത്തതു ബുദ്ധിമുട്ടാകുന്നു.

31. 7-ാം വാർഡിലെ ആയുർവേദാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല.

32. വാർഡ് 3,7 എന്നിവിടങ്ങളിൽ നിന്ന് 1 കിലോമീറ്റർ ദൂരം വരെ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ടതുണ്ട്.

33. തറട്ടയിലേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

34. ഹരിജൻ കോളനികളിൽ മാലിന്യ വസ്തുക്കളുടെ വ്യാപനം നിമിത്തം അസുഖങ്ങൾ വർദ്ധിക്കുന്നു.

35. പഞ്ചായത്ത് പ്രദേശങ്ങളിൽ ചപ്പുചവറുകൾ ഇടാൻ പൊതു ഡസ്റ്റ്ബിന്നുകൾ സ്ഥാപിക്കാത്തതിന്റെ ബുദ്ധിമുട്ട്.

36. കടമ്പാട്ടുകോണം മത്സ്യമാർക്കറ്റിലെ മാലിന്യങ്ങൾ ആറ്റുവെള്ളത്തിൽ കലർന്ന് ജനങ്ങൾക്ക് ചൊറി മുതലായ അസുഖങ്ങളുണ്ടാകുന്നു.

സാധ്യതകൾ

1. ഫാമിലി വെൽഫെയർ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടി കൃത്യമായി നടത്താനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

3. പി. എച്ച്. സെന്ററിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

4. ജനങ്ങളുടെ ആശാകേന്ദ്രമായ ആശുപത്രിയിൽ ഒരു ഡോക്ടറെ സ്ഥിരമായി നിയമിക്കുക.

5. സർക്കാർ ആശുപത്രിയിൽ ജനങ്ങൾക്കാവശ്യമുള്ള മരുന്ന് ലഭിക്കുവാനുള്ള സംവിധാനമുണ്ടാക്കുക.

6. വേനൽക്കാലങ്ങളിൽ സാധാരണയായി പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കണ്ടുവരുന്ന കുടിവെള്ളക്ഷാമം ശുദ്ധജല പദ്ധതികൾ ആവിഷ്കരിച്ച് പരിഹരിക്കുക.

7. ആയുർവേദാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമാക്കുക.

8. ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമാക്കുക.

9. പഞ്ചായത്തിലെ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.

10. ഹോമിയോ ആശുപത്രിയിൽ ജീവനക്കാർ കൃത്യമായി എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

11. ചെമ്മരുതി പ്രൈമറിഹെൽത്ത് സെന്റർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.

12. സ്ഥിരമായട്ടോ ഭാഗികമായിട്ടോ അശുപത്രിയിൽ ഒരു നേത്ര വിദഗ്ധനെ നിയമിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

13. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ അവസ്ഥയിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുന്നത് നിയന്ത്രിച്ച് പി.എച്ച്. സെന്റർ 25 കിടക്കകളുള്ള ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക. ഒരു ലാബറട്ടറി ടെക്നീഷ്യനെ സ്ഥിരമായി നിയമിക്കുക. ആശുപത്രിയുടെ അപകടനിലയിൽ നിൽക്കുന്ന മേൽക്കൂര മാറ്റി സീലിംഗ് നടത്തേണ്ടതാണ്.

14. പഞ്ചായത്ത് പ്രദേശത്തെ ആരോഗ്യ പ്രവർത്തകർ സ്ഥിരമായി ഗൃഹസന്ദർശനം നടത്തി

ജനങ്ങൾക്കാവശ്യമായ സേവനം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തുക.

15. ഓരോ സീസണിലും കണ്ടുവരുന്ന ചെങ്കണ്ണ്, ചിക്കൻ പോക്സ്, വയറിളക്കരോഗങ്ങൾ മറ്റു പകർച്ചവ്യാധികൾക്കും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകരുമായി സഹകരിച്ച് നടപ്പാക്കേണ്ടതാണ്.

16. കക്കൂസില്ലാത്തവർക്ക് കക്കൂസ് ചെലവ് കുറച്ച് നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുകയും വരുമാനം കുറഞ്ഞവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ച് നൽകേണ്ടതാണ്.

17. പോഷകാഹാരത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്ത് പരിഹാരമാർഗ്ഗം കാണേണ്ടതുമാണ്. അകുടെ, എലിപ്പനി, മലേറിയ, പിള്ളവാതം ക്ഷയരോഗം എന്നീ രോഗങ്ങൾക്കെതിരെ ബോധവൽക്കരണം, പ്രതിരോധ കുത്തിവയ്പ്, സൗജന്യമായി മരുന്ന് നൽകൽ എന്നിവ ആരോഗ്യ പ്രവർത്തകർ നടത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

18. വേനൽക്കാലം വരെ കാത്തിരിക്കാതെ കുടിവെള്ളത്തിന് കാലേക്കൂട്ടി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

19. കിണറുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന്റെ ഭാഗമായി നിലവിലുള്ള ഭൂപരിധി എടുത്ത് കളഞ്ഞ് കുടുംബം ഒരു യൂണിറ്റായി എടുത്ത് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

20. ശുദ്ധജലത്തിനുവേണ്ടി കിണറുകളും കുഴൽക്കിണറുകളും നിർമ്മിക്കേണ്ടതാണ്.

21. കുഴൽക്കിണറുകളുടെ കേടുപാടുകൾ തീർക്കേണ്ടതും. തുരുമ്പ് വരാതെ പൈപ്പുകൾ സംരക്ഷിക്കേണ്ടതുമാണ്.

22. ആരോഗ്യസ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് സാമ്പത്തികസഹായം നൽകുന്നതോടൊപ്പം അവർ അത് കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

23. ആരോഗ്യസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രോഗ്രാമുകൾ ആവിഷ്കരിക്കുകയും പോരായ്മകൾ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുമാണ്.

24. പത്താം വാർഡിലെ F.W. Centre പ്രവർത്തിപ്പിക്കാൻ P.H. Centre മായി സഹകരിച്ച് ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

25. ഏഴാം വാർഡിലെ ആയുർവേദ ആശുപത്രിയെപ്പറ്റി ധാരാളം പരാതികൾ ഉള്ളതിനാൽ അവ പരിഹരിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിയ്ക്കേണ്ടതാണ്. പൊതുവെ എല്ലാ ആരോഗ്യസ്ഥാപനങ്ങളെപ്പറ്റിയും ഉള്ള പരാതികൾ പരിഹരിയ്ക്കാൻ വേണ്ടിയുള്ള നടപടികൾ എടുക്കേണ്ടതുമാണ്.

26. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കേണ്ടതാണ്.

27. പഞ്ചായത്തിലെ പൊതു കിണറുകൾ സംരക്ഷിക്കേണ്ടതാണ്.

28. പരിസരമലിനീകരണം സംബന്ധിച്ചുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

29. അറവുശാലകൾ, പൗൾട്രി ഫാമുകൾ, ചന്ത എന്നിവിടങ്ങളിൽ പൊതുജനാരോഗ്യ നിയമം പാലിയ്ക്കേണ്ടതാണ്.

30. ഗ്രാമസഭകളിൽ നിന്നുയർന്ന് വന്ന പ്രശ്നങ്ങളിൽ പറഞ്ഞിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ നടപ്പലാക്കുക.

1. കല്ലണയാറിന്റെ മുകൾഭാഗത്ത് തടയണയിട്ട് ജലം തടഞ്ഞുനിർത്തി, വെള്ളം പമ്പ് ചെയ്ത് കുന്നത്തുമലയിൽ ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കുക.

2. മുത്താന, പുതത്താൻ കുളം കുടിവെള്ള പദ്ധതിക്കായി പ്രയോജനപ്പെടുത്തുക.

3. കോവൂർ മഠത്തിൽ വാതുക്കൽ കുളം കുഴിച്ച് വായനശാലയിൽ ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് കോവൂർ, പാളയംകുന്ന് പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക.

4. വാമനപുരം പദ്ധതി നമുക്ക് കൂടി പ്രയോജനപ്പെടുത്തണം.

31. എലി നശീകരണത്തിനുവേണ്ട നടപടികൾ കൈക്കൊള്ളുക.

32. കൊതുക് നശീകരണത്തിന് അടിയന്തിരമായി പദ്ധതികൾ ആവിഷ്കരിക്കുക.

33. ചെമ്മരുതി P.H.C. ൽ പ്രവൃത്തി സമയങ്ങളിൽ ഡോക്ടറുടേയും മറ്റ് ജീവനക്കാരുടേയും സേവനം ഉറപ്പുവരുത്തുക.

34. ചെമ്മരുതിയാറിന്റെ മലിനീകരണത്തിനെതിരെ അടിയന്തിരമായി നടപടികൾ കൈക്കൊള്ളുക.

അപഗ്രഥനം

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. മലേറിയ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയെങ്കിലും മുൻപിലത്തേതിനേക്കാൾ മലേറിയ രോഗം കണ്ടുവരുന്നു. ഈ രോഗത്തിനെതിരായ ശാശ്വത പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതാണ്. എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു പൊതു സ്കൂൾ ആരോഗ്യ പദ്ധതി നടപ്പലാക്കേണ്ടതാണ്. അംഗവൈകല്യമില്ലാത്ത ഒരു തലമുറ നമുക്കുണ്ടാകുന്നതിന് വേണ്ടി ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി വിജയിപ്പിക്കേണ്ടതുണ്ട്. കുട്ടികൾക്കുള്ള പ്രതിരോധ കുത്തി വയ്പ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കണം.

അമ്മമാരുടെ ആരോഗ്യത്തിന് വേണ്ടയുള്ള ആരോഗ്യപദ്ധതികൾ നടപ്പിലാക്കണം. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന നമ്മുടെ മുദ്രാവാക്യം പ്രാവർത്തികമാക്കണം. കുടുംബ സാവിധാന മാർഗ്ഗങ്ങളിൽ സ്ത്രീകൾക്ക് മുൻഗണനയുള്ളതുകൊണ്ട് പത്താം ക്ലാസ്സിലും അതിന് മുകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പാലാക്കേണ്ടതുണ്ട്. അവർ വിവാഹിതരായാൽ കുടുംബക്ഷേമപ്രവർത്തനങ്ങൾക്ക് അവർക്ക് കൂടുതൽ പരിജ്ഞാനം ഉണ്ടാകുന്നതാണ്.



ആശുപത്രിക്ക് രോഗം വന്നാൽ

ഒട്ടേറെ പ്രശ്നങ്ങളുമായി ചെമ്മരുതി പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റർ

വ്യവസായം

ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷിക മേഖലയിലാണ്. ഈ പഞ്ചായത്തിലെ വ്യാവസായിക തൊഴിൽ മേഖല പരിശോധിച്ചാൽ ഇത് വളരെ വ്യക്തമാകും. എടുത്ത് പറയാവുന്ന ഒരു വ്യവസായവും ഈ പഞ്ചായത്തിൽ ഇല്ല. ആകെയുള്ളത് പത്താം വാർഡിലെ പാളയം കുന്നിൽ പ്രവർത്തിക്കുന്ന ഒരു കശുവണ്ടി ഫാക്ടറിയാണ്. ഇതിലും ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകളിലും കൂടി, ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ പത്ത് ശതമാനം പേർ മാത്രമാണ് തൊഴിലെടുക്കുന്നത്. മറ്റൊരു പരമ്പരാഗത വ്യവസായമാണ് രണ്ടാം വാർഡിലെ കുന്നത്ത് മലയിലുള്ള കരിങ്കൽ ക്വാറി. ഇവിടെ പണിയെടുക്കുന്ന നാന്നൂറോളം പേരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. മറ്റ് പരമ്പരാഗത വ്യവസായങ്ങൾ പരിശോധിച്ചാലും ഇതേ അവസ്ഥ തന്നെ നമുക്ക് കാണാൻ കഴിയും. പഞ്ചായത്തിലെ പട്ടിയാരത്തും [illegible] വ്യവസായവും, മൂന്ന്, നാല്, അഞ്ച് വാർഡുകളിലായി പ്രവർത്തിക്കുന്ന നാമമാത്രമായ കയർ വ്യവസായ യൂണിറ്റുകളും ഞെക്കാട് കേന്ദ്രമായി യാതൊരു കാര്യക്ഷമതയുമില്ലാതെ പ്രവർത്തിക്കുന്ന ഞെക്കാട് ഖാദി വ്യവസായ സഹകരണ സംഘവും പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ ചിത്രം വ്യക്തമാക്കുന്നു. ദീർഘവീക്ഷണമോ വീണ്ടുവിചാരമോ ഇല്ലാത്തതു മൂലം ഈ പരമ്പരാഗത മേഖലയുടെ അടിത്തറ തന്നെ തകരുകയാണ്.

തൊഴിൽ നൽകുന്നതിൽ ഏറെക്കുറെ മെച്ചപ്പെട്ട സ്ഥാനം വഹിക്കുന്ന മേഖലയാണ് തടി ഫർണിച്ചർ നിർമ്മാണ വ്യവസായം. കൂടാതെ സ്വകാര്യമേഖലയിൽ ഏതാനും ഫ്ളവർ മില്ലുകളും, കൊപ്രാസംഭരണ സംസ്കരണ യൂണിറ്റുകളും സോപ്പ് നിർമ്മാണ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് ഒട്ടേറെ കാര്യങ്ങൾ ചൂണ്ടികാട്ടാവുന്നതാണ്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് പണമോ മനുഷ്യവിഭശേഷിയോ ഒരിക്കലും പ്രശ്നമായിരുന്നില്ലെന്ന് വസ്തുതകൾ തെളിയിക്കുന്നു. ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്യാൻ പ്രാപ്തരായ പുരുഷന്മാരിൽ ഒരു വലിയ വിഭാഗം ഗൾഫ് മേഖലയിൽ പണിയെടുക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുള്ള 'ഗൾഫ്മണി' യുടെ സിംഹാഭാഗവും മണിമാളികകൾ (ഡോ കെ. എൻ. രാജിന്റെ ഭാഷയിൽ കോൺക്രീറ്റ് കാടുകൾ) നിർമ്മിക്കാനും സുഖഭോഗവസ്തുക്കൾ വാങ്ങാനുമാണ് വിനിയോഗിക്കപ്പെടുന്നത്. പ്രത്യുൽപാദന പരമായ രംഗത്തേക്ക് പണം മുടുക്കുന്നതിന് ആരും തയ്യാറാകുന്നില്ല. കൂടാതെ ഈ വിദേശ നിക്ഷേപങ്ങൾ നമ്മുടെ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിന് പകരം സമീപപ്രദേശങ്ങളിലെ വൻകിട വാണിജ്യ ബാങ്കുകളിലേക്കാണ് ഒഴുകുന്നത്. ഇവയാകട്ടെ പഞ്ചായത്തിന്റെ വ്യവാസായിക, കാർഷിക സാമൂഹ്യ വികസനത്തിന് ഉതകുന്നില്ല എന്ന് മാത്രമല്ല അന്യസംസ്ഥാനങ്ങൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. മറ്റൊരു കാരണം അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾ അദ്ധ്വാനശീലം വെടിഞ്ഞ് 'വൈറ്റ് കോളർ' സംസ്കാരത്തിന് അടിമകളാകുന്നു. എന്നതാണ്. ഇവരുടെ അദ്ധ്വാനശേഷി പരമാവധി ചൂഷണം ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് തയ്യാറായി വരുന്ന യുവജനങ്ങളെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥമാരുടെ സമീപനവും വായ്പകൾ ലഭ്യമാക്കാൻ കടമപ്പെട്ട ബാങ്കുകാരുടെ സമീപനവും നീതി അർഹിക്കാത്തതാണ്. ചെറുകിട വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊളിലാളികൾ മറ്റ് മേഖലകളിലേക്ക് പോകുന്നതിനാൽ നിലവിലുള്ള ചെറുകിട യൂണിറ്റുകളുടെ സ്ഥിതി എന്താകുമെന്ന് ഊഹിക്കാവുന്നതാണ്.

നിലവിലുള്ള വ്യവസായങ്ങളുടെ അവസ്ഥ

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ഈ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യർക്ക് തൊഴിലവസരം സൃഷ്ടിച്ച് ദാരിദ്ര്യം ഒരളവ് വരെ മാറ്റുന്നതിനും വ്യവസായിക മേഖല മെച്ചപ്പെടുത്തുവാനും ലക്ഷ്യം വച്ച് കൊണ്ട് ഈ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിൽ വന്നു. തുടക്കത്തിൽ അവിടെ 10 യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. കടബാദ്ധ്യത മൂലം പലയൂണിറ്റുകളും അപ്രത്യക്ഷമായിട്ട് വർഷങ്ങൾ പലതായി. അവിടെ ഇപ്പോൾ ഒരു അലുമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ് മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. ധനകാര്യ സ്ഥാപനങ്ങളുടെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ, സംരഭകരുടെ പ്രോത്സാഹന കുറവ് വിപണന സാദ്ധ്യതയില്ലായ്മ എന്നിവ മൂലം തകർന്ന് ഈ സ്ഥാപനം ഇന്ന് ഭാർഗ്ഗവീനിലയത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു.

തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിക്കുന്ന പട്ടിക

ക്രമനമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പുരു:	സ്ത്രീ	ആകെ
1.	തടിവ്യവസായം	21	3	24
2.	ഫർണീച്ചർ	146	–	146
3.	ചൂരൽ	15	–	15
4.	വട്ടി, കുട്ട, പനമ്പായ്	2	20	22
5.	കരിങ്കൽ ഉടയ്ക്കൽ	180	240	420
6.	ഫ്ളവർമിൽ	15	10	15
7.	കൊപ്രസംസ്കരണം	19	–	19
8.	കോഴിവളർത്തൽ	8	8	16
9.	കൈത്തറി	–	13	13
10.	കയർ	–	9	93

പരമ്പരാഗത കുടിൽ വ്യവസായ മേഖല: കശുവണ്ടി

നമ്മുടെ പഞ്ചായത്തിലെ ഏക ഫാക്ടറിയായ ഗ്രീൻ വാല്യൂ ഫുഡ്സ് എന്ന സ്ഥാപനത്തിൽ പണിയെടുക്കുന്ന ആയിരത്തോളം പേരിൽ മുന്നൂറിൽപരം തൊഴിലാളികൾ ഈ പഞ്ചായത്തിലുള്ളവരാണ്. വർഷത്തിൽ തൊണ്ണൂറ് ദിവസത്തിൽ താഴെ മാത്രം തൊഴിൽ നൽകുന്ന ഈ സ്ഥാപനം ആദ്യം സ്വകാര്യ മേഖലയിലും തുടർന്ന് സർക്കാർ ഏറ്റെടുക്കുകയും വീണ്ടും സ്വകാര്യമേഖലയിലേക്ക് കൈമാറുകയും ചെയ്തത് ഇതിന്റെ നാശത്തിന് ഹേതുവായിരിക്കുകയാണ്. മാറിമാറിവരുന്ന മാനേജ്മെന്റുകൾ, തൊഴിൽ ദിനങ്ങളിൽ ഉണ്ടാകുന്ന വെട്ടിക്കുറയ്ക്കൽ ഇതുനിമിത്തം നഷ്ടപ്പെടുന്ന തൊഴിലാഴികളുടെ ആനുകൂല്യങ്ങൾ, വർദ്ധിച്ച ജോലിഭാരം ഒക്കെ ഈ സ്ഥാപനത്തെ നാശത്തിൽ നിന്നും നാശത്തിലേക്ക് തള്ളിവിടുന്നു. ഈ ഫാക്ടറി സ്വകാര്യ മേഖലയിലേക്ക് കൈമാറ്റപ്പെട്ട ശേഷം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളാകെ താറുമാറായിരിക്കുകയാണ്. ഫാക്ടറിയുടെ പ്രവർത്തനം തന്നെ നിർത്തിവയ്ക്കുക എന്ന ലക്ഷ്യത്തോടെ ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം പലതുണ്ടുകളാക്കി കൈമാറ്റം ചെയ്യാനുള്ള ശ്രമം നടന്നു വരികയാണ്. തൊഴിലാളികളുടെ ആരോഗ്യസുരക്ഷിതത്വത്തിനും ഇവിടെ വിലകൽപ്പിക്കുന്നില്ല. വളരെ മോശമായ ചുറ്റുപാടിലാണ് ഇവിടെ തൊഴിലാളികൾ പണിയെടുക്കുന്നത്. പഞ്ചായത്തിന് പുറത്തുള്ള സ്വകാര്യ കോർപ്പറേഷൻ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സ്ഥിതിയും മെച്ചമല്ല.

പാറക്കോറി

പനയറ കുന്നത്ത് മല കേന്ദ്രീകരിച്ചുള്ള ഈ മേഖലയിൽ ഏകദേശം അഞ്ഞൂറ് തൊഴിലാളികൾ പണിയെടുക്കുന്നതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇന്ന് സ്ഥിരം തൊഴിൽ നൽകുന്ന ഏക മേഖലയാണിത്. ജീവൻ അപകടപ്പെടുത്തികൊണ്ടുള്ള ഈ തൊഴിൽ മേഖലയിൽ യാതൊരു സുരക്ഷിതത്വവും ഇന്നേവരെ ഉറപ്പാക്കിയിട്ടില്ല. ഇൻഷ്വറൻസ് പദ്ധതികളോ ക്ഷേമനിധിയോ ഈ തൊഴിലാളികൾക്കില്ല എന്നത് ദുഃഖകരമാണ്. തൊഴിലുടമകൾ സംഘടിതമായി അസംഘടിതരായ ഈ പട്ടിണി പാവങ്ങളെ ചൂഷണം ചെയ്യുന്നു.

മറ്റ് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

പഞ്ചായത്തിലെ പരമ്പരാഗത കുടിൽവ്യവസായ മേഖല ഇന്നിവിടെ തലകുനിച്ച് നിൽക്കുകയാണ്. നെയ്ത്ത്, ഈറ, ചൂരൽ, വെട്ട്കൽ, നീറ്റുകക്ക, പനമ്പായ് ഈ വ്യവസായങ്ങൾ പേരിന് മാത്രം പ്രവർത്തിക്കുന്നു. വിരലിലെണ്ണാവുന്നവർ മാത്രമാണ് ഈ മേഖലകളിൽ പണിയെടുക്കുന്നത്. സർക്കാരിന്റെയും മറ്റും ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഈ കൂട്ടത്തിൽ ഉണ്ട്. ഈ രംഗത്ത് ഉത്പാദനത്തിന്റെ തോത് കുറഞ്ഞ് വരികയാണ്. ആധുനികവത്കരണവും സങ്കേതിക പരിജ്ഞാനവുമുള്ള തൊഴിലാളികളുടെ അഭാവവും ഇതിനൊരു കാരണമാകാം.

ചൂരൽ കൊണ്ട് ഗൃഹോപകരണങ്ങൾ ഉണ്ടാക്കികൊടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പല

സ്ത്രീ-പുരുഷതൊഴിലാളികളുടെ വേതനിരക്കുകൾ

ക്രമനമ്പർ	വിഭാഗം	കൂലിനിരക്ക്	
		പുരു:	സ്ത്രീ
1.	തടിവ്യവസായം	100	–
2.	സ്റ്റീൽ അലൂമിനിയം ഇവകൊണ്ടുള്ള	125	–
3.	ചൂരൽ പണി	75	–
4.	കരിങ്കൽ പണി	125	–
5.	എണ്ണയാട്ട്	100	–
6.	ഫ്ളവർമിൽ	90	50
7.	ഡയറി ഫാം	125	60
8.	സിമന്റ് കട്ട നിർമ്മാണം	110	–
9.	കൂട്ട, വടി, പനമ്പായ്	–	75
10.	കെട്ടിട നിർമ്മാണം	125	70
11.	നൂൽനൂയ്പ്	–	15
12.	നെയ്ത്ത്	–	30

കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് അസംസ്കൃത സാധനങ്ങൾ എത്തിച്ച് കൊടുക്കുന്നത് പഞ്ചായത്തിന് പുറത്തുള്ള ചൂരൽ വ്യവസായ സഹകരണ സംഘം, അസംസ്കൃത സാധനങ്ങളുടെ വിലകയറ്റവും, ലഭ്യതകുറവും നിമിത്തം പ്രതിസന്ധിയിലാണ്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും സാധ്യത കുറഞ്ഞ വ്യവസായ മേഖലയാണ് കയർ. തൊണ്ട് തല്ലിൽ ഏതാണ്ട് അറുപത് പേരും കയറിടലിൽ മുപ്പത്തഞ്ച് പേരും ഏർപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഏതാനും തൊഴിലാളി കുടുംബങ്ങൾ ചെയ്ത് വന്നിരുന്ന മരപ്പണി, ഇരുമ്പ്പണി, അലങ്കാര വസ്തുക്കളുടെ നിർമ്മാണം എന്നിവ നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മറ്റൊരു പ്രബലമായ തൊഴിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ ചെങ്കൽ വെട്ടും ഇന്ന് തകർച്ചയെ നേരിടുന്ന അവസ്ഥയിലാണ്. ഈ സ്ഥാനത്ത് സിമിന്റ് കട്ടയും, ചുടുകട്ടയും കടന്ന് കയറി. എന്നാൽ സിമിന്റ് കട്ട വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വകാര്യ മേഖലയിലുള്ള ഇവ ഏറെ തൊഴിൽ സാധ്യത ഉള്ളവയല്ല. സോപ്പ് നിർമ്മാണം, കൊപ്ര സംസ്ക്കരണം. തടി അറക്ക മില്ലുകൾ എന്നിങ്ങനെയുള്ള ചെറുചെറു യൂണിറ്റുകളും പ്രവർത്തിക്കുന്നു.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

ഇവിടുത്തെ ചെറുകിട യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ അധികവും സ്ത്രീകളാണ്. ഇക്കൂട്ടർ അസംഘടിതരുമാണ്. ശമ്പളകുറവും, ജോലി സ്ഥിരതയില്ലായ്മയും ഇതിൽ വലിയൊരു വിഭാഗം സ്ത്രീകളേയും ഈ മേഖലവിട്ട് മറ്റ് കൂലിപ്പണികളിൽ ഏർപ്പെടാൻ നിർബന്ധിതരാക്കുകയാണ്. ഗൾഫ് പണം ഉണ്ടാക്കിയിരിക്കുന്ന താത്കാലിക കെട്ടിട നിർമ്മാണ വ്യവസായമാണ് ഇപ്പോൾ ഇവർക്കാശ്വാസം. കെട്ടിട വ്യവസായത്തിന് ആവശ്യമായ പാറ, മെറ്റൽ തുടങ്ങിയ സാധനങ്ങളുടെ ഉപഭോഗത്തിലുള്ള വർദ്ധനവ്, ഏറെക്കുറെ യോജ്യമായ വേതനം എന്നിവ ഈ മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നു. തന്മൂലം കാർഷികാവശ്യത്തിന് വേണ്ട സ്ത്രീ തൊഴിലാളികളെ ലഭിക്കാതെയും വരുന്നു. കശുവണ്ടി വ്യവസായ മേഖലയിൽ പണിയെടുക്കുന്ന ഏകദേശം അറുന്നൂറോളം തൊഴിലാളികൾ ഉണ്ട്.

വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീ പുരുഷതൊഴിലാളികളുടെ വേതന നിരക്കുകൾ സംബന്ധിച്ച ഒരു ഏകദേശ ചിത്രം ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. മിനി ഇൻഡസ്ട്രിയൻ എസ്റ്റേറ്റിന്റെ ശോചനീയാവസ്ഥ.
2. കശുവണ്ടിമേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിലെ അപാകതകൾ
3. പാറതൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം.
4. ചെറുകിട വ്യവസായ സംരഭകർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള അപാകതകളും കാലതാമസവും.
5. കാർഷികോല്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന സാദ്ധ്യകളിലെ അഭാവം.
6. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വേണ്ടുന്ന സാങ്കേതിക പരിജ്ഞാനം ലഭ്യമാകാതെ വരുന്നുണ്ട്.
7. വിദേശ നിക്ഷേപങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വ്യവസായിക അഭിവൃത്തിക്ക് ലഭ്യമാകാതിരിക്കുന്ന അവസ്ഥ.
8. വ്യാവസായികരംഗത്തുള്ള സഹകരണ സ്ഥാപനങ്ങളുടെ അഭാവം.
9. ഞെക്കാട് ഖാദി ഉല്പാദക വ്യാവസായ സഹകരണ സംഘത്തിന്റെ പ്രവർത്തന ക്ഷമതകുറവ്.
10. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിലുള്ള അഭ്യസ്ഥവിദ്യരുടെ വിമുഖത.

പരിഹാരങ്ങൾ

1. കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള സഹകരണ മേഖലയിലും പൊതുമേഖലയിലും ഉള്ള വ്യവസായിക സംരഭങ്ങൾ കണ്ടെത്തുകയും അവയെ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ സ്ഥാപിക്കുകയും ചെയ്യുക. ഇവ തുടങ്ങുന്നതിന്, ഇപ്പോൾ നിലവിലുള്ള നിയമ സങ്കേതികതടസങ്ങൾ നീക്കുവാൻ സർക്കാർ അടിയന്തിരനടപടികൾ സ്വീകരിക്കുക.
2. കുത്തകസംഭരണം കശുവണ്ടിക്ക് ഏർപ്പെടുത്തുകവഴി തൊഴിലാളികൾക്ക് ലഭ്യമാക്കാവുന്നത്ര തൊഴിൽ ദിനങ്ങൾ നൽകുകയും സേവന വേതന ആരോഗ്യ പ്രശ്നങ്ങളിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കുകയും ചെയ്യുക.
3. പാറതൊഴിലാളികൾക്ക് ഇൻഷ്വറൻസ്,ക്ഷേനിധി തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക. അംഗീകൃത സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുകയും ചെയ്യുക.
4. പ്രമുഖ കാർഷിക വിളയായ നാളികേരം ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട സഹകരണ യൂണിറ്റ് സ്ഥാപിക്കുക.
5. അനുയോജ്യമായ പദ്ധതികൾ, പ്രദേശികമായ തൊഴിൽ സാധ്യതകൾ, ഇവയ്ക്ക് വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടുന്ന ബോധവൽക്കരണം നടത്താൻ അനുയോജ്യമായ സ്വയം തൊഴിൽ എക്സ്ചേഞ്ച് രൂപീകരിക്കുക.
7. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പ നടപടികൾ ഉദാരമാക്കുകയും ബന്ധപ്പെട്ട ധനകാര്യ സ്ഥാപങ്ങൾ കാലതാമസം ഒഴിവാക്കുകയും ചെയ്യുക. തൊഴിൽ വ്യവസായിക മേഖലക്ക് ലഭ്യമാകത്തക്കവിധം നമ്മുടെ സഹകരണബാങ്കിൽ തവണ നിക്ഷേപിക്കാനുള്ള ബോധവൽക്കരണം നടത്തുക. ഇങ്ങനെ ലഭിക്കുന്ന നിക്ഷേപങ്ങൾ ഇവിടുത്തെ തൊഴിൽ സംരംഭകർക്ക് ഉദാരവ്യവസ്ഥകളിൽ ലഭ്യമാകാനുള്ള പദ്ധതികൾ ഒപ്പം സഹ: ബാങ്ക് ആവിഷ്കരിക്കുകയും ചെയ്യുക.
8. പ്രവർത്തനപുരോഗതി കൈവരിക്കാത്ത ഞെക്കാട് ഖാദി സഹകരണ സംഘത്തിൽ ഈ മേഖലയിലുള്ള കൂടുതൽ തൊഴിലാളികളെ അംഗങ്ങളാക്കി അവർക്ക് തൊഴിലും സംഘത്തിന് നിലനില്പും ഉണ്ടാക്കുക.
9. മാങ്ങ, നെല്ലിക്ക, വെളുത്തുള്ളി എന്നിവകൊണ്ടുള്ള അച്ചാർ.
10. ചിരട്ട, കൈതോല ഈർക്കിൽ മുതലായവ കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുക.
11. ചെമ്മരുതി ഗ്രാമപഞ്ചായത്തിനകത്തു ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ഈ പഞ്ചായത്തിനകത്ത് താഴെപ്പറയുന്ന ചെറുകിടകുടിൽ വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.
1. കൊപ്ര വ്യവസായം
2. ക്ഷീരോല്പന്നങ്ങൾ
3. കെട്ടിട നിർമ്മാണത്തിനു ആവശ്യമായ സാധന സാമഗ്രികൾ
4. മരിച്ചീന, ചക്ക, എത്തക്കായ് ഇവ ഉപയോഗിച്ചുള്ള ചിപ്സ്.
5. സോഡനിർമ്മാണ ശാല.
6. കശുമാങ്ങ, മാങ്ങ, പരുത്തിച്ചക്ക ഇവ കൊണ്ടുള്ള പാനീയങ്ങൾ.
12. ഈ പഞ്ചായത്തിൽ വിപണന സാദ്ധ്യതയേറിയതും മുടക്കുമുതൽ ചുരുങ്ങിയതുമായ ചെറുകിട കുടിൽ വ്യവസായങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു ഇവ അടിയന്തിരമായി തുടങ്ങാവുന്നതാണ്.
1. ജനൽ, വാതിൽ എന്നിവയ്ക്ക് വേണ്ടിയുള്ള അലൂമിനിയം ഫാബ്രിക്കേഷൻസ്.
2. ഇലക്ട്രിക് ഫാൻ, റഗുലേറ്റർ, ചോക്ക്
3. ജനറൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്
4. മരത്തിലുള്ള വീട്ടുപകരണങ്ങൾ
5. കൃഷി ആയുധങ്ങൾ, വിവിധതരം ആണികൾ, വിജാഗിരികൾ.
6. സിമിന്റും, കമ്പിയും ഉപയോഗിച്ച് കൊണ്ട് ജനൽ വാതിൽ ഇവയുടെ ചട്ടക്കൂട് നിർമ്മാണം.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

പഞ്ചായത്തു സമിതിയുടെ ആവിർഭാവത്തിന് മുൻപ് ഈ ഗ്രാമപഞ്ചായത്തിനകത്ത് ഒട്ടും റോഡ് ഗതാഗത സൗകര്യം ഇല്ലായിരുന്നു എന്നു തന്നെ പറയാം. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള കല്ലമ്പലം വർക്കല റോഡിലും വടക്കേ അതിർത്തിയിലുള്ള പാരിപ്പള്ളി വക റോഡിലും കിലോമീറ്ററുകളോളം നടന്നു ചെന്നു വേണം ബസ്സിൽ കയറി മറ്റെവിടെയെങ്കിലും പോയി വരാൻ.

പഞ്ചായത്ത് പ്രദേശത്തിനകത്തു സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മിച്ച ഏതാനും ഇടവഴികൾ മാത്രമാണുണ്ടായിരുന്നത്. അതാകട്ടെ വാഹനഗതാഗതയോഗ്യമായിരുന്നില്ലതാനും. 1953 ആഗസ്റ്റ് 15-ന് ആദ്യത്തെ പഞ്ചായത്ത് സമിതി നിലവിൽ വരുമ്പോൾ പഞ്ചായത്തിനു [illegible] കിലോമീറ്ററിന് താഴെ ഇടവഴികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഈ ഇടവഴികൾ ശ്രമദാനമായും പഞ്ചായത്തു ഫണ്ടുപയോഗിച്ചും പുനരുദ്ധാരണ പദ്ധതികൾ വാഹനഗതാഗത യോഗ്യമാക്കുകയും പുതുതായി 20 കിലോമീറ്റർ ദൈർഘ്യമുള്ള ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുകയും ചെയ്തു. ഇതിൽ പ്രഥമ സ്ഥാനം അർഹിക്കുന്നതാണ് ഞെക്കാട്-ചാവർകോട് റോഡും, ഞെക്കാട് - പനയറ - തച്ചോടു റോഡും. ഞെക്കാട് ചാവർകോട് റോഡിൽ ചെമ്മരുതി ആറ്റിൽ മുത്താന എന്ന സ്ഥലത്ത് പാലം നിർമ്മിക്കുകയും തുടർന്ന് ഈ റോഡ് PWD ഏറ്റെടുക്കുകയും ചെയ്തു. ഞെക്കാട് - പനയറ - തച്ചോട് റോഡ് ഘട്ടം ഘട്ടമായി പണിചെയ്ത് തീർക്കുകയും പ്രസ്തുത റോഡും PWD ഏറ്റെടുക്കുകയും ചെയ്തു. ഈ രണ്ട് സംരംഭങ്ങളും ഈ പഞ്ചായത്തു നിവാസികളുടെ ജീവിത പുരോഗതിയിലുണ്ടായ പ്രധാന സംഭവങ്ങളാണ്.

1963 - ൽ അധികാരത്തിൽ വന്ന രണ്ടാമത് ഭരണ സമിതിയുടെ കാലത്തെ പഞ്ചായത്ത് ഭരണത്തിന്റെ സുവർണ്ണകാലമെന്ന് വിശേഷിപ്പിക്കാം. 35 കിലോമീറ്റർ പഞ്ചായത്ത് റോഡുകളുടെ സ്ഥാനത്ത് വഴിയായി രേഖയുണ്ടായിരുന്നതും അല്ലാത്തതുമായ നിരവധി പുതിയ റോഡുകൾ നിർമ്മിച്ച് പഞ്ചായത്തു റോഡികളുടെ ദൈർഘ്യം 35 നിന്നും 90 കിലോമീറ്റർ ആയി വർദ്ധിപ്പിച്ചു. ഈ കാലഘട്ടത്തിൽ എടുത്തു പറയത്തക്കതാണ് നരിക്കല്ല് - തച്ചോട് റോഡും, വട്ടപ്ലാംമൂട് - പൂവങ്കൽ റോഡ് എന്നിവയുടെ നിർമ്മാണവും, ഞെക്കാട് - പനയറ - തച്ചോട് റോഡിന്റെ പുനർനിർമ്മാണവും. ഗതാഗതയോഗ്യമായ പല റോഡുകളും PWD യെ കൊണ്ട് ഏറ്റെടുപ്പിച്ചു. ഞെക്കാട് - ചാവർകോട്, ഞെക്കാട് - പനയറ - തച്ചോട്, വട്ടപ്ലാംമൂട്, പൂവങ്കൽ, നരിക്കല്ല് - തച്ചോട്, പാലച്ചിറ - നടയറ എന്നീ റോഡുകൾ വഴിയെല്ലാം സർവ്വീസ് ബസുകൾ സ്ഥാപിച്ചതും പഞ്ചായത്തു സമിതിയുടെ ശ്രമമായാണ്.

എന്നാൽ ഉദ്ദേശം 50 വർഷത്തെ നിവേദന ചരിത്രമുള്ള കല്ലണ പാലം നിർമ്മിച്ചു കിട്ടുക എന്നുള്ള ഈ നാട്ടുകരുടെ ചിരകാലാഭിലാഷം ഇനിയും സാധിതപ്രായമായിട്ടില്ല. പഞ്ചായത്തിനെ രണ്ടായി വേർതിരിക്കുന്ന ചെമ്മരുതി ആറ്റിൽ പനയറ കല്ലണ എന്ന സ്ഥലത്ത് പാലം നിർമ്മിച്ചു കിട്ടാനുള്ള പഞ്ചായത്തിന്റെയും ആബാലവൃത്തം ജനങ്ങളുടെയും പ്രക്ഷോഭ സമരങ്ങളുടെയും ഫലമായി 1970 മുതൽ സംസ്ഥാന ബഡ്ജറ്റിൽ പാലം നിർമ്മിക്കുന്നതിലേക്കുള്ള നാമമാത്രമായ തുക വകകൊള്ളിക്കാറുള്ളതല്ലാതെ മാറി മാറി വന്ന സർക്കാരുകളൊന്നും ഇതിലേയ്ക്ക് ആത്മാർത്ഥമായി ഒരു സമീപനം സ്വീകരിച്ചില്ല എന്ന പൊതുവികാരം ജനങ്ങൾക്കുണ്ട്. ഈ പാലം നിർമ്മിച്ചു കിട്ടിയാൽ അത് ഈ നാട്ടിന്റെ ജനങ്ങളുടെയാകെ ജീവിത പുരോഗതിയിൽ മഹത്തായ സംഭാവനയായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

പൊതുവേ റോഡു ഗതാഗതത്തിന്റെ പുരോഗതിയിൽ എന്നും തടസ്സമായി നിൽക്കുന്ന രണ്ടു പ്രധാന ഘടകങ്ങളുണ്ടിവിടെ. അതിൽ ഒന്ന്. പഞ്ചായത്തിനെ ഭൂമി ശാസ്ത്രപരമായി രണ്ടായി വേർതിരിക്കുന്ന ചെമ്മരുതി ആറും, പഞ്ചായത്തു പ്രദേശമാകെ ചുറ്റപ്പെട്ടു നീണ്ടു പരന്നു കിടക്കുന്ന നെൽപ്പാടങ്ങളുമാണുള്ളത്. പൊതുവേ ജനങ്ങൾ റോഡു നിർമിക്കാൻ ആവശ്യമുള്ള ഭൂമി സൗജന്യമായ നൽകാനുള്ള മഹാമനസ്കരും. റോഡുമനസ്സിതിക്കാരുമാണ്. ഇതിനപവാദമായി ചില വ്യക്തികളും ഇല്ലാതില്ല എന്നതും സ്മരിക്കുന്നു. പഞ്ചായത്തിന്റെ മൂന്നും നാലും പഞ്ചായത്തു ഭരണ സമിതികളുടെ കാലാവധിക്കുള്ളിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പാതകളായിരുന്നതും അല്ലാത്തതുമായ നിരവധിറോഡുകൾ നിർമ്മിക്കുകയും നിലവിലുണ്ടായിരുന്ന പ്രധാനപ്പെട്ട പല റോഡുകളും JYR പദ്ധതിയിൽ ഉൾപ്പെടുത്തി 8. മീറ്റർ വീതിയിൽ പുനഃർ നിർമ്മാണം നടത്തുകയും ചെയ്തതിനു പുറമേ ആകെ 18.995 കി.മീറ്റർ പഞ്ചായത്തു റോഡു ടാർ ചെയ്യുകയുമുണ്ടായി. ഇതിൽ പ്രഥമ സ്ഥാനമർഹിക്കുന്നതാണ് വണ്ടിപ്പുര - വരയക്കോണം റോഡ്. ഈ റോഡുവഴിയും ഇപ്പോൾ ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് തുടങ്ങി. 1995 - ഒക്ടോബർ 2-ൽ അധികാരത്തിൽ വന്ന പഞ്ചായത്തിന്റെ 5-ാമതു ഭരണസമിതിയുടെ മുന്നിൽ

ഒട്ടേറെ പദ്ധതികളുണ്ട്, പുതിയ റോഡുകളുടെ നിർമ്മാണമുള്ള റോഡുകളുടെ പുനർനിർമ്മാണം ഇതിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണ്. കല്ലണ പ്പാലത്തിന്റെ നിർമ്മാണം.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ഇപ്പോഴുള്ള നീളം 139.479 മി. മീറ്ററാണ്. ഇതിൽ 27.5 കീ.മീറ്റർ ടാറിട്ടി റോഡുകൾ PWD യുടെ അധീനതയിൽ ഉള്ളതാണ്. അവ ശേഷിച്ച 11.979 മി.മീറ്റർ പഞ്ചായത്തു റോഡിൽ 18.995 കി.മീറ്റർ ടാർ ചെയ്ത റോഡും, 1.450 കി.മീറ്റർ മെറ്റൽസ് റോഡും, 72.284 കി.മീറ്റർ എത്തേൺ റോഡുമാണ്. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിന് അനുപാതികമായി റോഡിസംവിധാനമില്ല. പ്രധാനപ്പെട്ട പല റോഡുകളും ഇനിയും ടാർ ചെയ്യേണ്ടതായുണ്ട്. പല റോഡുകളും നെൽപ്പാടങ്ങളുടെ ഇരുകരയും വന്നു നിൽക്കുന്നത് നെൽപ്പാടം നികത്തി യോജിപ്പിക്കേണ്ടതും. റോഡുകളിൽ ചിലതും നീർക്കെട്ടുകളുള്ളതു മാറ്റി ഗതാഗതയോഗ്യമാക്കേണ്ടതുമാവശ്യമാണ്.

നിലവിൽ ബസ്സ് സർവ്വീസുള്ള റോഡുകളിൽ ഇന്നുള്ള ട്രാൻസ്പോർട്ടു സൗകര്യം അപര്യാപ്തമാണ്. ഇന്നും പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ബസ് സർവ്വീസ് അന്യമാണ്. ഉദാഹരണമായി, കോവൂർ പ്രദേശം. അതുപോലെ പഞ്ചായത്തിന്റെ ആസ്ഥാനമായ പനയറയിലെ യാത്രാക്ലേശവും അതിരൂക്ഷമാണ്. നിത്യേന ധാരാളം ആൾക്കാർ വിവിധ ആവശ്യങ്ങൾക്കായി ഇവിടുത്തെ ആഫീസുകളിൽ വന്നുപോകുന്നു. പലപ്പോഴും കാൽനട തന്നെ ശരണം. അതുപോലെ രണ്ടു ബസ് സർവ്വീസുമാത്രമുള്ള ചാവടിമുക്കിലെ യാത്രാക്ലേശവും അടിയന്തിരമായി പരിഹരിക്കേണ്ടത്.

പ്രധാന റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു

റോഡ്	P.W.D	ടാർ	മെറ്റൽ	ചരൽ	മണ്ണ്	നീളം
ഞെക്കാട്-പനയറ-തച്ചേട് റോഡ്	✓	✓				4 KM
അയിരൂർ-രഘുനാഥപുരം	✓	✓				5 KM
(പുവങ്കൽ-വട്ടപ്ലാംമൂട്)						
ഞെക്കാട്-ചാവർക്കോട് റോഡ്	✓	✓				6 KM
പാലച്ചിറ-നടയറ റോഡ്	✓	✓				6 KM
നരിക്കല്ല്-വട്ടപ്ലാംമൂട്	✓	✓				1.5 KM
പനയറ-ചാവർക്കോട് റോഡ്	✓	✓				3.5 KM
പഞ്ചായത്ത് റോഡ്						
നരിക്കല്ല്-തച്ചോട്		2.200				2.2 KM
വണ്ടിപ്പുര-വരയിക്കോണം		2.100				2.1 KM
".ന്ന.പ്പ. ള്ള.ഗ്ഗ് ചേട്ടക്കാവ്		1.00				2.1 KM
ഖാദി-കണ്ണൻകുളങ്ങര		0.9				0.9 KM
ചിറപ്പാട്, കുന്നത്തുമല-പിച്ചകശ്ശേരി		2.00				2 KM
കോണത്ത് ക്ഷേത്രം, തറട്ട-വടശ്ശേരിക്കോണം		3.1				3.1KM
കൊച്ചുകട-തോക്കാട് റോഡ്		1				1KM
ഹരിജൻ കോളനി-കുറ്റിക്കാട് റോഡ്		0.700				0.7 KM
വട്ടപ്ലാംമൂട്-ഗുരുകുലം-ഇടമനക്കൽ റോഡ്		2.200				2.2 KM
ശ്രീനിവാസപുരം ന്തഗ്ഗ് -ഇടമനയ്ക്കൽ റോഡ് KM		0.125				0.125
ശ്രീനിവാസപുരം-ഹരിജൻ കോളനി റോഡ്		1.200				1.2 KM
ഹരിജൻ കോളനി-ഊറ്റുകുഴി റോഡ്		.120				0.12 KM
ഹരിജൻ കോളനി-ആനക്കുഴി റോഡ്		.400				0.4 KM
എണാൾവിള-രാമചന്ദ്രാശ്രമം		.800				0.8 KM
തച്ചോട് മൃഗാശുപത്രി റോഡ്		.150				0.15 KM

റോഡ്		ടാർ	മെറ്റൽ	ചരൽ	മണ്ണ്	നീളം
പുന്നക്കാട് റോഡ്					800	0.8 KM
ചിറപ്പാട്-കുംഭക്കാട്					1.2	1.2 KM
പട്യാരത്തുംവിള-വട്ടപ്ലാംമൂട് റോഡും ബ്രാഞ്ചും റോഡ്					1.3	1.3 KM
മിനി എസ്റ്റേറ്റ്-കൂതാററോഡ്				0.6		0.6 KM
എണാർവിള-കീഴതിൽ വാതുക്കൽ റോഡ്					1.1	1.1 KM
ചാവടിമുക്ക്-പ്ലാവിള വാതുക്കൽ റോഡ്				1.00		1.00 KM
ശ്രീനിവാസപുരം-മഠത്തിൽ വാതുക്കൽ റോഡ്					0.8	.800 KM
കണ്വാശ്രമം റോഡ്				1.00		1.00 KM
നടയറ-കൊച്ചുകട ബംഗ്ലാവിൽ റോഡ്				1.00		1.00 KM
വാരിക്കാട് റോഡ് ബ്രാഞ്ച്					0.9	0.900KM
കൊച്ചു പൊയ്ക-കാട്ടുവിള റോഡ്					0.8	0.8 KM
പാളയംകുന്ന്-കെട്ടിടത്തിൽ വാതുക്കൽ റോഡ്			1.00			1.00 KM
പാളയംകുന്ന്-തെക്കഴികം റോഡ്				0.7		0.700 KM
പാളയംകുന്ന്-മിഡ്വൈഫറി സെൻറർ റോഡ്				0.8		0.8 KM
ജനതാമുക്ക്-വണ്ടിപ്പുര റോഡ്				1.0		1.0 KM
കാഷ്യൂ ഫാക്ടറി-ചേട്ടക്കാവ് റോഡ്					0.9	0.9 KM
കാഷ്യൂ ഫാക്ടറി-ചേട്ടക്കാവ്-തെങ്ങുവിള റോഡ്					1.2	1.2 KM
വായനശാല-മഠത്തിൽ വാതുക്കൽ, റോഡ് & ബ്രാഞ്ച്					1	1 KM
വായനശാല-തോപ്പിൽ ഒലാ റോഡ്					0.6	0.6 KM
കിനാലുവിള-ആശാരിവിള റോഡ്					0.6	.600 KM
കിനാലുവിള-ആശാരിവിള റോഡ്					0.6	0.6 KM
ആശാരിവിള-കമുകിൻ കോട് റോഡ്					0.900	0.9 KM
കാക്കാകുടി തോപ്പിൽ-ഏലാ റോഡ്					.800	0.8 KM
മുത്താന-കവണേർപ്പള്ളി കുന്നുംപുറത്ത്വീട്				1.00		1.00 KM
കോവൂർ ക്കപ്പന്താഗ്ഗ ചേട്ടക്കാവ് റോഡ്					1.2	1.2 KM
ആശാരിവിള അമ്പലത്ത്വിള റോഡ്					0.5	.500 KM
മുത്താന പുതുൽ-നാവായിക്കുളം ലിമിറ്റ്-റോഡ്					0.6	0.6 KM
മുത്താന മുസ്ലീം പള്ളി റോഡ്					0.8	0.8 KM
മുത്താന കോമളത്തുവാതുക്കൽ റോഡ്					0.9	0.9 KM

ബസ് സർവ്വീസിന് സാധ്യകളുള്ള റൂട്ടുകൾ

1. ചിറയിൻകീഴ്-ആറ്റിങ്ങൽ-കല്ലമ്പലം-പനയറ-ചാവടിമുക്ക്-നടയറ-വർക്കല
2. കിളിമാനൂർ-പാരിപ്പള്ളി-മുത്താന-പനയറ-തോക്കാട്-വർക്കല
3. കല്ലറ-കാരേറ്റ്-കിളിമാനൂർ-കല്ലമ്പലം-പനയറ-എ.എസ്. കോളേജ്-വർക്കല
4. കൊല്ലം-പാരിപ്പള്ളി-ചാവർകോട്-കോവൂർ-വർക്കല
5. പൊന്മുടി-ആറ്റിങ്ങൾ-കല്ലമ്പലം-പനയറ, ശിവഗിരി-വർക്കല.
6. പരവൂർ-ഊന്നിന്മൂട്-അയിരൂർ ചാവടിമുക്ക്-പനയറ-കല്ലമ്പലം-ആറ്റിങ്ങൾ
7. വർക്കലക്ഷേത്രം-എസ്.എൻ. കോളേജ്-പനയറ-കല്ലമ്പലം-മടവൂർ-നിലമേൽ-കടയ്ക്കൽ-മടത്തറ
8. പുനലൂർ-ചടയമംഗലം-പള്ളിയ്ക്കൽ-പാരിപ്പള്ളി-ചാവർക്കോട്-കോവൂർ-വർക്കല
9. കിളിമാനൂർ-വാമനപുരം-വെഞ്ഞാറമൂട്-ആറ്റിങ്ങൾ-കല്ലമ്പലം-പനയറ-തോക്കാട്-വർക്കല
10. വെഞ്ഞാറമൂട്-ആറ്റിങ്ങൽ-കല്ലമ്പലം-പനയറ-വർക്കല-കാപ്പിൽ-പരവൂർ
11. കൊട്ടിയം-ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി-ചാവർകോട്-കോവൂർ-വർക്കല
12. കൊട്ടാരക്കര-ഓയൂർ-പാരിപ്പള്ളി-കല്ലമ്പലം-പനയറ-എസ്.എൻ.സി.-വർക്കല
13. തിരുവനന്തപുരം-എം.സി.-ആറ്റിങ്ങൽ-കല്ലമ്പലം-ചാവടിമുക്ക്-വർക്കല ക്ഷേത്രം വഴി-പരവൂർ
14. വാമനപുരം-ആറ്റിങ്ങൽ-കല്ലമ്പലം-പനയറ-ചാവടിമുക്ക്-വർക്കല ക്ഷേത്രം

15. പരവൂർ-പാരിപ്പള്ളി-മുത്താന-പനയറ-തോക്കാട്--വർക്കല-കടയ്ക്കാവൂർ
16. വർക്കല, ശിവിഗിരി എസ്.എൻ.സി, നടയറ, കോവൂർ, പാരിപ്പള്ളി-കൊല്ലം
17. പരവൂർ-ഊന്നിന്മുട്-നടയറി-എസ്.എൻ.സി-ശിവഗരി, വർക്കല-കടയ്ക്കാവൂർ
18. കൊട്ടിയം-പാരിപ്പള്ളി-പറകുന്ന്, മാവിന്മൂട്, കല്ലമ്പലം -ആറ്റിങ്ങൽ
19. കുളത്തൂപ്പുഴ-മടത്തറ-പാരിപ്പള്ളി-കോവൂർ-വർക്കല
20. മംഗലാപുരം-ആറ്റിങ്ങൽ-ആലംകടോ-മണമ്പൂർ-വടശ്ശേരിക്കോണം- തോക്കാട്-എസ്.എൻ.സി. വർക്കല-കാപ്പിൽ

പുതുതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ

1. പുന്നക്കാട് റോഡ് ചിറപ്പാട് കുംഭക്കാട് റോഡുമായും അവിടെനിന്നും പനയറയുമായി ബന്ധിപ്പിക്കുക.
2. പാളയംകുന്ന് അരശുവിള വായനശാല തോപ്പിൽ എണാറുവിള
3. വടശ്ശേരിക്കോണം-തറട്ട-വേലൻകോണം
4. ചാവടിമുക്ക്, മൂലക്കാട് ഏലാ റോഡ്-മഠത്തിൽ വിളാകം റോഡുമായി ബന്ധിപ്പിക്കുക.
5. മുട്ടപ്പാലം കുഴിയൻ വിളാകം റോഡ് നടയറ ശാരദാ റോഡുമായി ബന്ധിപ്പിക്കുക.
6. പോണ്ടിൻ കോളനി, ചേന്നൻകോട് ഇറിഗേഷൻ ടാങ്ക് പ്രസിഡൻറ് ജംഗ്ഷൻവരെ ബന്ധിപ്പിക്കുക.
7. ചാവർക്കോട് ലക്ഷംവീട് കോളനി റോഡ്, ആർ. കെ.എം.യു.പി.എസ് റോഡുമായി ബന്ധിപ്പിക്കുക.
8. പട്ടരുമുക്ക്-മുട്ടപ്പലം-കണ്വാശ്രമം റോഡ്

പ്രശ്നങ്ങൾ

1. പഞ്ചായത്തിനെ ഭൂമിശാസ്ത്രപരമായി രണ്ടായി വേർതിരിയ്ക്കുന്ന ചെമ്മരുതി ആറിൽ പനയറ കല്ലണയിൽ ഒരു പാലം നിർമ്മിക്കേണ്ടതിന്റെ ബുദ്ധിമുട്ട്.
2. നിലവിലുള്ള-PWD -റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.
3. റോഡുകൾ വീതിയില്ലാത്തതിനാൽ അപകട സാധ്യത കൂടുതലാണ്.
4. പ്രധാനപ്പെട്ട റോഡുകൾക്ക് ഓട നിർമ്മിച്ചിട്ടില്ല.
5. ഉള്ള ഓട ചാനലുകൾ സംരക്ഷിക്കപ്പെടുന്നില്ല.
6. കൾവർട്ടുകളുടെ അഭാവം
7. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളെയും പനയറയുമായി ബന്ധിപ്പിക്കുന്ന ബസ് സർവ്വീസുകളുടെ ആഭാവം.
8. പഞ്ചായത്ത് അവഗണനമായ പനയറയിൽ എത്തിച്ചേരുന്നതിന് മറ്റ് പ്രദേശങ്ങളിൽ ഉള്ളവർ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
9. പി.ഡബ്ല്യു.ഡി. റോഡുകൾ പല സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികൾ കയ്യേറുന്നതും തടസ്സം സൃഷ്ടിക്കുന്നു.

സാദ്ധ്യതകൾ

1. പഞ്ചായത്ത് നിവാസികവുടെ 50 വർഷത്തെ നിവേദന ചരിത്രമുവ്വള കല്ലണപ്പാലം അടിയന്തിരമായി നിർമ്മിച്ച് പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുക.
2. നിലവിലുള്ള എല്ലാ പി.ഡബ്ല്യു.ഡി റോഡുകളുടേയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർണ്ണമാക്കി ഗതാഗത യോഗ്യമാക്കണം.
3. ഞെക്കാട്-മുത്താന-ചാവർകോട്-റോഡിൽ ഓട നിർമ്മിക്കണം.
4. ഞെക്കാട്-പനയറ റോഡിന് വീതി കൂട്ടി ഓട നിർമ്മിക്കണം.
5. നിലവിലുള്ള മറ്റ് റോഡുകളുടെ ഓട ചാലുകൾ സംരക്ഷിക്കണം.
6. റോഡുകളുടെ സംരക്ഷണത്തിനുവേണ്ടി കൾവർട്ടുകൾ സ്ഥാപിക്കണം.
7. നെടുമങ്ങാട് സ്റ്റാൻഡിത്തിന്നും ഓപ്പറേഷൻ ചെയ്തു കൊണ്ടിരുന്ന നെടുമങ്ങാട്-ആറ്റിങ്ങൽ-പനയറ-ചാവടിമുക്ക്-വർക്കലക്ഷേത്രം ബസ്റൂട്ട് പുനഃസ്ഥാപിപ്പിക്കണം.
8. കൊല്ലം സ്റ്റാൻഡിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന കൊല്ലം-പാരിപ്പള്ളി-മുത്താന-പനയറ-തോക്കാട്-വർക്കല ബസ്റൂട്ട് പുനഃസ്ഥാപിക്കണം.
9. ആറ്റിങ്ങത്തിന്നും ഓപ്പറേറ്റു ചെയ്യുന്ന തിരുവനന്തപുരം -ആറ്റിങ്ങൽ കല്ലമ്പലം. പനയറ-ചാവടിമുക്ക് വർക്കല ക്ഷേത്രം ബസിന്റെ റൂട്ട് പുനഃക്രമീകരിച്ച് വർക്കല ക്ഷേത്രത്തിൽ സ്റ്റേ ചെയ്തിട്ട് രാവിലെ 5.30നുള്ള ആദ്യ സർവ്വീസ് ചാവടിമുക്ക് വഴി നടത്തുകയും അതുപോലെ അവസാന ട്രിപ്പും പനയറ-ചാവടിമുക്ക് വഴി ക്ഷേത്രത്തിൽ സ്റ്റേ ചെയ്യിക്കുകയും വേണം.
10. പി.ഡബ്ല്യു.ഡി. റോഡിലെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച ഗതാഗത തടസ്സം ഒഴിവാക്കണം.
11. വർക്കലനിന്നും-പഞ്ചായത്തിന്റെ പരിസര ഭാഗങ്ങളിലൂടെ കിഴക്കൻ മേഖലയുമായി ബന്ധിച്ചുകൊണ്ടുള്ള ബസ് സർവ്വീസുകൾ ആരംഭിക്കണം.

ഊർജ്ജം

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. കാടുകളെല്ലാം വെട്ടി വെളുപ്പിച്ച് കൃഷി ഭൂമിയാക്കുകയാൽ വിറകിന് ക്ഷാമമാണ്. വിറകിന് പുറമേ തെങ്ങിൽ നിന്ന് ദൂളുകളും വിറകിനായി ഉപയോഗിച്ചു വരുന്നു. അറുപ്പുപൊടിയും ഒരു വിഭാഗം വിറകിനായി ഉപയോഗിച്ചു വരുന്നു. വിറകിന്റെ ദൗർല്ലഭ്യം മൂലം ആഹാരസാധനത്തേക്കാളും വില കൊടുത്താലെ വിറക് ലഭ്യമാകു

കയുള്ളൂ. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ചു പാകം ചെയ്യുന്നവർ 5%ത്തിൽ താഴെമാത്രമാണ്. വിറകിൽ നിന്നും ഗ്യാസിലേക്കുള്ള മാറ്റത്തിന്റെ വേഗത കൂടി വരുന്നു. വിറകിന്റെ ക്ഷാമം നേരിടുന്നതിനുപുറമേ പരിഷത്തിന്റെ അടുപ്പുകൾ സ്ഥാപിച്ചു കിട്ടാൻ ജനങ്ങൾ ഉത്സുകരാണ്. ശാസ്ത്രസാഹിത്യപരിഷത്തിന്റെയോ, മറ്റു സന്നദ്ധ സംഘടനകളുടേയോ സഹായത്തോടെ വ്യാപകമായ ഒരു ശ്രമം നടത്തി പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും.

പഞ്ചായത്തിലെ ഇന്ധന ഉപയോഗത്തെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഇവ ലഭിക്കുന്നതിനുള്ള യാതൊരുവിധ സർവ്വെയും ഇതുവരെയും നടന്നിട്ടില്ല. എന്നാലും ഒരു കാര്യം വ്യക്തമാണ് വിറകിന്റെ ക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച് ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള സമയങ്ങളിൽ മണ്ണെണ്ണയുടെയും, ഗ്യാസിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണാം. അതോടെ സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്. റേഷൻ കടകളിൽ നിന്നും ശേഖരിച്ച **കണക്കുകളുടെ** അടിസ്ഥാനത്തിൽ പ്രതിവർഷ മണ്ണെണ്ണ ഉപയോഗം 123281.5 ലിറ്റർ ആണ്.

വൈദ്യുതി

മൂന്ന് സെക്ഷൻ ആഫീസുകളുടെ കീഴിലായിട്ടാണ് ചെമ്മരുതി പഞ്ചായത്ത് പ്രദേശം. കല്ലമ്പലം, പാലച്ചിറ, കരവാരം. ഇവ ഒറ്റൂർ, ചെറുന്നിയൂർ, ഇലകമൺ പഞ്ചായത്തുകളിലാണ്. ഒന്നാം വാർഡ് പ്രദേശം. കല്ലമ്പലം സെക്ഷന്റെ കീഴിലും 9, 10 വാർഡുകൾ കരവാരം സെക്ഷന്റെ കീഴിൽ വണ്ടിപ്പൂരയിലുള്ള ജൂനിയർ എൻജിനീയർ ഓഫീസിന്റെ കീഴിലും ബാക്കിയെല്ലാം വാർഡുകളും പാല സെക്ഷന്റെ കീഴിലുമാണ്. ഈ രംഗത്ത് ഒരു അസി. എൻജിനീയർ ഓഫീസിന്റെ ആവശ്യകത ഏറെയാണ്. കാരണം 12 കി.മീറ്ററോളം സഞ്ചരിച്ചു മാത്രമേ നിത്യേനയുള്ള വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയൂ. വണ്ടിപ്പൂര ജൂനിയർ എൻജിനീയർ ഓഫീസ് സെക്ഷൻ ആഫീസായി ഉയർത്തിയാൽപ്പോലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് അവിടെ എത്തിച്ചേരുന്നത് പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലുള്ളവർക്ക് ബുദ്ധിമുട്ടാണ്. ആയതിനാൽ വണ്ടിപ്പൂര ജൂനിയർ എൻജിനീയർ നിലനിർത്തികൊണ്ട് പഞ്ചായത്തിന്റെ മറ്റു പ്രദേശത്തെവിടെയെങ്കിലും ഒരു സബ് എൻജിനീയർ ഓഫീസ് തുടങ്ങേണ്ടതാണ്.

ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് പഞ്ചായത്തിലെ തന്നെ കക്കളത്തുക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ എല്ലാം തന്നെ അധികഭാരം വഹിക്കുന്നവയാണ്. വോൾട്ടേജ് ക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലമാണ് ഈ പഞ്ചായത്ത്. കാർഷിക മേഖലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഏറെ അപേക്ഷകർ ഇനിയുമുണ്ട്. അവയുടെ എണ്ണം വർദ്ധിച്ചു വരുന്നു. നിലവിലുള്ള വൈദ്യുതി കണക്ഷന്റെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

1	ഗാർഹികം	4803
2	വ്യാപാരം	549
3	വ്യാവസായികം	61
4	കാർഷികം	309

ഇനി വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടുന്നവരുടെ എണ്ണം.

ഓർഡിനറി	271
OTP	8
OYLC	29

പഞ്ചായത്തിലെ ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം 'കുറഞ്ഞ വോൾട്ടേജാണ്. പ്രേക്ഷണ വിതരണ രംഗത്തുള്ള നഷ്ടവും കുറച്ചുകൊണ്ടു വരേണ്ടതാണ്. അതോടൊപ്പം കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഉള്ളവ പുനഃക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. പ്രേഷണ സംവിധാനത്തിന്റെ തകരാറാണ് വൈദ്യുതി നഷ്ടത്തിന്റെ പ്രധാന കാരണം. ട്രാൻസ്ഫോർമറിന്റെ അധികഭാരവും വളരെ ദൈർഘ്യമുള്ള ലൈനുകളുമാണ് മറ്റൊരു കാരണം നിലവിലുള്ള ട്രാൻസ്ഫോർമറുകൾ.

1. വട്ടപ്ലാംമൂട്
2. അറബിക് കോളേജ്
3. എസ്.എൻ. കോളേജ്
4. ആനക്കുഴി
5. തച്ചോട്
6. മിനി ജംഗ്ഷൻ
7. കുളത്തുവിള
8. എണാറുവിള
9. ചാവടിമുക്ക്
10. മുത്താന സൗത്ത്
11. വലിയവിള
12. ചേന്നൻകോട്
13. വടശ്ശേരിക്കോണം
14. തോക്കാട്
15. ചാവർകോട്
16. മുട്ടപ്പാലം
17. വണ്ടിപ്പൂര
18. കോവൂർ-I
19. കോവൂർ-II
20. പാളയംകുന്ന്-I
21. പാളയംകുന്ന്-II
22. ചാവർകോട്

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വാർഡുകളിലെ ചില ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. പുരയിടക്കാരിൽ നിന്നും അനുവാദം വാങ്ങണമന്ന കർശന നിബന്ധനയാണ് ഇതിന് കാരണം.

എല്ലാ പട്ടികജാതി കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വീടുകൾ പൂർണ്ണമായും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	ഹരിജൻകോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബിൽ കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങൾ
1	ശ്രീനിവാസപുരം	25	7
2	തോക്കാട്	16	8
3	എണാറുവിള	28	21
4	തറട്ടയിൽ	36	22
5	പനയറ-ചെമ്മരുതി	2	-
6	കുന്നത്തുമല	3	-
7	അമ്പലത്തുംവിള	25	18
8	മുത്താന	28	22
9	അംബേദ്കർ കോളനി	6	-
10	കാട്ടുവിള കോളനി	40	32
11	വണ്ടിപ്പുര	32	30

താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് ലൈനുകൾക്ക് ആവശ്യമായി മാറ്റം വരുത്തി പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്.

ട്രാൻസ്ഫോമറുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

1. പനയറ-പോരിട്ടക്കാവ്
2. കുന്നത്തുമല
3. ചാവടിമുക്ക്
4. കുന്നുംപുറം കോളനി
5. തറട്ടയിൽ

ഇനിയും ധാരാളം തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഇപ്പോൾ 912 ബൾബുകളും 113 ട്യൂബുകളും 9 സോഡിയം വേപ്പർ ലാമ്പുകളുമാണ് തെരുവ് വിളക്കുകളായി ഉപയോഗിക്കുന്നത്. ആകെ ഭരണച്ചെലവിന്റെ 11% അതായത് 157164 രൂപ വൈദ്യുതി ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചു. ധാരാളം സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കേണ്ടുന്നതിന്റെ ആവശ്യകത ഏറുകയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ കീഴിലല്ല.
2. അടുത്തുള്ള സെക്ഷൻ ഓഫീസിൽ തന്നെ എത്തിച്ചേരുന്നതിനുള്ള ദൂരക്കൂടുതൽ.
3. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
4. പ്രേഷണ വിതരണ നഷ്ടം സംഭവിക്കുന്നു. വോൾട്ടേജ് ക്ഷാമം വർദ്ധിക്കുന്നു.
5. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും തെരുവ് വിളക്കുകളില്ല. ഉള്ളവതന്നെ ഉപയോഗപ്പെടാറില്ല.
6. പട്ടികജാതി കോളനികളിൽ ഇനിയും വൈദ്യുതി എത്താത്ത വീടുകളുണ്ട്.
7. വൈദ്യുത ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമസഭകളിൽ നിന്ന് പ്രതിഷേധമുയർന്നു.
8. കാർഷികാവശ്യത്തിന് പോലും കണക്ഷൻ കിട്ടാൻ വൈകുന്നു.
9. വ്യവസായ സംരംഭകർക്ക് വൈദ്യുതി നൽകുന്നതിനുള്ള ഉപാധികൾ സങ്കീർണ്ണമാണ്.
10. വീടുകൾ വൈദ്യുതീകരിക്കുന്നതിന് ലൈനുകൾ ഇല്ലാത്ത ഭാഗങ്ങളിൽ അടുത്ത വീട്ടുടമസ്ഥന്റെ അനുവാദം വേണമെന്നുള്ള നിബന്ധന ബുദ്ധിമുട്ടുണ്ടാക്കുന്നു.
11. ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കുമായി വൈദ്യുതി ദുർവ്യയം ചെയ്യുന്നു.
12. വിറക് ക്ഷാമം രൂക്ഷമാണ്. മണ്ണെണ്ണ പെർമിറ്റം, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നില്ല.

പരിഹാരങ്ങൾ

1. പഞ്ചായത്തിന്റെ പ്രധാനഭാഗത്തു ഒ?രു പുതിയ കണക്ഷൻ ഓഫീസ് ആരംഭിക്കുകയും പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ അതിന്റെ കീഴിൽ കൊണ്ടു വരുകയും ചെയ്യുക.
2. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. തൊട്ടടുത്ത വസ്തുക്കളിൽക്കൂടി ലൈൻ വലിക്കുന്നതിന്, ആ വസ്തു ഉടമസ്ഥന്റെ അനുവാദം വേണമെന്നുള്ള നിബന്ധന ഒഴിവാക്കുക.
4. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
5. പ്രസരണ വിതരണ നഷ്ടം ഒഴിവാക്കുക.
6. കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും പുനഃക്രമീകരിക്കുകയും ചെയ്യുക.
7. തെരുവ്വിളക്കുകൾ എത്തിച്ചേർന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ അടിയന്തിരമായി അവ സ്ഥാപിക്കുക.
8. തെരുവ് വിളക്കുകൾ കൃത്യസമയത്ത് തന്നെ കത്തുന്നു എന്ന് ഉറപ്പു വരുത്തുക.
9. പട്ടികജാതി കോളനികളിലെ വീടുകൾ മുഴുവൻ വൈദ്യുതീകരിക്കുക.
10. കൃഷി ആവശ്യത്തിന് കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുക.
11. പുതിയ വ്യവസായ സംരംഭങ്ങൾക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള ഉപാധികൾ ലഘൂകരിക്കുക.
12. വൈദ്യുതി ജീവനക്കാരെക്കുറിച്ചുള്ള പരാതികൾ ഒഴിവാക്കിക്കൊണ്ട് അവരുടെ സേവനം കാര്യക്ഷമമാക്കുക.
13. ലൈനുകളിലെ തകരാറ് പരിഹരിക്കാൻ ബോർഡ് ജീവനക്കാരുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ, വാർഡ് അടിസ്ഥാനത്തിൽ സംവിധാനമുണ്ടാകണം.
14. ലൈനുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യണം.
15. പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആസ്ഥാനത്തിൽ ബഹുജനസമ്പർക്ക പരിപാടി ആവിഷ്ക്കരിക്കണം.
16. നിശ്ചിത അളവിൽക്കൂടുൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സർചാർജ്ജ് ചുമത്തണം. സർചാർജ്ജിന്റെ തോത് ആനുപാതികമായി വർദ്ധിപ്പിക്കണം.
17. വിറക് ക്ഷാമം പരിഹരിക്കുന്നതിന് തരിശ്ഭൂമികളിൽ വൃക്ഷവത്ക്കരണം നടത്തുക.
18. പുകയില്ലാത്ത ക്ഷമത കൂടിയ പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുക.
19. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയുടെ ലഭ്യത സാർവത്രികമാക്കണം.
20. ഗ്യാസ് കണക്ഷനുകൾ ലഭിക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനത്തിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
21. ഗോബർഗ്യാസിന്റെ പ്രാദേശിക സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
22. സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം (കൂടുതൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

'തലചായ്ക്കാനൊരിടം' എന്നത് ചരിത്രാതീത കാലം മുതൽക്കുള്ള മനുഷ്യന്റെ സ്വപ്നമാണ്. ഇന്ന് മനുഷ്യാധ്വാനത്തിന്റെ നല്ലൊരു പങ്ക് വീടിനുവേണ്ടി വിനിയോഗിക്കുന്നു. നിത്യവൃത്തിക്കുവേണ്ടി പകലന്തിയോളം പണിയെടുക്കുന്ന പട്ടിണിപ്പാവങ്ങളായ പട്ടികജാതിക്കാർക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും 'സ്വന്തമായി ഒരു വീട്' ഒരു മരീചികയായി മാറിയിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കാണാനാണ് 1971 -ൽ ഗവൺമെന്റ് ലക്ഷംവീട് പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനത്ത് രണ്ടാമതായും തിരുവനന്തപുരം ജില്ലയിൽ ഒന്നാമതായും ഈ പദ്ധതി പ്രകാരമുള്ള വീടുകൾ വച്ചു പൂർത്തിയാക്കിയതു നമ്മുടെ പഞ്ചായത്താണ്. ഭവനനിർമ്മാണ രംഗത്ത് മറ്റ് പഞ്ചായത്തുകൾക്ക് ഒരു മാതൃകയായിക്കൊണ്ട് നമ്മുടെ പഞ്ചായത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തി. ഈ പദ്ധതിപ്രകാരം തോക്കാട്, കോവൂർ, മുത്താന, ചാവർകോട്, അമ്പലത്തുംവിള എന്നീ ഭാഗങ്ങളിലായി നൂറു വീടുകൾ നിർമ്മിച്ചു. അന്നത്തെ ഭവനനിർമ്മാണ മന്ത്രിയായിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻനായർ ഈ പദ്ധതി ഉത്ഘാടനം ചെയ്തു. തമിഴ്നാട് ഹരിജനക്ഷേമ മന്ത്രി ശ്രീമതി. സത്യവാണിമുത്തു വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു. മൊത്തം വീടുകളുടെ 70% പട്ടികജാതിക്കാർക്കും ബാക്കിയുള്ളവ മറ്റ് ദുർബല വിഭാഗക്കാർക്കും നല്കി. ഭവനനിർമ്മാണമടക്കമുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി അന്നത്തെ സർക്കാർ ശ്രീ. അലിഹസ്സൻ പ്രസിഡന്റായ നമ്മുടെ പഞ്ചായത്തിനെ ജയന്തി പഞ്ചായത്തായി പ്രഖ്യാപിച്ചു.

നാലു സെന്റ് സെറ്റിൽമെന്റ് കോളനിയ്ക്കു വേണ്ടിയും തുടർന്നു പാളയംകുന്നു മൂലവിളയിലും, മുത്താനകുന്നുവിളയിലും, പനയറ തട്ടാത്തൊടിയിലും, കോവൂർ അരശുവിളയിലും സ്ഥലം വിലയ്ക്കു വാങ്ങി വിതരണം ചെയ്യുകയും അതിനു പട്ടയം നൽകുകയും ചെയ്തു. ടി സ്ഥലങ്ങളിൽ ജവഹർ റോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന, മില്യൺ വെൽ പദ്ധതി എന്നിവയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു വരുന്നു. ഇനിയും നാല്പതു ശതമാനം പട്ടികജാതി കുടുംബങ്ങൾക്കും, ഇരുപതു ശതമാനം ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും വീടുകൾ നിർമ്മിച്ചു നൽകേണ്ടിയിരിക്കുന്നു.

ശ്രീനിവാസപുരം, വണ്ടിപ്പുര, കോവൂർ മാവിള, തറട്ട, പോങ്ങുവാരം, കുന്നത്തുമല, കുളത്തുവിള, ഞെക്കാട് പൊയ്കയിൽ, പനച്ചുവിള, കോക്കാട്, മുത്താന പുതുവൽ, എണാർവിള തുടങ്ങിയ പ്രധാനപ്പെട്ട ഹരിജൻ കോളനികളിലെ വീടുകളുടെ നിലയും ശോചനീയമാണ്. കുടിവെള്ളം, വൈദ്യുതി, ഗതാഗതം എന്നിവയിൽ ഇന്നും തികച്ചുണ പരിഹാരം കാണാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ ഇപ്പോൾത്തന്നെ ആകെ 9731 വീടുകൾ ഉള്ളതിൽ 2915 കോൺക്രീറ്റ് വീടുകളും 2994 ഓലമേഞ്ഞ വീടുകളും 3296 ഓടുമേഞ്ഞ വീടുകളും ആണ്. ഇനിയും 237 കുടുംബങ്ങൾ വീടില്ലാത്തവരായിട്ടുണ്ട്.

വാർഡ് നമ്പർ	വീട് ആവശ്യമുള്ള വരുടെ എണ്ണം	വിവിധ പരിപാടികളി ലായി അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
I	28	13	11	13
II	54	18	16	36
III	32	16	14	16
IV	24	9	8	15
V	62	18	14	44
VI	18	6	5	12
VII	21	10	8	11
VIII	42	14	10	28
IX	46	16	12	30
X	45	15	12	30
Total	375	135	110	237

ഭൂമിയും, പാർപ്പിട സൗകര്യവും ഇല്ലാത്തവർക്ക് ഭൂമിവാങ്ങി വീടു വയ്ക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുകയാണ് വേണ്ടത്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്ക്, എൽ. ഐ. സി., ഹൗസിംഗ് സൊസയിറ്റി, ഹൗസിംഗ് ബോർഡ് എന്നിവ പാർപ്പിടസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ധനസഹായം നല്കി വരുന്നു. എങ്കിലും പര്യാപ്തമല്ല. കൂടുതൽ ആനുകൂല്യങ്ങൾക്കും, ധനസഹായങ്ങൾക്കും ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘത്തിന്റെ സേവനം ആവശ്യമാണ്.

ഇപ്പോഴും കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്. ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നിലവിലുള്ള പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എങ്കിലും ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം വീടിന് അർഹതയുള്ളവരുടെ എണ്ണവും അനുവദിക്കപ്പെവരുടെ എണ്ണവും തമ്മിലുള്ള അന്തരം വളരെ വലുതാണ് എന്ന് കാണാം. അനുവദിച്ച വീടുകൾ തന്നെ പൂർത്തിയാക്കാത്ത സ്ഥിതിയും ഉണ്ട്. അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഇനിയും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ പേരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

സർക്കാരിൽ നിന്നും മറ്റും സഹായം കിട്ടാത്തതുകൊണ്ടും കിട്ടിയ തുക തികയാത്തതു കൊണ്ടും ജനങ്ങൾ പലപ്പോഴും സാമ്പത്തിക സഹായത്തിന് മറ്റ് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. തത്ഫലമായി ഉയർന്ന പലിശ നിരക്ക് മറ്റ് നിയന്ത്രണങ്ങൾ എന്നിവയെ തുടർന്ന് ഗുണഭോക്താക്കളെ സാമ്പത്തിക തകർച്ചയിലേക്ക് നയിക്കുന്ന അനുഭവങ്ങളും വിരളമല്ല.

നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവ്, സാധന സാമഗ്രികളുടെ വില വർദ്ധനവ് തൊഴിലാളികളെ യഥാസമയം കിട്ടാത്ത അവസ്ഥ എന്നിവയും കൂടുതൽ ബുദ്ധിമുട്ടിന് ഇടയാക്കുന്നു. പുരുഷൻമാരായ തൊഴിലാളികളേക്കാൾ സ്ത്രീ തൊഴിലാളികൾക്ക് താരതമ്യേന കൂലി നിരക്ക് കുറവാണ്. 1991 ലെ സെൻസസ് പ്രകാരം മൊത്തം നാനൂറ്റി പതിനേഴ് നിർമ്മാണത്തൊഴിലാളികൾ ഉണ്ട്.

പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വില വർദ്ധനവ്
2. സാമ്പത്തിക പരിമിതി, വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം
3. വായ്പ നല്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ കുറവ്. ഉയർന്ന പലിശ നിരക്ക്. സങ്കീർണ്ണമായ ഉപാധികൾ.
4. വീട് പുതുക്കി പണിയുന്നതിനുള്ള സാമ്പത്തി സഹായം ലഭിക്കുന്നതിനുള്ള തടസ്സം.
5. കോളനി പ്രദേശങ്ങളിൽ കുടിവെള്ളം, വൈദ്യുത കക്കൂസ്ര, ഗതാഗത സൗകര്യം എന്നിവയുടെ കുറവ്
6. ചെലവു കുറഞ്ഞ വീടു നിർമ്മിക്കുന്നതിനുള സാങ്കേതിക ബുദ്ധിമുട്ട്
7. ഭൂമി ലഭിക്കുന്നതിനുള്ള പ്രയാസം
8. ലക്ഷംവീടുകളുടെയും കോളനികളുടെയും മറ്റ ഹൗസിംഗ് കോളനികളുടെയും ശോച്യാവസ്ഥ, പട്ടയ ലഭിക്കുന്നതിനുള്ള കാലതാമസം.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ വായ്പ നൽകുന്നതിനുള്ള പ്രത്യേക സഹകരണസംഘം സ്ഥാപിക്കുക.
2. ഭവന നിർമ്മാണ സാധനങ്ങൾ സഹകരണ സംഘ ങ്ങൾ വഴി വില കുറച്ചു നൽകുക.
3. ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ നിർമ്മാണച്ചെലിവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക.
4. സർക്കാർ പദ്ധതിപ്രകാരം അനുവദിക്കപ്പെടുന്ന വീടുകളുടെ ഉപാധികൾ ലഘൂകരിക്കുക. പലിശ നിരക്ക് അടവ് സംഖ്യയുടെ തോത് എന്നിവ കുറയ്ക്കുക.
5. ഈ പരിഹാര മാർഗ്ഗങ്ങൾ മുഖേന പിന്നോക്കവിഭാഗങ്ങൾക്കും മറ്റു വിഭാഗങ്ങൾക്കും ഉള്ള വീടുകളുടെ ശോച്യാവസ്ഥക്ക് പരിഹാരം കാണണം.
6. ഭവന നിർമ്മാണ വായ്പ പദ്ധതികളുടെ മേൽനോട്ടവും നിർവ്വഹണവും പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടു വരുക.
7. പ്രാദേശികമായി ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാധനങ്ങൾ നിർമ്മിക്കാനും, വിതരണം ചെയ്യുവാനും വേണ്ട സംവിധാനത്തിന്റെ സാധ്യത ആരായുക. സഹകരണ മേഖലയിൽ ഇത്തരം ഒരു സ്ഥാപനം ആരാഭിക്കുക.
8. നിർമ്മിതിയുടെ ഒരു ആഫീസ് തുടങ്ങുക, ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക.
9. നിർമ്മാണ തൊഴിലാളികളുടെ മൾട്ടി സർവ്വീസ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.
10. തൊഴിൽ സൗകര്യം നഷ്ടപ്പെടാതെ നിശ്ചിത പരിധിയിൽ നിന്നുകൊണ്ടു തന്നെ ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന സ്ഥലം വിലയ്ക്ക് വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

11. കോളനികളുടെ അഭിവൃദ്ധിക്ക് എല്ലാവിധ സഹായങ്ങളും, വികസനങ്ങളും കാലതാമസം ഇല്ലാതെ നൽകുക.

12. നിശ്ചിത പരിധിക്കുള്ളിൽ ഭവനരഹിതരായ മുഴുവൻ ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും വീട് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക.

13. ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് പ്രാഥമികമായി വീടു നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള മിച്ചഭൂമി, പുറംപോക്ക് എന്നിവ കണ്ടെത്തുകയും അവ അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുക.

14. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ അഞ്ചു വർഷത്തിനകം മുഴുവൻ കുടുംബങ്ങൾക്കും വീട് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട പദ്ധതി ആവിഷ്ക്കരിക്കുക.

15. മൈത്രീ ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പരിധി ഉയർത്തുക.

സാമൂഹ്യക്ഷേമം

ഏറെക്കാലമായി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ നിലവാരം വളരെയേറെ ഉയർന്നിട്ടുണ്ട്. എന്നാൽ സാമൂഹ്യക്ഷേമ ഗുണനിലവാരം വസ്തുനിഷ്ഠമായി കണക്കാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ഐ. ആർ. ഡി. പി. സർവ്വേയിലും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിലും വ്യാപകമായ പരാതി നിലവിലുണ്ട്. ഇന്ത്യയിലെ ദരിദ്ര ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യം വച്ചുകൊണ്ട് വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇവ എന്തൊക്കെയാണെന്നുള്ള ഗുണഭോക്താക്കളുടെ അറിവില്ലായ്മ, ഉദ്യോഗസ്ഥ വൃന്ദവും, മറ്റ് ഇടനിലക്കാരും പരമാവധി ചൂഷണം ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ താഴെത്തട്ടിലോട്ട് എത്തുന്നുണ്ടോ എന്ന് സമഗ്രമായി പരിശോധിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന 1887 കുടുംബങ്ങൾ ആണുള്ളത്. ഇതിന്റെ വാർഡുതിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	സാമ്പത്തിക സഹായം നാളിതു വരെ ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
I	229	28	20	9	20	209
II	262	54	33	20	31	231
III	132	47	30	18	30	102
IV	129	53	16	9	16	113
V	199	59	34	23	31	168
VI	139	6	19	6	19	120
VII	220	70	26	6	26	194
VIII	171	56	21	10	20	151
IX	145	72	27	16	27	118
X	261	71	39	22	38	223
Total	1887	516	265	139	258	1629

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടു വരുക എന്ന ലക്ഷ്യത്തോടെ ഗ്രാമ വികസന വകുപ്പ് വിവിധ സ്കീമുകൾ പ്രകാരം ഇതിനകം 265 കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കിയതായി കാണുന്നു. ഇതിൽ 139 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. സഹായം ലഭിച്ചവരിൽ 265 കുടുംബങ്ങൾ ദാരാദ്ര്യരേഖയ്ക്കു മുകളിലെത്തിയതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

ഡി. ഡബ്ല്യു. സി. ആർ. പ്ര.

18 നും 35 നും ഇടയ്ക്ക് പ്രായമുള്ളതും ഐ. ആർ. ഡി. പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവർക്ക് തൊഴിൽ പരിശീലനം നൽകുന്നതുമായ പദ്ധതിയാണിത്. പത്തു ശതമാനം പലിശ നിരക്കിൽ ബാങ്ക് വായ്പയും മൂന്നിലൊന്നു ഭാഗം സബ്സിഡിയും ഇതുവഴി ലഭിക്കുന്നു. ഡി. ഡബ്ല്യു. സി. ആർ. എ. പദ്ധതി അനുസരിച്ച് ഇതിനകം രണ്ടു യൂണിറ്റ് മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതിൽ ഒന്നു പനയറ നാലാം വാർഡിലും ഒന്ന് മുത്താന 11-ാം വാർഡിലുമാണ്. ഇത്തരം യൂണിറ്റ് ആവശ്യമുള്ളവ മറ്റു വാർഡുകളിലും വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമായി കാണുന്നു.

വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
1995 - 96	23

ട്രൈസം

ട്രൈസം പദ്ധതി പ്രകാരം 18 നും 35 നും ഇടയ്ക്ക് പ്രായം ഉള്ളതും ഐ. ആർ.ഡി. പി സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇതിൻ കീഴിൽ ഇതിനകം 35 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 29 പേർ സ്വയം തൊഴിൽ കണ്ടെത്തിയതായാണ് പട്ടിക വ്യക്തമാക്കുന്നത്. കമ്പോസിംഗ്, പ്രിന്റിംഗ്, റേഡിയോ റിപ്പയറിംഗ്, ചൂരൽപ്പണി, ഫ്രൂട്ട് പ്രിസർവേഷൻ യൂണിറ്റ് എന്നീ വിഷയങ്ങളിൽ പരിശീലനം നേടിയവർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്താൻ വിജയിച്ചിട്ടുള്ളു. എന്നാൽ മറ്റു വിഷയങ്ങളിലുള്ള പരിശീലനത്തിന്റെ അപര്യാപ്തതയാണോ, പ്രാദേശികമായ തൊഴിൽ സാദ്ധ്യതയുടെ ഇല്ലായ്മയാണോ സ്വയം തൊഴിൽ കണ്ടെത്താൻ തടസ്സമായി നിൽക്കുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖലയിൽ പരിശീലനം കൊടുക്കുന്നതിലേക്കുള്ള ആസൂത്രണത്തെക്കുറിച്ച് പരിശോധിക്കേണ്ടിയിരിക്കുന്നു.

ടൂൾ കിറ്റ്

ഗ്രാമീണകൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയനുസരിച്ച് ഇതു വരെയായി മുപ്പത് പേർക്ക് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർ 121 പേരുണ്ട്. ഇനി 94 പേർക്ക് അർഹത ലഭിക്കുവാനുണ്ടെന്നാണ് കണക്കുകൾ.

സി. ആർ. എസ്. പി.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. 1992-93 മുതൽ 1995-96 വരെ നമ്മുടെ പഞ്ചയാത്തിൽ 12 കക്കൂസുകൾ നിർമ്മിച്ചു നൽകി.

ജെ. ആർ. വൈ പദ്ധതി

ജെ. ആർ.വൈ പദ്ധതി പ്രകാരം 1992-93 മുതൽ 1995-96 വരെ പഞ്ചായത്തിൽ നിന്നും 64 കക്കൂസുകൾ നിർമ്മിച്ചുനൽകയിട്ടുണ്ട്.

മാതൃസംരക്ഷണം

ഗ്രാമീണവികസനവകുപ്പ് മുഖേന അനുവദിച്ചിരിന്ന ആറ് ബാലവാടികൾക്കും പുറമേ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നു. ഇപ്പോൾ ആരംഭിച്ച 9 അംഗൻവാടികളും ഉൾപ്പെടെയുള്ള 15 അംഗൻവാടികളും ഉൾപ്പെടെയുള്ള 15 അംഗൻവാടികളും, പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ ശ്രീനവാസപുരം ഹരിജൻ കോളനിയിൽ ഉള്ള ഒരു നഴ്സറി സ്കൂളും, ഒരു ശിശുവിഹാറും പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ക്രമ നമ്പർ	ബാലവാടിയുടെ പേര്	കെട്ടിടം	പഠിക്കുന്നകുട്ടികളുടെ എണ്ണം
1.	മാവിൻമൂട്	സ്വന്തം	47
2.	ഖാദി ജംഗ്ഷൻ	വാടക	പുതുതായി ആരംഭിച്ചു
3.	കുന്നത്തുമലബാലവാടി	വാടക	പുതുതായി ആരംഭിച്ചു
4.	തറട്ടയിൽ ബാലവാടി	സ്വന്തം	45
5.	തോക്കാട് ബാലവാടി	സ്വന്തം	-
6.	പ്രാലയഗിരി ബാലവാടി	വാടക	പുതുതായി ആരംഭിച്ചു
7.	പനയറ ദേവിവിലാസം	സ്വന്തം	-
8.	പാട്യാരത്തുവിള	വാടക	പുതുതായി ആരംഭിച്ചു
9.	ഹരിജൻ കോളനി	വാടക	പുതുതായി ആരംഭിച്ചു
10.	മുട്ടപ്പലം മടത്തുവിളാകം	വാടക	പുതുതായി ആരംഭിച്ചു
11.	കോവൂർ വണ്ടിപ്പുര	വാടക	പുതുതായി ആരംഭിച്ചു
12.	കോവൂർ ബാലവാടി	സ്വന്തം	പുതുതായി ആരംഭിച്ചു
13.	ചാവർകോടു ബാലവാടി	വാടക	പുതുതായി ആരംഭിച്ചു
14.	മുത്താപുതുവൽ	സ്വന്തം	53
15.	മുട്ടപ്പലം ബാലൻവാടി	സ്വന്തം	60

മേൽപ്പറഞ്ഞ അംഗൻവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ് സ്ത്രികളുടെ വായനശീലം പ്രോത്സാഹിപ്പിക്കുന്നതിന് പുസ്തകങ്ങൾ വീട്ടിൽ എത്തിക്കുന്നതിന് വേണ്ടവിധം ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, വിജ്ഞാവേദികൾ രൂപികരിക്കുകയും ചെയ്യണം. അതിനുപുറമേ മാതൃശിശുസംരക്ഷണത്തോടൊപ്പം. സാമൂഹ്യക്ഷേമ വകുപ്പുകളുടെ വിവിധ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും നൽകണം. വനിതകൾക്കെല്ലാം സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള തൊഴിൽപരീശിലന യൂണിറ്റുകൾ ആരംഭിക്കണം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടതാണ്.

മിശ്രവിവാഹിതരായ ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കണ്ടറിഞ്ഞ് പരിഹാരമാർഗ്ഗം കാണണം. അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നതിനും അതുവഴി ജാതീയ വിവേചനം ഇല്ലാതാക്കി സാമൂഹ്യസമത്വം ഉറപ്പുവരുത്തുന്നതിനും ശ്രമിക്കേണ്ടിയിരിയിക്കുന്നു. മാത്രമല്ല മിശ്രവിവാഹിതരായ കുടുംബങ്ങൾക്കും അവരുടെ സന്താനങ്ങളുടെ ആവശ്യംവേണ്ടുന്ന സാമ്പത്തികസഹായം ഉറപ്പുവരുത്തണ്ടത് ആണ്.

പെൻഷൻ സഹായങ്ങൾ

സർക്കാരിന്റെ വിവിധ പെൻഷൻ ധനസഹായ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്ന ..... പേർ. ഈ പഞ്ചായത്തിലുണ്ട് പെൻഷൻ ആനുകൂല്യത്തിനുള്ള ധാരാളം പേർ ഉണ്ട്. പക്ഷേ നിയമത്തിനുള്ള സാങ്കേതിക പ്രശ്നങ്ങളും കാലതാമസവും കാരണം അർഹരായ പലർക്കും പെൻഷൻ ആനുകൂല്യങ്ങൾ ഇനിയും കിട്ടിയിട്ടില്ല. ഇങ്ങനെയുള്ളവരെ വിവിധ സാമൂഹ്യക്ഷേമ പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തേണ്ടതിന്റെ കാര്യക്ഷമത ഇനിയും ഏറെ വർദ്ധിക്കേണ്ടിയിരിക്കുന്നു.

വിവിധ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം

ക്രമനമ്പർ	ഇനം	സഹായധനം ലഭിക്കുന്നവരുടെ എണ്ണം
1.	വിധവപെൻഷൻ	12
2.	വാർദ്ധക്യകാലപെൻഷൻ	1
3.	അഗതി പെൻഷൻ	24
4.	വികലാംഗപെൻഷൻ	11
5.	കർഷകതൊഴിലാളി പെൻ:	74
6.	തൊഴിലായ്മവേതനം	155

തൊഴിലില്ലായ്മ

എട്ട് പഞ്ചവത്സര പദ്ധതികൾ പൂർത്തിയായെങ്കിലും ഇന്നും പരിഹാരം കാണാൻ കഴിയാത്ത ഒരു സാമൂഹ്യ പ്രശ്നമാണ്. തൊഴിലില്ലായ്മ മനുഷ്യാധ്വാനം പൂർണമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് നിദാനം. പ്രദേശീക വിഭവങ്ങൾ ചൂഷണം ചെയ്തകൊണ്ടാണ് പ്രാദേശിക വിപണികൾ ലക്ഷ്യമാക്കിയുള്ള ഉൽപന്നങ്ങൾ ഉണ്ടാകുന്ന പദ്ധതികൾക്ക് നമുക്ക് ജനീകയസൂത്രണ പദ്ധതി രൂപം കൊടുക്കണം. മറിച്ചൊരു പരിഹാരം അസാധ്യമാണ്. വരുന്ന അഞ്ചുവർഷം കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്താനും ഗാന്ധിജി വിഭാവന ചെയ്ത ഗ്രാമസ്വരാജ് കൈവരിക്കാനും കഴിയണമെങ്കിൽ മനുഷ്യദ്ധ്വാനം പൂർണമായി വിനിയോഗിക്കണം.

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ നടപ്പിലാക്കുമ്പോൾ കാർഷിക

വ്യവസായിക രംഗത്തുവരാൻ പോകുന്ന പുരോഗതി സാമൂഹ്യക്ഷേമരംഗത്തും പ്രതിലഭിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പ്രശ്നങ്ങൾ

1. ഗ്രാമീണ ജനങ്ങളിലെ തൊഴിലിലയ്മയും ഭാഗികമായി മാത്രം ഉണ്ടാകുന്ന തൊഴില വസരങ്ങളും.
2. അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.
3. മഹിളാസമാജങ്ങളുടെ പ്രവർത്തനം എല്ലാവാർഡിലും കാര്യക്ഷമമല്ല. പഞ്ചായത്ത് തലത്തിൽ ഏകോപനമില്ല.
4. അംഗൻവാടികളുടെ കുറവ് അവയ്ക്ക് സ്വന്തമായി സ്ഥലം കിട്ടാനുള്ള പ്രയാസം.
5. നിലവിലുള്ള അംഗൻവാടികൾക്ക് ആവശ്യമായ കളിക്കോപ്പുകളും മറ്റുപകരണങ്ങളും കിട്ടാനുള്ള കാംതാമസം.
6. അംഗൻവാടി അദ്ധ്യാപകരുടെ പരിമിതമായ ശമ്പളം.
7. കുട്ടികളുടെ പോഷകാഹാരക്കുറവ്.
8. അർഹതപ്പെട്ടവർക്ക് മിച്ച ഭൂമിലഭിക്കാത്ത അവസ്ഥ
9. വാർത്താവിനിമയ സൗകര്യങ്ങളുടെയും, തപാൽ വിതരണങ്ങളുടേയും സൗകര്യക്കുറവ്.
10. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവ് വിലവർദ്ധനവ്.
11. ന്യായവില ഡിപ്പോകളുടെ ദൂരപരിധി.
12. തൊഴിലവസരങ്ങളുടെ കുറവ്.
13. തൊഴിലാളികളുടെ തൊഴിൽ മേഖലയും, താമസ സ്ഥലവും തമ്മിലുള്ള ദൂരപരിധി.

പരിഹാരനിർദ്ദേശങ്ങൾ

1. ഐ. ആർ.ഡി. പി. പദ്ധതിലിസ്റ്റിൽപ്പെട്ട ഗുണ ഭോക്താക്കൾക്ക് അർഹമായ ക്ഷേമപദ്ധതികൾ.
2. ചൂഷണങ്ങൾക്ക് വിധേയരാകതെ ആവശ്യമായ ബോധവൽക്കരണം നൽകുക.
3. പെൻഷൻതുക വർദ്ധിപ്പിക്കുക. അനുവദിക്കാനുള്ള കാലതാമസം ഒഴിവാക്കുക.
4. തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.
5. ബാലവാടി, നഴ്സറി, എന്നിവയിലെ പ്രവർത്തകരെ പ്രീപ്രൈമറി ടീച്ചർമാരായി അംഗീകരിക്കുക.
6. തൊഴിലാളികളുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക.
7. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വാർഡുകൾതോറും, കാര്യക്ഷമമാക്കുക. പഞ്ചായത്തു തലത്തിൽ ഏകോപനസമിതി രൂപീകരിക്കുക.
8. കർഷകതൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ബീഡിതൊഴിലാളി ക്ഷേമനിധി തുടങ്ങിയവ കാര്യക്ഷമമാക്കുക.
9. ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുക.
10. സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഇവ ലഭ്യമാക്കുക.
11. അമ്മമാരുടെ, കുട്ടികളുടെയും പോഷകാഹാര പരിപാടി മെച്ചപ്പെട്ടതാക്കുക.
12. 1960 മുതൽ പ്രവർത്തനം ആരംഭിച്ചതും പഞ്ചായത്തിന്റെ ഹൃദയഭാഗവും ആയ പനയറയിൽ സ്ഥിതിചെയ്യുന്നതുമായ ബ്രാഞ്ച് പോസ്റ്റാഫീസ് സബ്ബ് പോസ്റ്റാഫീസായി ഉയർത്തുക.
13. ന്യായവില ഡിഷോപ്പുകളുടെ ഭൂപരിധി കുറയ്ക്കുവാൻ പുതുതായി ഡിപ്പോകൾ അനുവദിക്കുക.
14. പഞ്ചായത്തിലേക്ക് ഒരു മാവേലിസ്റ്റോർ അനുവദിക്കുകയും, നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക.
15. I.R.O.P. സർവ്വെപ്രകാരം ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്ന അവശേഷിക്കുന്നവർക്ക് കൂടി പദ്ധതികൾ ലഭ്യമാക്കുക.
16. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.

17. ഇടത്തട്ടുചൂഷണം അവസാനിപ്പിക്കുക.

18. ട്രൈസം പദ്ധതി പ്രകാരം കൂടുതൽ പേർക്ക് പരീശീലനം നല്കി സ്വയം തൊഴിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കുക,

പട്ടിക 4

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ്	നാനിട്ടറി കക്കൂസ്കൾ പുനർ നിർണ്ണയ ഐ. ആർഡി.പി ത്തിനു മുമ്പുള്ള സർവേപ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം)	പൂർത്തികരിച്ച കക്കൂസ് കളുടെ എണ്ണം	ഇനികക്കൂസുകൾ വേണ്ടകുടു കുടുംബങ്ങളുടെ എണ്ണം
I	28	5	5	23
II	34	7	6	27
III	24	4	4	20
IV	18	4	4	14
V	30	10	9	20
[illegible]	[illegible]	6	5	12
VII	36	[illegible]	7	28
VIII	[illegible]	6	[illegible]	33
IX	[illegible]	7	5	21
X	35	7	6	[illegible]
ആകെ.	290	64	56	226

സംസ്കാരം

ഓരോ ദേശത്തിന്റെയും സംസ്കാരം അവിടത്തെ ജനതയുടെ സമസ്തജീവിത മേഖലയുടെയും സഞ്ചയമാണ്. ഈ മേഖലകളെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ പ്രധാനമായും സാമൂഹിക വ്യവസ്ഥിതി, അധികാര വിനിയോഗത്തിന്റെ സ്വഭാവം, സമ്പത്ത് ഘടനയുടെ സ്വഭാവം, കൃഷിയുടെ സ്വാധീനം, പാരമ്പര്യമൂല്യങ്ങളുടെ പ്രസക്തി, മതം, ജാതി, വർഗ്ഗം, ആചാരം തുടങ്ങിയവയാണ്. ഈ ഘടകങ്ങളുടെ സ്വാധിനത തന്നെ ഭൗതികമായ സാഹചര്യങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം സാംസ്കാരി വൈജാത്യങ്ങളും രൂപപ്പെടുന്നു. പാശ്ചത്യ പൗരസ്ത്യ സംസ്കാരങ്ങളുടെ വ്യക്തമായ വ്യത്യാസം തന്നെ ഉദാഹരണമായി കാണാം. ഈ സാഹചര്യത്തിൽ എന്താണ് സംസ്കാരം എന്ന ചോദ്യത്തിന് സങ്കീർണ്ണങ്ങളായ ഒത്തിരി ഉത്തരങ്ങൾ നൽകേണ്ടിവരുന്നു. ഈ ഉത്തരങ്ങൾ നൽകുമ്പോഴേക്കും സംസ്കാരത്തെ മാത്രമല്ല നാഗരികതയേയും നിർവചിക്കേണ്ടിവരുന്നു. ഒരു നദീതീരത്തും നൈൽ നദിതീരത്തും രൂപം കൊണ്ടത് ഒരു സംസ്കാരിയുടെ സംസ്കാരമാണോ നാഗരികതയാണോ എന്ന സങ്കീർണ്ണമായ ഈ ചോദ്യത്തിന് നിരവധി വാദമുഖങ്ങളോടെ ഉത്തരങ്ങൾ ഉയർന്നു വരുന്നത് സ്വാഭാവികം മാത്രം. ഇവയോട് പൂർണ്ണമായും യോജിക്കുകയോ പരിപൂർണ്ണമായും വിയോജിക്കുകയോ ചെയ്യാം. ഈ സാഹചര്യത്തെ മുൻനിർത്തിയാകാം ഭാരതീയ ദാർശനികനായ ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽ പ്രസ്താവിച്ചത് "Only culture in the world that is Agriculture" ലോകത്ത് ഒരേ ഒരു സംസ്കാരം അത് കൃഷിമാത്രമാണ്. മാനവ ചരിത്രത്തിലെ നാഴികക്കല്ലുകളെ സസൂക്ഷ്മം നിരീക്ഷണം ചെയ്തുകൊണ്ടുള്ള ഈ പ്രഖ്യാപനത്തെ എങ്ങനെ നിരസ്സിക്കാനാവും. കാട്ടുമൃഗങ്ങളെ പോലെ വേട്ടയാടി ജീവിച്ച കാട്ടുമനുഷ്യർ ചൊവ്വായിൽ വിളയുന്നു ചെമ്പഴുക്കയെ തേടിപ്പോകുന്നിടം വരെ കൊണ്ടെത്തിച്ചത് കൃഷിയെന്ന സുകൃതം തന്നെയാണ്. കൃഷി ആരംഭിച്ചതോടെ വെട്ടയാൽ എന്നിടത്ത് ഉൽപ്പാദനം സ്ഥാനം പിടിച്ചു. ശിലായുഗം കഴിഞ്ഞ് ഗുഹകളിൽ താമസിച്ചിരുന്ന മനുഷ്യൻ കൃഷിയുടെ പരിരക്ഷാർത്ഥം കൃഷിഭൂമിക്ക് സമീപം വൃക്ഷകൊമ്പുകളിൽ വീട് ഉണ്ടാക്കി. ക്രമേണ വീടുകൾ വൃക്ഷകൊമ്പിൽ നിന്നും ഭൂമിയിലാക്കി. ഇതോടെ ചിട്ടയായ കുടുംബജീവിതത്തിനും തുടക്കമായി. മനസ്സും ശരീരവും കൃഷിയിൽ സമർപ്പിച്ച് കൃഷിയുടെ നാശത്തിന് കാരണമാകുന്ന പ്രകൃതി ശക്തികളെ ഭയന്ന് ഭയം ആരാധനക്ക് വഴിമാറി പ്രകൃതിയെ ആരാധിച്ചുകൊണ്ടു തുടങ്ങിയത് വിവിധ മതങ്ങളിലും ദൈവങ്ങളിലും എത്തിച്ചേർന്നു. ഇതോടെ ക്ഷേത്രങ്ങളും കലകളുമുണ്ടായി. സംഗീതവും നൃത്തവും ഉണ്ടായി. മനുഷ്യ മനസ്സ് കൂടുതൽ തരളമായി. അവൻ വേദനിക്കാൻ തുടങ്ങി. ഒപ്പം സുഖിക്കാനും. ജീവിതം അങ്ങനെ പലതിനും വഴിമാറി.

ഡോക്ടർ രാധാകൃഷ്ണന്റെ പ്രഖ്യാപനത്തിന് ജീവൻ നൽകിക്കൊണ്ട് ഒരു പഞ്ചായത്ത് - കൃഷിയും ജീവിതവും പരസ്പര പൂരകങ്ങളായ ഒരു പ്രദേശം - ചെമ്മരുതി. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ 15.54 ചതുരശ്ര കിലോ മീറ്റർ ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്ന സാംസ്കാരിക തനിമയുടെ പച്ചത്തഴപ്പുകൾ നേടിയെടുത്തത് വയലേലകളിൽ നിന്നും ആരാധനാ കേന്ദ്രങ്ങളിൽ നിന്നുമാണ്. നീണ്ടു നിവർന്നു കിടക്കുന്ന പാടശേഖരങ്ങളിൽ ഞാറു നടാൻ നിലം ഒരുക്കുമ്പോൾ കലപ്പ കൊണ്ട് എഴുതുന്ന രേഖാചിത്രങ്ങൾക്ക് നിറക്കൂട്ട് പത്തരമേനി വിളയിച്ചു തരുന്ന വളക്കൂറുള്ള മണ്ണുതന്നെ ഞാറു നടാൻ ഇറങ്ങുമ്പോൾ ഉയരുന്ന നാടൻ പാട്ടുകളുടെ ശീലുകൾ മനസ്സിനും ശരീരത്തിനും കുളിർമ്മ നൽകുന്നു. അക്ഷരത്തിന്റെ അർത്ഥങ്ങളോ വരികളുടെ താളാത്മകതയോ ഒന്നുമല്ല ഇവിടെ പ്രശ്നം. നെഞ്ചു നിറഞ്ഞുവരുന്ന ഒരു തൊഴിലിന്റെ ആത്മസമർപ്പണത്തിന്റെ സംഗീതം മാത്രമാണ് കൈകളിൽ നിന്നും നെൽ വിത്തുകൾ ചേറിലേയ്ക്ക് പതിക്കുമ്പോൾ ഉണ്ടാകുന്ന സപ്തസ്വരങ്ങൾക്കുമപ്പുറമാണ്. കൃഷിയിടങ്ങളിൽ വെള്ളം തേവുമ്പോഴും കാളകളെ കെട്ടി വായുവേഗത്തിൽ പാഞ്ഞു പോകുമ്പോഴും ഉണ്ടാകുന്ന ശക്തി അനശ്വരമാണ്. കൃഷിയുടെ ഇത്തരത്തിലുള്ള ആത്മവികാസം അതിന്റെ എല്ലാ അളവിലും നേടിയെടുത്ത ഈ പ്രദേശത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങൾ സ്വാഭാവികമായും ആരാധനാകേന്ദ്രങ്ങളാണ്. ഈ പഞ്ചായത്തിന്റെ മുഴുവൻ ആത്മശക്തിയായി നിലകൊള്ളുന്നത് പനയറ, തൃപ്പോരിട്ടകാവ് ക്ഷേത്രം തന്നെയാണ്. നൂറ്റാണ്ടുകളായി ഐതിഹ്യത്തിനും യാഥാർത്ഥ്യത്തിനും രൂപകമായി ഈ ക്ഷേത്രം നിലകൊള്ളുന്നു. ശ്രീ ഭഗവതിയാണ് പ്രതിഷ്ഠ. ആചാരനുഷ്ഠാനങ്ങൾ കൊണ്ട് വൈവിധ്യമാർന്നതും പ്രകൃതിയുടെ അഭീഷ്ടംകൊണ്ട് ചാരുതയാർന്നതുമായ ഈ ക്ഷേത്രം തൃപ്പോരിട്ടക്കാവ് ആയതിന് ഒരു കഥയുണ്ട്. ചുറ്റുമതിലിനു വെളിയിൽ [illegible] പടിഞ്ഞാറായി നീണ്ടുനിവർന്നു കിടക്കുന്ന [illegible] ടെ കാളിയൂട്ടു നടന്ന ഒരുനാൾ [illegible] കാളിയൂട്ടുപറമ്പ്. ഇവിടെ ഭദ്രകാളിയും ദാരികനും പരസ്പരം പോരിനു വിളിച്ചു. നിമിഷങ്ങൾ കൊണ്ട് രംഗം ആകെ മാറി. താളമേളങ്ങൾ വാദ്യങ്ങൾ മുറുകി. പെട്ടെന്നാണ് ഭദ്രകാളിയുടെ കണ്ണിൽ നിന്നും കോപാഗ്നി കത്തിജ്വലിച്ചത്. ത

ന്നെ പിടിച്ചിരുന്നവരെ തട്ടി മാറ്റി ദാരികനെ ലക്ഷ്യമാക്കി കുതിച്ചു. കാളിയൂട്ടു കണ്ടു നിന്ന ജനം അന്ധാളിച്ചുപോയി. ദാരികൻ പ്രാണരക്ഷാർത്ഥം ഓടി. കൂടെ ഭദ്രകാളിയും. ഒടുവിൽ അങ്ങു പടിഞ്ഞാറു സ്ഥിതിചെയ്യുന്ന അറേബ്യൻ കടലിൽ വച്ച് ഭദ്രകാളി ''ദാരികന്റെ'' കഴുത്തറുത്ത് ചോരകുടിച്ച് പുളച്ചു. ദാരികന്റെയും ഭദ്രകാളിയുടെയും വേഷം കെട്ടിയിരുന്നവർ സഹോദരങ്ങളായിരുന്നു. തന്റെ കൂടെപ്പിറപ്പിനെയാണ് താൻ വധിച്ചതെന്ന് തിരുമുടി തലയിൽ നിന്ന് എടുത്തപ്പോഴാണ് ഭദ്രകാളിയുടെ വേഷം കെട്ടിയ സഹോദരൻ മനസ്സിലാക്കിയത്. അങ്ങനെ യഥാർത്ഥത്തിൽ പോരു നടന്ന കാവ് തൃപ്പോരിട്ടിക്കാവായി. ആ സംഭവത്തിനു ശേഷം ഇവിടെ പഴയ ആചാരപ്രകാരമുള്ള കാളിയൂട്ട് നടത്തിയിട്ടില്ല. എന്നാൽ ഇന്നും വൃശ്ചികമാസത്തിൽ എല്ലാ ദിവസവും പാട്ടമ്പലത്തിൽ ഭദ്രകാളിയുടെ രൂപം പരച്ച് പൊന്നാര സ്തുതിഗീതം പാടിയും പ്രതീകാത്മക കുരുതിനടത്തിയും ശ്രീ ഭദ്രകാളി സേവചെയ്തുവരുന്നു. മുൻപ് കാളിയൂട്ടിന് ഉപയോഗിച്ചിരുന്ന തിരുമുടിയും വാളും ഒരു വിളിപ്പാടകലെ പടിഞ്ഞാറ് ഭാഗത്ത് ''തെക്കതിൽ'' ഇപ്പോഴും സൂക്ഷിക്കുന്നു. ഈ തിരുമുടി വളർന്നുകൊണ്ടിരിക്കുന്നു എന്നും എപ്പോഴാണോ ഇതിന്റെ വളർച്ച നിൽകുന്നത് അപ്പോൾ ഈ ഗ്രാമത്തിനും ക്ഷേത്ര കുടുംബാംഗങ്ങൾക്കും നാശം ഉണ്ടാകുമെന്നും പഴമക്കാർ വിശ്വസിക്കുന്നു. മീന മാസത്തിലെ ഭരണിയാണ് ദേവിയുടെ തിരുനാൾ. ഈ ദേശനിവാസികളുടെ കർമ്മങ്ങൾക്ക് നിറപ്പിഴിച്ചാർന്ന ദിനം. മനസ്സിൽ [illegible] കാശുണാമയിയായ ''തമ്പുരാട്ടിയോട്'' പറഞ്ഞ് മനസ്സിനെ ശുദ്ധമാക്കുന്ന പുണ്യദിനം. ഈ ക്ഷേത്രത്തിന്റെ ഊരായ്മക്കാർ നൽകിയ സേവനം ചെമ്മരുതി പഞ്ചായത്തിന്റെ സാംസ്കാരിക ഉത്ഥാനത്തിന് പര്യാപ്തമായിട്ടുണ്ട്. പനയറ ലോവർ പ്രൈമറി സ്കൂൾ, ഗ്രന്ഥശാല, റ്റി.വി, പാർക്ക്, പ്രൈമറി ഹെൽത്ത് സെന്റർ, വില്ലേജ് ആഫീസ്, ചെമ്മരുതി സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലം സംഭാവനയായി നൽകിയിട്ടുണ്ട്.

ഈ ക്ഷേത്രത്തിനു പുറമേ പഞ്ചായത്തിലെ [illegible] ക്ഷേത്രം, മുത്താന [illegible] ക്ഷേത്രം, മുട്ടപലം മാത്തുവിളാകം [illegible] ക്ഷേത്രം, പനയറ കുരിച്ചിമൺകുന്ന് ശ്രീ ധർമ്മശാസ്താ ക്ഷേത്രം, ചേന്നൻകോട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്രങ്ങളും കാവുകളും പള്ളികളും കലാ സാംസ്കാരിക പുരോഗതിയുടെ ആത്മശക്തിയായി നിലകൊള്ളുന്നു.

ഉത്സവങ്ങവിൽ അരങ്ങേറുന്ന കലാരൂപങ്ങളിൽ പലതും ഗ്രാമീണത്തനിമ വിളിച്ചറിയിക്കുന്നവയാണ്. ഉത്സവങ്ങൾക്ക് പതിവായി കാണാറുള്ള കതിരുകാള മണ്ണിൽ പൊന്ന് വിളയിക്കുന്നവന്റെ സ്വപ്ന സാക്ഷാത്ക്കാരമാണ്. കമ്പടി കളി, കോൽ കളി, ഭാരത് കളി, പടയനി തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ആരാധനാലയങ്ങൾക്ക് പുറമേ സാധാരണക്കാർക്കും സർഗ്ഗ ധനന്മാക്കും ആത്മ പ്രകാശം നൽകുന്ന ഒന്നാണ് ശ്രീനിവാസപുരത്തെ കണ്വാശ്രമം. കണ്വ മഹർഷി തപസ് അനുഷ്ഠിച്ച സ്ഥലവും മറ്റും ഇപ്പോഴും അത്ഭുത ദൃശ്യങ്ങളാണ്. കണ്വ മഹർഷിയുടെ കാൽപ്പാടുകളും ഇവിടെ കാലഘട്ടത്തിന്റെ സാക്ഷികളെപ്പോലെ പതിഞ്ഞു കിടക്കുന്നു. കൗതുകകരങ്ങളായ പക്ഷികളുടെയും മൃഗങ്ങളുടെയും ആവാസകേന്ദ്രം കൂടിയാണ് കണ്വാശ്രമം. ഇപ്പോൾ ഒരു ഇംഗ്ലീഷുകാരന്റെ പരിരക്ഷയിൽ നില കൊള്ളുന്ന ഈ ആശ്രമം പറഞ്ഞു തരുന്നത് കാളിദാസന്റെ കൽപനകളോ ഭാരതീയന്റെ സ്മൃതിക്കളോ എന്തായിരുന്നാലും ഈ ദേശത്തിന് ധന്യതതന്നെ.

ശ്രീനാരായണഗുരു, പൂജ്യനായ നടരാജ ഗുരു, ഗുരു നിത്യചൈതന്യ യതി എന്നീ ഋഷിവര്യന്മാരുടെ പാദസ്പർശവും കർമ്മങ്ങളും അറിയാനും അനുഭവിക്കാനും ഭാഗ്യമുണ്ടായ ഇവിടുത്തെ ജനങ്ങൾക്ക് ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ഉപനിഷത്ത് മന്ത്രം ആവോളം കേൾക്കാനും അനുഭവിക്കാനും ഇടയാക്കിയിട്ടുണ്ട്. ഇത് ഈ പ്രദേശത്തിലെ ജനതയുടെ മനസ്സിൽ സവിശേഷമായ സാംസ്കാരികമായ വളർച്ചയ്ക്ക് സാഹചര്യം ഉണ്ടാക്കിയെന്നത് പ്രത്യേകം സ്മരണീയമാണ്. സാംസ്കാരിക ലോകത്തിന് അനശ്വരമായ സംഭാവനകൾ നൽകിയ ഗുരുവര്യന്മാരും ഇവിടെ ജീവിച്ചിരുന്നു. ഇവരിൽ പലരും വിശ്രമ വേളകളിൽ പരസ്പരം സംസാരിച്ചിരുന്നത് നിമിഷകവിതകളിലൂടെ ആയിരുന്നു.

കല:-

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഇന്ന് നേതൃത്വം കൊടുക്കുന്നത് ഇവിടുത്തെ ഗ്രന്ഥശാലകളും കലാ കായിക സംഘങ്ങളുമാണ്. ഇവയിൽ മുൻപന്തിയിൽ നിൽക്കുന്നത് 1952-ൽ സ്ഥാപിച്ച ആയിരക്കണക്കിന് പുസ്തകശേഖരമുള്ള പനയറ കലാ പോഷിണി ഗ്രന്ഥശാലയാണ്. വായനക്കാരുടെ എണ്ണം കുറവാണെങ്കിലും സ്ഥിരമായി പുസ്തകമെടുത്ത് വായിക്കുന്ന ചെറിയ ഒരു ശതമാനം ഉണ്ടെന്നുള്ളകാര്യം പ്രത്യേകം ഓർക്കേണ്ടതുതന്നെ. കലാ സാഹിത്യ സാംസ്കാരിക രംഗം സമ്പന്നമാക്കുന്നതിന് ഈ ഗ്രന്ഥശാല അതിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് പരമാവധി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ റ്റി.വി. തുടങ്ങിയ ആധുനിക മാധ്യമങ്ങളുടെ സ്വാധീനം വളരെയേറെ ഈ ഗ്രാമപ്രദേശങ്ങളിലും ഉണ്ടായിട്ടുണ്ട്. തന്മൂലം ജീവിതരീതിക്കും സമീപനത്തിനും നിർണ്ണായകമായ വ്യത്യാസങ്ങളാണ് ഉണ്ടായിട്ടുള്ളത്. വേഷം, ഭാഷ, വിദ്യാഭ്യാസം എന്നിവയിൽ പ്രകടമായിവന്ന പടിഞ്ഞാറൻ സ്വാധീനം ശ്രദ്ധേയമാണ്. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ അന്വേഷിച്ച് ജീവിതം ഗൾഫ് രാജ്യങ്ങളിലെ മണലാരണ്യത്തിൽ പച്ചപിടിപ്പിക്കുകയും ചെയ്തവരിലൂടെയാണ് ഈ പാശ്ചാത്യ സംസ്കാര സ്വാധീ

നം ഈ പ്രദേശത്ത് ഉണ്ടായിട്ടുള്ളത്. ഇത് ഒരു പരിധിവരെ നമ്മുടെ ജീവിത സംസ്കാരത്തെ വഴിതിരിച്ചുവിടുന്നില്ലേ എന്ന ചോദ്യം തള്ളിക്കളയാവുന്നതല്ല.

കായിക രംഗം:-

കായിക രംഗത്തെ ഈ പഞ്ചായത്തിന്റെ സ്ഥിതി തികച്ചും ശോചനീയമാണ്. സാമാന്യ നിലവാരത്തിലുള്ള ഒരു കളിസ്ഥലം പോലും ഇവിടെ ഇനിയും ഉണ്ടായിട്ടില്ല എന്നത് ഗൗരവം അർഹിക്കുന്ന കാര്യമാണ്. ഇതു മൂലം കായിക രംഗത്ത് താരങ്ങളെ സൃഷ്ടിക്കുവാൻ കഴിയുന്നില്ലെന്ന് മാത്രമല്ല യുവാക്കളിൽ നല്ലൊരു ശതമാനം വിവിധ തരത്തിലുള്ള ചൂതാട്ടങ്ങളിൽ സമയം കളയുകയാണ്.

മണ്മറഞ്ഞുകൊണ്ടിരിക്കുന്ന പാരമ്പര്യകലാരൂപങ്ങളെ പുനരുജ്ജീവിപ്പിച്ചും കായികരംഗത്ത് യുവാക്കളുടെ ശക്തി പ്രയോജനപ്പെടുത്തിയും മാനസിക - ഭൗതിക വികാസം ലക്ഷ്യമിടുന്ന ഒരു സംസ്കാരം ഇവിടെ ഉണ്ടാകുന്നത് കാലഘട്ടത്തിന്റെ അനിവാര്യത ആണെന്നതിൽ തെല്ലും സംശയമില്ല. എങ്കിൽ മാത്രമെ നമുക്ക് മനസ്സിന്റെ വാതിലുകളും ജനലുകളും ഇഷ്ടം പോലെ തുറന്നുവെച്ച് മനുഷ്യത്വത്തിന്റെ സൗരഭ്യം അനുഭവിക്കാൻ ആകു.

നിലവിലുള്ള ഗ്രന്ഥശാലകൾ:-

1. **കലാപോഷിണി ഗ്രന്ഥശാല ആൻറ് വായനശാല പനയറ.**

   ചെമ്മരുതി പഞ്ചായത്തിലെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന [illegible] ഗ്രന്ഥശാലയാണ് കലാപോഷിണി ഗ്രന്ഥശാല ആൻറ് വായനശാല. [illegible] ദിനപത്രങ്ങളും 12 - ഓളം ആനുകാലിക പ്രസിദ്ധീകരണങ്ങളും ഈ വായനശാലയിൽ ഉണ്ട്. പഞ്ചായത്തിലെ വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ ഈ സ്ഥാപനം നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

2. **ചെമ്മരുതി സാംസ്കാരിക നിലയം :-**

   നാലു ദിനപത്രങ്ങളും മൂന്ന് ആനുകാലികങ്ങളും ഈ വായനശാലയിൽ ഉണ്ട്. തുറന്നു പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയും ഉണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക സ്ഥാപനം ആയതിനാൽ ജനങ്ങളുടെ സഹകരണം കുറവാണ്. ഒരു സാസ്കാരിക നിലയം എന്ന രീതിയിലുള്ള പ്രവർത്തനം നടക്കുന്നില്ല.

3. **ജ്ഞാനോദയം ഗ്രന്ഥശാല, മുട്ടപ്പലം :-**

   പുതിയ കെട്ടിടം സ്ഥാപിച്ചെങ്കിലും പ്രവർത്തനം ഇല്ല.

4. **വിജ്ഞാനോദയം ഗ്രന്ഥശാല ആൻറ് വായനശാല, മുത്താന :-**

   ഭാഗികമായി ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിക്കുന്നു.

5. **ബാപ്പുജീ മെമ്മോറിയൽ ഗ്രന്ഥശാല ആൻറ് വായനശാല, കോവൂർ :-**

   വായനശാല പ്രവർത്തിക്കുന്നു. ഗ്രന്ഥശാല പ്രവർത്തനമില്ല.

നിലവിലുള്ള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ

പേര്	സ്ഥലം
Y.M.A. ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പനയറ
മിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പനയറ
പന്തുവിള ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്	പന്തുവിള
P.P.A.C.	തോക്കാട്
ഐക്യഗ്രാമവേദി	തോക്കാട്
സന്മാർഗ പോഷിണി ക്ലബ്ബ്	മുട്ടപ്പലം
പൗരചിത്ര ചാരിറ്റബിൾ സൊസൈറ്റി	മുട്ടപ്പലം
[illegible]ാൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പട്ടരുമുക്ക്
A.K.G ആർട്ട്സ് & [illegible]സ്പോർട്സ് ക്ലബ്ബ്	കോവൂർ
നെഹ്റു യുവകേന്ദ്ര	മുത്താന

മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ

1. കേരള ശാസ്ത്ര സാഹിത്യ പരിഷത്, പനയറ യൂണിറ്റ്.
2. പുരോഗമന കലാ സാഹിത്യ സംഘം, പനയറ.
3. മംഗളം കലാ സാഹിത്യ വേദി, തോക്കാട്.
4. ശ്രീനാരായണ ഗുരു കുലം.
5. ശ്രീനിവാസപുരം ഹൗസിംഗ് വെൽഫെയർ അസോസിയേഷൻ

പ്രശ്നങ്ങൾ :-

1. കലാ സാംസ്കാരിക സംഘടനകൾക്ക് ഏകോപിത സ്വഭാവം ഇല്ല.
2. കലാ സാംസ്കാരിക സംഘടനകൾക്ക് സർക്കാരിൽ നിന്നും സഹായം കിട്ടുന്നില്ല.
3. കേരളോത്സവം പോലുള്ള മേളകൾ വെറും ചടങ്ങുകളായി മാറി. ഇതിൽ വിജയിക്കുന്ന പ്രതിഭകൾക്ക് സർക്കാരിൽ നിന്നും യാതൊരുവിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.

4. കലാ സാംസ്കാരിക സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നതിന് യുവതീ യുവാക്കളിൽ കാണുന്ന വിമുഖത.

5. കലാകാരന്മാരെ ഉയർത്തികൊണ്ട് വരുന്നതിന് അധികൃതരുടെ ഭാഗത്തു നിന്നു കാണുന്ന അനാസ്ഥ.

6. കലാ സാംസ്കാരിക സംഘടനകളുടെ സാമ്പത്തിക പരാധീനത.

പൊതു നിർദ്ദേശം :-

1. നിലവിൽ ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത എല്ലാ വാർഡുകളിലും ഗ്രന്ഥ ശാലകളും വായനശാലകളും സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കുക.

2. പന്തുവിള, പാണൻതറ എന്നിവിടങ്ങളിൽ ഓരോ ടി.വി. കോയ്സ്ക് സ്ഥാപിക്കുക; ഞെക്കാട് റേഡിയോ കോയ്സ്ക് ടി.വി. കോയ്സ്ക് ആയി മാറ്റുക.

3. പന്തുവിള ആട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിനോട് അനുബന്ധിച്ച് ഒരു വായനശാലയും, നൃത്തവിദ്യാലയവും സ്ഥാപിക്കുക.

4. കുന്നത്തുമല കോളനിയിൽ ഒരു ടി.വി. കോയ്സ്ക് സ്ഥാപിക്കുക.

7. പഞ്ചായത്ത് കേന്ദ്രമായ പനയറയിൽ ഒരു കമ്യൂണിറ്റി ഹാളും ഓപ്പൺ എയർ ഓഡിറ്റോറിയവും സ്ഥാപിക്കുക.

8. പോരിട്ടക്കാവ് ക്ഷേത്രക്കുളം വിപുലീകരിച്ച് നീന്തൽ പരിശീലനക്കുളമായി മാറ്റുകയും പനയറയിൽ ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുകയും ചെയ്യുക.

7. പഞ്ചായത്തിലെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും മറ്റും സാമ്പത്തിക സഹായം നൽകുക.

8. കലാ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ച് വിപുലമാക്കുക.

9. കലാ സാംസ്കാരിക സംഘടനകൾക്ക് സർക്കാരിൽ നിന്നും സഹായം നൽകുക.

10. കേരളോത്സവം പോലുള്ള മേളകൾ ചടങ്ങുകളായി മാറ്റാതെ പൊതുജനപങ്കാളിത്തത്തോടെ വിപുലമായി നടത്തുക.

11. കലാകാരന്മാരുടെ ഉന്നമനത്തിനായി അധികൃതരുടെ ഭാഗത്തു കാണുന്ന അനാസ്ഥ ഉഴിവാക്കുക.

12. കലാ സാംസ്കാരിക സംഘടനകളുടെ സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിന് പഞ്ചായത്തിൽ നിന്നോ സർക്കാരിൽ നിന്നോ സാമ്പത്തിക സഹായം നൽകുക.

13. പനയറ കലാപോഷിണി ഗ്രന്ഥശാലയുടെ വക ഭൂമിയിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകത്തക്കരീതിയിൽ കെട്ടിടം പണിയുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.

14. പനയറ കലാപോഷിണി ഗ്രന്ഥശാലയ്ക്ക് പുസ്തകം വാങ്ങിക്ഷിക്കുന്നതിന് ഷെൽഫ് വാങ്ങാനും, പത്രമാസികൾക്കും സാമ്പത്തിക സഹായം നൽകുക.

15. പനയറ Y.M.A ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം നൽകുകയും കെട്ടിടം നിർമ്മിച്ചു നൽകുകയും ചെയ്യുക.



നമ്മുടെ ഹൃദയക്ഷേത്രം

ചിരപുരാതനമായ തൃപ്പോരിട്ടക്കാവ് ഭഗവതി ക്ഷേത്രം

വനിത

'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുസ്മൃതി മന്ത്രം കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് കേട്ടുകേൾ വിയായി മാറിയിരിക്കുന്നു. പ്രസവിച്ചും, പോറ്റിയും അന്തപുരത്തിലെ അലങ്കാര വസ്തുവായും കഴിഞ്ഞ അബലകളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് കൊണ്ടുവന്ന് 'വനിതകൾ'. ആക്കുന്നതിൽ കേരളീയർ വഹിച്ച പങ്ക് നിസ്തുലമാണ്. സ്ത്രീ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി കേരളത്തിൽ ശ്രദ്ധേയമായ പല പ്രക്ഷോഭങ്ങളും നടന്നിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു വനിതാ മുന്നേറ്റവും നടന്നതായി കാണുന്നില്ല. ഇന്ന് സമസ്ത മേഖലകളിലും സ്ത്രീ ഒഴിവാക്കാനാകാത്ത ശക്തിയായി വളർന്ന് വന്നിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തു മനസിലാക്കി നമ്മുടെ പഞ്ചായത്തിലും വനിതകളുടെ ശ്രദ്ധേയമായ മുന്നേറ്റം നടക്കേണ്ടിയിരിക്കുന്നു. വനിതകൾ [illegible] വരണം. ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളായിരിക്കെ സ്ത്രീ വിമോചനത്തിൽ കൂടി മാത്രമേ [illegible] രോഗതി നേടാൻ കഴിയൂ.

[illegible]മ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ [illegible]സെൻസസ് പ്രകാരം 27093 ആണ്. 14312 സ്ത്രീകളും 12781 പുരുഷൻമാരും. സ്ത്രീകളുടെ എണ്ണത്തിലുള്ള ഈ വർദ്ധനവ് തൊഴിൽ മേഖലയിലോ രാഷ്ട്രീയ സാമൂഹ്യ രംഗത്തോ കാണാൻ കഴിയുന്നില്ല. എന്നാൽ തൊഴിൽ ഇല്ലാത്ത സ്ത്രീകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണുന്നു.

1994 ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ രാഷ്ട്രീയ ഭരണ നേതൃത്വരംഗത്തേക്ക് സ്ത്രീകളെ ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞു. അതിനുദാഹരണമാണ് ഈ പഞ്ചായത്തും വർക്കല ബ്ലോക്ക് പഞ്ചായത്തും. ഈ പഞ്ചായത്തിന്റെ 11 പേർ ഉൾപ്പെടുന്ന ഭരണസമിതിയിൽ പ്രസിഡന്റ് ഉൾപ്പെടെ 5 വനിതകൾ ആണ്. പ്രാഥമിക വിദ്യാഭ്യാസരംഗത്ത് വേണ്ടുവോളം സൗകര്യങ്ങൾ പഞ്ചായത്തിനകത്ത് ലഭ്യമായതിനാൽ വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ ഏറെ മുന്നിലാണ്. എങ്കിലും കോളനി പ്രദേശങ്ങളിൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. 1991-ലെ സെൻസസ് പ്രകാരം 14312 സ്ത്രീകളിൽ 10332 പേർ സാക്ഷരരാണ്. 12781 പുരുഷൻമാരിൽ 10106 പേരും സാക്ഷരരാണ്. സാക്ഷരതാശതമാനനിരക്കിൽ സ്ത്രീകൾ പിന്നിലാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഇത്തരത്തിലുള്ള പിന്നോട്ട് പോക്കിന് പ്രധാന കാരണം. സ്ത്രീകൾക്ക് വേണ്ടി തുടർ സാക്ഷരതാ പദ്ധതി പുനരുജീവിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യേണ്ടതാണ്.

ആരോഗ്യ കുടുംബക്ഷേമ പരിപാടികളിൽ ഒരു കുടുംബത്തിന്റെ ഭദ്രതയ്ക്ക് ആവശ്യമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് മുഖ്യമായും സ്ത്രീകൾ തന്നെയാണ്. കുട്ടികൾക്ക് വേണ്ടുന്ന കാലാകാലങ്ങളിലുള്ള പ്രതിരോധ കുത്തിവയ്പുകൾ, പോഷകാഹാര പരിപാടികൾ, പരിസര ശുചീകരണം, വ്യക്തി ശുചിത്വം ഈ വക കാര്യങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ഏറെ മുന്നിലാണ്.

രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ, ഈ പഞ്ചായത്ത് ഏറെ മുന്നിലാണ്. ശിശുമരണ നിരക്ക്, ചാപിള്ള ജനനം തുടങ്ങിയവ ഇല്ല എന്നുതന്നെ പറയാം. അതുപോലെ തന്നെ ഗർഭിണികളായ സ്ത്രീകളുടെ മരണവും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

"അമ്മതൻ പൊന്നുണ്ണിക്ക് അമ്മിഞ്ഞപ്പാലമൃതം" എന്ന ആപ്ത വാക്യം നിറവേറ്റുന്ന അമ്മ സമൂഹത്തിൽ പലഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ ജോലിയിലൂടെ, വിവാഹത്തിലൂടെ പൊതുജന പ്രവർത്തനത്തിലൂടെ അവസാനം കുടുംബത്തിലെ എല്ലാമായി ജീവിതം നയിക്കുന്നു.

വനിതകൾ സംഘടിതമായി പണിക്ക് പോയി തുടങ്ങിയത് 1950 -ൽ പാളയംകുന്നിൽ പ്രവർത്തനം ആരംഭിച്ച കശുവണ്ടി ഫാക്ടറിയിലാണ്. ഈ പഞ്ചായത്തിൽ വിവിധ തൊഴിൽ മേഖലകളിലായി 2577 സ്ത്രീകൾ മാത്രമാണ് തൊഴിലെടുക്കുന്നത്, എന്നാണ് 1991 സെൻസസ് സൂചിപ്പിക്കുന്നത്. തൊഴിലെടുക്കുന്ന സ്ത്രീകളിൽ 44 ശതമാനം കാർഷിക മേഖലയിലാണ്. 300 ഓളം പേർ നാമമാത്രമായിട്ട് പ്രവർത്തിക്കുന്ന പാളയംകുന്നഢ കശുവണ്ടി ഫാക്ടറിയിൽ ജോലി ചെയ്യുന്നു. സ്ത്രീകൾ തൊഴിലിനുവേണ്ടി ആശ്രയിക്കുന്ന മറ്റൊരു പ്രധാന മേഖല തികച്ചും അസംഘടിതമായ പാറ തൊഴിൽ മേഖലയാണ്. ഏറെ കഠിനാദ്ധ്വനവും അപകട സാധ്യതകളുള്ളതുമായ ഈ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം ഇന്നും അന്യമാണ്. ഏറ്റവും അധികം സ്ത്രീകൾ തൊഴിലെടുക്കുന്നതും എന്നാൽ ഏറ്റവും അധികം ചൂഷണം നടക്കുന്നതും ഈ മേഖലയിലാണ്. അതുപോലെ കെട്ടിടനിർമ്മാണ രംഗത്തും, മറ്റു ചെറുകിട വ്യവസായ രംഗത്തും ഏറെ സ്ത്രീകൾ പണിയെടുക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകതൊഴിലാളികൾ	1145	223
മൃഗസംരക്ഷണം	15	128
പാറതൊഴിലാളികൾ	158	166
ചെറുകിട വ്യവസായം	19	99
ഇതര വ്യവസായങ്ങൾ	639	329
കെട്ടിട നിർമ്മാണം	40	377
വ്യാപാരം	52	539
ഗതാഗതം	48	320
കൃഷി	148	1064
മറ്റുള്ളവ	313	538
തൊഴിലില്ലാത്തവർ	11151	6811

അവലംബം : സെൻസസ് 1991

മാവിൻമൂട് അംഗൻവാടി, ഖാദി ജംഗ്ഷൻ അംഗൻവാടി, കുന്നത്തുമല അംഗൻവാടി, തട്ടെ ശിശുക്ഷേമ മഹിളാസമാജം, തോക്കാട് മഹിളാസമാജം അംഗൻവാടി, ശ്രീനിവാസപുരം ഹരിജൻ കോളനി അംഗൻവാടി, മുട്ടപ്പലം അംഗൻവാടി, മുട്ടപ്പലം ഭാരത് സേവക് മഹിളാസമാജം അംഗൻവാടി, പനയം ഷേവിവിലാസം അംഗൻവാടി, പ്രളേയഗിരി അംഗൻവാടി, പട്ടാരത്തും വിള അംഗൻവാടി, വണ്ടിപ്പുര അംഗൻവാടി, ചാവർകോട് അംഗൻവാടി, മുത്താന പുതുവൽ മഹിളാ സമാജം അംഗൻവാടി, കോവൂർ ശിശുവിഹാർ എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. എങ്കിലും പഞ്ചായത്ത് പ്രദേശത്തുള്ള മുഴുവൻ കുഞ്ഞുങ്ങളേയും ഇത്തരം അംഗൻവാടികളിൽ എത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ സ്വാധീനവലയത്തിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനും മാതൃഭാഷയുടെ മാഹാത്മ്യം അവരെ മനസിലാക്കുന്നതിനും നമ്മുടെ അംഗൻവാടികളെ സജ്ജമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഏകദേശം 30% വീടുകളിലും സ്ത്രീ നേതൃത്വമാണ്. ഇതിൽ ഭൂരിഭാഗവും നിത്യേന കഠിനാദ്ധ്വാനം ചെയ്യുന്നത് കുടുംബം പോറ്റുന്നവരാണ്. ഇതിൽ തന്നെ ദാരിദ്ര്യ ദുഃഖം അനുഭവിക്കുന്നവരും തൊഴിലില്ലാതെ കുടുംബം പോറ്റാൻ കഷ്ടപ്പെടുന്നവരുമുണ്ട്. സ്ത്രീയുടെ വരുമാനമാണ് കുടുംബത്തിന്റെ സ്വത്ത് എന്ന സത്യം മനസ്സിലാക്കിക്കൊണ്ട് സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്. അതുപോലെ തന്നെ വിവിധ തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന കൂലിനിരക്കിലെ അന്തരവും പരിശോധിക്കേണ്ടതാകുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	60	110
നിർമ്മാണതൊഴിലാളി	100	150

പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
2. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സ്ത്രീകളെ സജ്ജരാക്കുന്നില്ല.
3. തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിന് കൂട്ടായ്മയുടെ അഭാവം.
4. സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
5. തൊഴിൽ നിയമങ്ങൾ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് വേണ്ടുന്ന കാര്യങ്ങൾ ലഭിക്കുന്നില്ല.
6. കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന പരമ്പരാഗത വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ സഹകരണ സംഘങ്ങളോ ഏജൻസികളോ അടുത്തെങ്ങുമില്ല.
7. കൂടുതൽ വനിതകൾക്ക് തൊഴിൽ നല്കുന്നതിന് സാദ്ധ്യതയുണ്ടായിട്ടും ഉപയോഗപ്പെടുത്താൻ കഴിയാത്ത ഞെക്കാട് ഖാദി-വ്യവസായ സഹകരണ സംഘത്തിന്റെ ശോചനീയാവസ്ഥ.
8. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനും വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും സന്നദ്ധരാകുന്നില്ല.
9. വനിതാ പാറ തൊഴിലാളികൾ ധാരാളമായി ചൂഷണം ചെയ്യപ്പെടുന്നു.
10. ആയിരത്തി അഞ്ഞൂറോളം പേർ തൊഴിലെടുക്കുന്ന പാളയംകുന്ന് കശുവണ്ടി ഫാക്ടറി വർഷം മുഴുവൻ പ്രവർത്തിക്കുന്നതിനും കൂടുതൽ തൊഴിലാളികളെ നിയമിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നില്ല.
11. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
12. ആരോഗ്യ കുടുംബക്ഷേമ കാര്യങ്ങളിൽ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനായ പര്യാപ്തമായ ആരോഗ്യരക്ഷാ ക്ലാസ്സുകൾ നല്കുന്നില്ല.
13. ബാലവാടികളിൽ പലതിനും സൗകര്യങ്ങളില്ല.
14. ബാലവാടി അദ്ധ്യാപികമാർക്ക് ന്യായമായ ശമ്പളം കിട്ടാതെ വിഷമിക്കുന്നു.

15. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

16. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധന നിലവാരത്തിന്റെ അഭാവം. അന്ധവിശ്വാസങ്ങളും അനാചാരങ്ങൾക്കും വിധേയമായി ജീവിക്കാൻ സ്ത്രീകളെ നിർബന്ധിക്കുന്നു.

17. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അപര്യാപ്തമാണ്.

18. വിധവകൾക്കും മറ്റും നല്കുന്ന പെൻഷൻ പദ്ധതികളുടെ നടപടി ക്രമങ്ങൾ വിഷമം സൃഷ്ടിക്കുന്നു.

19. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ കടന്നു വരാൻ സ്ത്രീകൾ ധൈര്യം കാട്ടുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ സമ്പൂർണ്ണസാക്ഷരതയും അടിസ്ഥാന പൊതു വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ വ്യാപനം.

2. ശിശുപരിപാലനത്തിന്റെ പൂർണ്ണമായ സാമൂഹ്യ ൽക്കരണം, ഡേ കെയർ ഹോമുകൾ, അംഗൻവാടി, ാലവാടി സൗകര്യങ്ങൾ തുടങ്ങിയവയെ ഉപയോഗപ്പെടുത്തി അഞ്ചു വയസ് വരെയുള്ള കുട്ടികളുടെ പൂർണ്ണമായ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ കുടുംബ ക്ഷേമത്തെക്കുറിച്ചും മാതൃശിശു സംരക്ഷണത്തെക്കുറിച്ചും വാർഡടിസ്ഥാനത്തിൽ വ്യാപകമായി കുടുംബ സദസുകൾ സംഘടിപ്പിക്കുക.

4. സംപൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.

5. സ്ത്രീകൾക്കെതിരെ എല്ലാ മേഖലകളിലും നടക്കുന്ന അക്രമം അവസാനിപ്പിക്കുക.

6. പഞ്ചായത്തിൽ പുതിയ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രീകൾക്കുള്ള പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ ശക്തിപ്പെടുത്താനുള്ള ധനസഹായം നല്കുക.

7. പഞ്ചായത്തിനെ മൂന്ന് മേഖലകളാക്കി തിരിച്ചുകൊണ്ട് വനിതാ വ്യവസായ സഹകരണ യൂണിറ്റുകൾ സ്ഥാപിക്കുക.

8. താഴെ പറയുന്ന തൊഴിൽ സംരംഭങ്ങളിൽ പരിശീലനം നല്കി ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിൽ സംരംഭത്തിനുള്ള അവസരം നല്കുക.

9. റെഡിമെയ്ഡ്; ചന്ദനതിരി; മെഴുകുതിരി, കോഴി വളർത്തൽ; കാലി വളർത്തലും ഡയറി ഫാമും; ഏത്തക്കാ ചിപ്സ്; ചക്ക, മാങ്ങാ എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള സ്ക്വാഷുകൾ; കളി പൗഡർ; പർപ്പടകം; എന്നീ യൂണിറ്റുകൾ ആരംഭിക്കുന്നതിനുൾ മാർഗനിർദേശങ്ങളും സാമ്പത്തിക സഹായവും നല്കും.

10. പച്ചക്കറി കൃഷി, പട്ടുനൂൽ കൃഷി എന്നിവയിൽ പരിശീലനം നല്കച വാർഡ് തലത്തിൽ കൃഷി ആരംഭിക്കുക.

11. ബാഗ്, കസേര വരിയൽ, ചെരിപ്പു നിർമ്മാണം, ചിരട്ടകൊണ്ടുള്ള കൗതുക വസ്തുക്കൾ നിർമ്മാണം.

12. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗും സർവ്വീസിംഗും, ബുക്ക് ബയന്റിംഗ്, പാഴ്വസ്തു ശേഖരണ സംസ്കരണ യൂണിറ്റുകൾ.

13. വിധവകളായ സ്ത്രീകൾക്ക് നല്കുന്ന പെൻഷൻ അവിവാഹിതകളായ 35 വയസ് കഴിഞ്ഞവർക്കും നല്കുക.

14. സ്ത്രീകൾക്കുള്ള സാമൂഹ്യക്ഷേമ പദ്ധതി നടപടിക്രമങ്ങൾ ലഘൂകരിക്കുക.

15. വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം ഇരട്ടിയായി വർദ്ധിപ്പിക്കുക.

16. മഹാളാ സമാജങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ആരംഭിച്ച് പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് ഒരു വാർഷിക പദ്ധതി തയ്യാറാക്കുക.

17. സർക്കാരിൽ നിന്നും വനിതാ ക്ഷേമത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

18. അംഗവൈകല്യമുള്ള വനിതകൾക്ക് ടെലിഫോൺ ബൂത്ത്, റേഷൻ ഡിപ്പോ തുടങ്ങിയവ അനുവദിക്കുക.

19. പ്രവർത്തന രഹിതമായി കിടക്കുന്ന പനയറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പുനരുജ്ജീവിപ്പിച്ച് വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

20. വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

21. സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതികൾ പുനരാരംഭിക്കണം.

22. വനിതാ ക്ഷേമനിധി ബോർഡ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

23. അവശരും അശരണരുമായ സ്ത്രീകൾക്കു വേണ്ടി പുനരധിവാസ കേന്ദ്രം സ്ഥാപിക്കുക.

സഹകരണം

"കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ പിൻ തലമുറയ്ക്ക് ഭാഗിച്ചുകൊടുത്തുകൊണ്ട് മരണമടയുന്നവരാണ് ഇൻഡ്യൻ കർഷകർ". ഭൂരിഭാഗം വരുന്ന കർഷക ജനതയുടെ സ്ഥിതിമെച്ചപ്പെടുത്തുന്നതിന് ബ്രിട്ടീഷുകാർ 1904-ൽ ഇൻഡ്യയിലെ ആദ്യത്തെ സഹകരണ നിയമം ആവിഷ്കരിച്ചുനടപ്പിലാക്കി. എന്നാൽ പ്രസ്തുത സഹകരണ നിയമം കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ ആഗ്രഹാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിന് സാദ്ധ്യമാകാതെ വന്നതിനാൽ സഹകരണ നിയമം നടപ്പിലാക്കുകയുണ്ടായി.

ഇന്ന് ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുണ്ട് സമൂഹത്തിന്റെ സമസ്ത മേഖലകളിലും വിപ്ലവകരമായ ചലനം സൃഷ്ടിക്കുവാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിൽ കേരള സംസ്ഥാനത്തിൽ അങ്ങോളമിങ്ങോളം സഹകരണ സംഘങ്ങൾ രൂപം കൊണ്ടുതോടുകൂടി ചെമ്മരുതി പഞ്ചായത്തിലും സഹകരണ സംഘങ്ങൾ രൂപം കൊള്ളുകയുണ്ടായി.

മുത്താനകേന്ദ്രമായി ഒരു സംഘം കർഷകർ ചേർന്ന് 1925 ൽ 1314-ാം നമ്പരായി പരസ്പരസഹകരണ സംഘം എന്ന പേരിൽ ഒരു ക്രെഡിറ്റു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ക്രെഡിറ്റ് സംഘങ്ങൾക്ക് ലോൺ കൊടുക്കുന്നതിനുള്ള അധികാരവും ആയതിനാവശ്യമായ ഫണ്ടും ഇല്ലായിരുന്നു. തുടർന്ന് മാവിൻമൂട് കേന്ദ്രമാക്കി 1950-3074 -ാം നമ്പരായി മാവിൻമൂട് ക്ലിപ്ത രഹിത സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മുത്താനസഹകരണ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. പത്മനാഭക്കുറുപ്പ്, മുടിയിൽ കോണത്തുവീട്, മുത്താന ആയിരുന്നു. മാവിൻമുട്ടസഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. ജി. മാധവക്കുറുപ്പ്, ശ്രീവിലാസം, മാവിൻമൂട് ആയിരുന്നു. ആവിൻ മൂടുസംഘത്തിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്നപ്പോൾ മുത്താന സഹകരണ സംഘത്തിന്റെ പ്രവർത്തനം മന്ദഗതിയിലായിരുന്നു.

ഈ കാലഘട്ടത്തിൽ ഒരു പഞ്ചായത്തിന് ഒരു സർവ്വീസ് സഹകരണ സംഘം എന്ന നിയമം വന്നതിനാൽ 13-11-1968 ൽ പ്രസ്തുത രണ്ടുസഹകരണ സംഘങ്ങളേയും ലയിപ്പിച്ചുകൊണ്ട് ചെമ്മരുതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ T.328 എന്ന പേരിൽ മാവിൻ മൂടുകേന്ദ്രമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. വാസുദേവക്കുറുപ്പ് ആയിരുന്നു. ഇദ്ദേഹത്തെ നോമിനേറ്റു ചെയ്താണ് നിയമിച്ചിട്ടുള്ളത്. എന്നാൽ ആദ്യത്തെ ഇലക്ടഡ് പ്രസിഡന്റ് ശ്രീ. എം. ശോപാലൻ ആയിരുന്നു.

ചെമ്മരുതി പഞ്ചായത്തിന്റെ വിവിധ വിഭാഗങ്ങളിലുള്ള ജനവിഭാഗങ്ങൾക്ക് ഇതിന്റെ സേവനം ലഭ്യമാക്കുകയും എന്ന ലക്ഷ്യത്തോടു കൂടി 1983 പനയറ പ്രധാന പ്രവർത്തനകേന്ദ്രമാക്കിക്കൊണ്ട് ചെമ്മരുതി സർവ്വീസ് സഹകരണ സംഘം, സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു.

ക്ഷീരോല്പാദന സഹകരണരംഗത്ത് 1972 -ൽ തച്ചോട് കേന്ദ്രമായി ചെമ്മരുതിക്ഷീരോല്പാദന സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. പി. കെ. വിദ്യാധരൻ ആയിരുന്നു.

വിവിധമേഖലകളിലായി ആറ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാങ്കിംഗ് രംഗത്ത് ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക് വ്യാവസായികരംഗത്ത് ഞെക്കാട് ഖാദി വ്യവസായ സഹകരണ സംഘവും ക്ഷീരവ്യവസായ രംഗത്ത് തച്ചോട് കേന്ദ്രമായുള്ള ചെമ്മരുതി ക്ഷീരവ്യവസായ സഹകരണ സംഘവും ആണ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നത്. കൂടാതെ മുട്ടപ്പലം കേന്ദ്രമാക്കി വനിതാസഹകരണസംഘം ശ്രീനിവാസപുരം ഹരിജൻ കോളനി കേന്ദ്രമായി ഒരു പട്ടികജാതി സഹകരണ സംഘം എന്നിവ നാമമാത്രമായി പ്രവർത്തിച്ചുവരുന്നു. എന്നിരുന്നാലും ബാങ്കിംഗ് രംഗത്ത് വൻ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന സഹകരണ പ്രസ്ഥാനത്തിന് ഇന്നും ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലേക്ക് കടന്നുചെല്ലുവാൻ സാധിച്ചിട്ടില്ല. എന്നുള്ളത് ഒരു ദുഃഖ സത്യമാണ്.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

1. ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക്

ഇന്ന് 11050 അംഗങ്ങളുള്ള ഈ ബാങ്കിന്റെ

സേവനം ഈ പഞ്ചായത്തിലെ ഏകദേശം നാലായിരത്തോളം കുടുംബങ്ങൾക്ക് ലഭ്യമാകുന്നു. 6 ലക്ഷത്തോളം രൂപ ദിവസേന നീക്കിയിരിപ്പ് സൂക്ഷിക്കുവാനുള്ള ശേഷി ഈ ബാങ്ക് കൈവരിച്ചിരിക്കുന്നു. 4 കോടി രൂപ പ്രവർത്തന മൂലധനമുള്ള ഈ ബാങ്ക് 60 ലക്ഷത്തിൽ പരം രൂപ കരുതൽ ധനമായി സൂക്ഷിക്കുകയും ചെയ്യുന്നു. 1995-96 വർഷത്തിൽ കാർഷിക വായ്പയായി 340000/- രൂപയും, സാധാരണ ലോണായി 4698000/- രൂപയും സ്വർണ്ണപ്പണയമായി 19212460/- രൂപയും വിതരണം ചെയ്യുകയുണ്ടായി. നിയമവിധേയമായി വായ്പ ആവശ്യപ്പെടുന്ന ഏത് അപേക്ഷകർക്കും വായ്പ നൽകുന്നതിനുള്ള ശേഷി ഈ ബാങ്ക് ആർജ്ജിച്ചിരിക്കുന്നു. ഈ ബാങ്കിന്റെ കീഴിൽ 3 വളംഡിപ്പോകളും, ഒരു തുണിക്കടയും പ്രവർത്തിച്ചു വരുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും യാത്രാബുദ്ധിമുട്ടുകളും കൊണ്ട് ചില മേഖലകളിൽ ഈ ബാങ്കിന്റെ സേവനം ലഭ്യമാകുന്നില്ല. ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾ ഈ ബാങ്കിന്റെ സേവനം ലഭ്യമാകത്തവിധം സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ചെമ്മരുതി ക്ഷീരോല്പാദക സഹകരണ സംഘം

941 അംഗങ്ങളുള്ള ഈ സഹകരണസംഘം 1995-ൽ മിൽമയ്ക്ക് പാൽ സംഭരണവും വിതരണവും കൂടാതെ മിൽമയുടെ കാലിത്തീറ്റ വിതരണവും നടത്തിവരുന്നു. ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണവകുപ്പ് എന്നിവയുമായി സഹകരിച്ച് കൊണ്ട് ഒട്ടേറെ വികസനസാദ്ധ്യതകൾ ഉണ്ട്. അവ ഫലപ്രദമായി നടപ്പിൽ വരുത്തി മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം വികസനം കൈവരിക്കേണ്ടിയിരിക്കുന്നു.

3. ഞെക്കാട് ക്ഷീരോല്പാദക സഹകരണ സംഘം

1990 -ലാണ് ഈ സംഘം പ്രവർത്തനമാരംഭിച്ചത് ഈ സംഘത്തിൽ ഇപ്പോൾ മുന്നൂറോളം അംഗങ്ങളുണ്ട്.

4. ഞെക്കാട് ഖാദിവ്യവസായ സഹകരണ സംഘം

ഇവിടെ 15 വനിതകൾ പണിയെടുക്കുന്നു. വളരെ തുച്ഛമായ വേതനം മാത്രം ലഭിക്കുന്നതിനാൽ പണിയെടുക്കാൻ ആരും തന്നെ തയ്യാറാകുന്നില്ല. ഇതിനെ രക്ഷിക്കുന്നതിനുവേണ്ടി ശക്തമായ പൊതു ഇടപെടൽ ആവശ്യമാകേണ്ടിയിരിക്കുന്നു.

5. ചെമ്മരുതി വനിത സഹകരണ സംഘം

ഈ സഹകരണസംഘം നാമമാത്രമായി പ്രവർത്തിച്ചുവരുന്നു. വളരെയധികം വികസനസാദ്ധ്യതകളുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം ഇല്ലാത്തതിനാൽ വളർച്ച മുരടിച്ചുനില്ക്കുന്ന ഒരു സ്ഥാപനമാണിത്. പുതിയ പുതിയ പദ്ധതികൾക്ക് രൂപം കൊടുത്ത് വനിതകൾക്ക് തൊഴിലും വരുമാനവും ഉണ്ടാവണം.

6. പട്ടികജാതി സഹകരണസംഘം

പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് രൂപംകൊടുത്ത് നിലവിൽ വന്ന ഒരു സഹകരണ സംഘമാണ് ഇത്. എന്നാൽ പ്രതീക്ഷയ്ക്കൊത്തവിധം വളർന്നില്ല. ആയിരക്കണക്കിന് ഹരിജനങ്ങൾക്ക് തൊഴിലും, വരുമാനവും ഉണ്ടാകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ഈ സംഘം വികസിപ്പിക്കേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഈ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ലഭിക്കുന്നില്ല.

2. സബ്സിഡിയോടുകൂടിയുള്ള കാർഷിക വായ്പകൾ കർഷകർക്ക് ലഭ്യമാകുന്നതിൽ ബാങ്ക് ശ്രദ്ധചെലുത്തുന്നില്ല.

3. കർഷകർക്ക് ആവശ്യമായ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ, എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിൽ ബാങ്ക് അലംഭാവം കാണിക്കുന്നു.

4. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ വിവിധമേഖലകളിലേക്ക് കടന്നുചെല്ലാൻ താല്പര്യം കാണിക്കുന്നില്ല.

5. നിത്യോപയോഗ സാധനങ്ങളിലെ വില നിയന്ത്രണത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന കൺസ്യൂമർ സ്റ്റോറുകൾ തുറന്നുപ്രവർത്തിക്കുന്നില്ല.

6. ഭവനനിർമ്മാണത്തിന് വായ്പ ലഭ്യമാക്കുന്നതിനുള്ള ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അഭാവം.

7. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വനിത സഹകരണസംഘങ്ങളുടെ കാര്യക്ഷമതയില്ലായ്മ.

8. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതിനും ശേഷിയുണ്ടാകേണ്ട ഞെക്കാടു ഖാദി സഹകരണ സംഘത്തിന്റെ മന്ദീഭവിച്ചുള്ള പ്രവർത്തനം.

സാദ്ധ്യതകൾ

1. ചെമ്മരുതി സഹകരണ ബാങ്കിന്റെ ശാഖകൾ പാളയംകുന്നിലും, നടയറയിലും, വട്ടപ്ലാമൂടും തുറന്നുപ്രവർത്തിക്കണം.

2. വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൽ എന്നിവയുടെ കൂടുതൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.

3. സാദ്ധ്യമാകുന്ന എല്ലാ മേഖലകളിലും കടന്നുകയറി പ്രവർത്തനം നടത്തുക.

4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ തുറന്നുപ്രവർത്തിപ്പിച്ച് വില വർദ്ധനയ്ക്ക് വിരാമമിടുക.

5. പഞ്ചായത്തിനെ രണ്ടോ, മൂന്നോ മേഖലകളായി തിരിച്ചുകൊണ്ട് വനിത വ്യവസായ സഹകരം സംഘങ്ങൾ രൂപികരിക്കുക.

6. ഭവന നിർമ്മാണ പ്രവർത്തനത്തിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി ഹൗസിംഗ് സംഘങ്ങൾ ആരംഭിച്ച് വായ്പകൾ വിതരണം ചെയ്യുക.

7. കാർഷികരംഗത്ത് ഗ്രൂപ്പ്ഫാമിംഗ് സഹകരണങ്ങ സംഘങ്ങൾ ആരംഭിക്കുക.

8. കൊപ്രാ സംഭരണ സംസ്കരണ സഹകരം സംഘങ്ങൾ ആരംഭിക്കുക.

9. സഹകരണാടിസ്ഥാനത്തിൽ കാലീത്തീറ്റ നിർമ്മാണ ഫാക്ടി സ്ഥാപിക്കുക.

10. പാറതൊഴിലാളി സഹകര സംഘം ആരംഭിക്കുക.

11. ഞെക്കാട് ഖാദി വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുകയും വിപണനം വിപുലപ്പെടുത്തുകയും ചെയ്യണം.

12. ഖാദി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനും സംഘം പര്യപ്തമാക്കുക.

13. സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ പനയറ പോരിട്ടക്കാവ് ദേവസ്വം ക്ഷേത്രത്തോടനുബന്ധിച്ച് കല്യാണ മണ്ഡപം നിർമ്മിക്കുക.

14. സഹകരണ ബാങ്കിന്റെ കീഴിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

15. ചെമ്മരുതി സഹരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കശുവണ്ടി, കൊപ്രാ കുത്തകസംഭരണം ആരംഭിക്കുക.

16. മുട്ട, മാംസം, എന്നിവയുടെ ഉല്പാദകവിപണന സഹകരണ സംഘങ്ങൾ ആരംഭിക്കുക.

17. ഖാദിത്തുണികളുടെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് പ്രചാരണം നടത്തി വിപണനം ആരംഭിക്കുക.

18. ചെമ്മരുതി സഹകരണ ബാങ്കിന് പനയറ പോരിട്ടക്കാവ് ദേവസ്വം നല്കിയ ഭൂമിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

19. പനയറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കേന്ദ്രമാക്കി ഒരു വ്യവസായ സഹകരണ സംഘം ആരംഭിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ മേഖല

ചെമ്മരുതി പഞ്ചായത്തിൽ 12 ഗവണ്മെന്റ് അംഗീകൃത ഹരിജൻ കോളനികൾ ഉണ്ട്. കുന്നത്തുമല, പനയറ, ചെമ്മരുതി, ഈനാരുവിള, കോവൂർ, മുത്താന, വണ്ടിപ്പുര, മുത്താന ലക്ഷംവീട്, ശ്രീനിവാസപുരം, മാവിൻമൂട് പോണ്ടുവാരം, തറട്ടയിൽ, മുട്ടപ്പലം ചാവടിമുക്ക്, തോക്കാട് എന്നീ ഗവണ്മെന്റ് അംഗീകൃത കോളനികൾക്ക് പുറമേ മറ്റ് ഹരിജൻ കോളനികളും ഈ പഞ്ചായത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലുള്ള ഏകദേശം 1500 കുടുംബങ്ങളിലായി 6521 പട്ടികജാതിക്കാരുണ്ട്. ഇവിടെ പട്ടിക വർഗ്ഗ വിഭാഗക്കാർ ഇല്ലെന്നു തന്നെ പറയാം. പട്ടികജാതിയിൽപ്പെട്ട അപൂർവ്വം ചില വിഭാഗക്കാർ വിദ്യാഭ്യാസ പരമായി മുന്നിട്ടു നില്ക്കുന്നതൊഴിച്ചാൽ ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ തീരെ പിന്നിലാണ്.

പട്ടിക ജാതിക്കാരുടെ പരമ്പരാഗത [illegible] വ്യവസായമായ പായ്നെയ്ത്ത്, കുട്ട വട്ടി നിർമ്മാണം, [illegible] നിർമ്മാണം എന്നിവ ഇന്ന് നാശോന്മുഖ [illegible] കൊണ്ടിരിക്കുകയാണ്. ഗവണ്മെന്റ് ഇവർക്കു നല്കി വരുന്ന ആനുകൂല്യങ്ങൾ വേണ്ടത്ര അറിവില്ലാത്തതു കൊണ്ട് ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലമായി ചൂഷണത്തിന് വിധേയരായിട്ടുള്ള ഇക്കൂട്ടർക്ക് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും മറ്റു സാമ്പത്തിക സഹായങ്ങളും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ടെന്നു പറയാം. ഈ ഭൂവിവിഭാഗത്തെ സാമൂഹ്യസാമ്പത്തിക സാംസ്കാരിക രംഗത്ത് ഉയർത്തിക്കൊണ്ടുവരുന്നതിന് ഇവർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ യഥാവസരം അറിയിപ്പു നൽകി അർഹരായവർക്ക് ലഭ്യമാക്കുകയും [illegible] ചെയ്താൽ മാത്രമേ ഫല പ്രാപ്തിയിൽ എത്തിക്കാൻ കഴിയൂ.

വിദ്യഭ്യാസം

വിദ്യാഭ്യാസരംഗത്ത് ഏറ്റവും പിന്നോക്കം നില്ക്കുന്ന ഒരു വിഭാഗമാണ് പട്ടികജാതിക്കാർ. സാമ്പത്തിക പരാധീനതകൊണ്ടും ജീവിത വൈഷമ്യങ്ങൾ കൊണ്ടും, പലകുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കുന്നില്ല. ചെറുപ്പത്തിലേതന്നെ കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതുമൂലം പള്ളിക്കുടത്തിന്റെ വരാന്തകാണാത്ത കുട്ടികളുടെ എണ്ണം തീരെ ചെറുതല്ല. ബഹുഭൂരിപക്ഷം മാതാപിതാക്കളും നിരക്ഷരരായതിനാൽ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിന്റെ ഗുണഗുണങ്ങളെക്കുറിച്ച് ഇവർ അജ്ഞരാണ്. അക്കാരണത്താൽ തന്റെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിൽ താല്പര്യം കാണിക്കാറില്ല. അതിനുപകരം തൊഴിലിനയച്ച് ഉപജീവനമാർഗ്ഗം തേടുകയാണ് പതിവ്. ഇതും ഇക്കൂട്ടരെ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം തള്ളുന്ന ഘടകങ്ങളാണ്. സാക്ഷരതാ ക്ലാസ്സുകൾകൊണ്ടും, വയോജനവിദ്യാഭ്യാസം കൊണ്ടും ഒരു പരിധിവരെ അക്ഷരജ്ഞാനമുണ്ടാക്കാൻ കഴിഞ്ഞെന്നല്ലാതെ ഉന്നത വിദ്യാഭ്യാസത്തിനുള്ള അടിത്തറ പാകാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസം നടത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് പട്ടികജാതി സങ്കേതങ്ങൾ തോറും നിരന്തരം നടത്തിയെങ്കിൽ മാത്രമേ വിദ്യാഭ്യാസരംഗത്ത് പട്ടിക്കജാതിയിൽപ്പെട്ട വിഭാഗക്കാരെ സമൂഹത്തിന്റെ ധാരയിലേക്ക് കൊണ്ടുവരാൻ കഴിയൂ.

1996-97 അദ്ധ്യയന വർഷത്തിൽ ഈ പഞ്ചായത്തിൽ ആകെ 768 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 397 പേർ ആൺകുട്ടികളും 381 പേർ പെൺകുട്ടികളുമാണ്. S.S.L.C. പരീക്ഷ പസ്സാകുന്നവരിൽ ഒരു വിഭാഗം ഉന്നത വിദ്യാഭ്യാസം നടത്തുന്നുണ്ട്. എങ്കിലും മറ്റുപലരും കുടുംബത്തിലെ ജീവിത വൈഷമ്യങ്ങൾ നിമിത്തം [illegible] പോകുന്നു. S.S.L.C. തോറ്റവരിൽ വളരെക്കുറച്ചു മാത്രമേ പരീക്ഷ പാസ്സാകാൻ വേണ്ടി ശ്രമിക്കാറുള്ളൂ. പലപ്പോഴും ഉപജീവനമാർഗ്ഗം തേടി വിദ്യാഭ്യാസം ഉപക്ഷേിക്കുകയാണ് പതിവ്. ഇവരെ തുടർ വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കാൻ മാദ്ധ്യമങ്ങളില്ലാത്തതുകൊണ്ടാണ് ഇങ്ങനെ വഴിമാറിപ്പോകുന്നത്. അക്കാരണത്താൽ ജീവിതം പിന്നീട് ഒരു മുൾകീരിടമായിത്തീരുന്നു. ഈ ശാപം തലമുറകളായി പങ്കു വയ്ക്കുന്നതായിട്ടാണ് കണ്ടുവരുന്നത്.

ഈ ദുരവസ്ഥയ്ക്ക് മാറ്റം വരാതെ പട്ടികജാതിക്കാരുടെ ഉന്നമനം സാദ്ധ്യമല്ല. വിദ്യകൊണ്ട് പ്രബുദ്ധരാവാതെ ഒരു ജനതയുടെ ഉത്തമനം പൂർണ്ണമാകുന്നില്ല. ആകയാൽ ചെമ്മരുതി പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി സങ്കേതങ്ങളിലും വിദ്യാഭ്യാസത്തിന്റെ വെളിച്ചം പകരാൻ പുതിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിൽ വരുത്താൻ 9-ാം പഞ്ചവൽസര പദ്ധതി തുടക്കം കുറിക്കണം.

1996-97 അദ്ധ്യയനവർഷത്തിൽ ചെമ്മരുതി പഞ്ചായത്തിലെ സ്കൂളുകളിൽ അദ്ധ്യയനം നടത്തിവരുന്ന മൊത്തം പട്ടികജാതി വിദ്യാർത്ഥികൾ 768 ആണ്. ഇവരിൽ 387 ആൺകുട്ടികളും, 381 പെൺകുട്ടികളും ഉൾപ്പെടുന്നു. 1995-1996 അക്കാഡമിക് വർഷത്തിൽ മറ്റുവിഭാഗത്തിൽപ്പെട്ട 33 വിദ്യാർത്ഥികൾ പഠനം നിറുത്തിയപ്പോൾ പട്ടികജാതിയിൽപ്പെട്ട 71 വിദ്യാർത്ഥികൾ പഠനം നിറുത്തി. പഠനം അവസാനിപ്പിച്ചുകൊണ്ടുള്ള ഇത്തരം കൊഴിഞ്ഞുപോകലിന് വിരാമമിടാൻ കഴിഞ്ഞെങ്കിൽ മാത്രമേ പട്ടികജാതിക്കാരിൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ കഴിയൂ. അതിനുതകുന്ന ഒരു ക്യാമ്പയിൻ പ്രവർത്തനം സമയബന്ധിതമായി നടപ്പിൽ വരുത്തിയാൽ മാത്രമേ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസനിലവാരം ഉയർത്താനാവൂ.

സാമൂഹ്യസാംസ്കാരിക നില

1991-ലെ സെൻസസ്സ് പ്രകാരം 9521 പട്ടികജാതി വിഭാഗക്കാർ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 24% വരുന്ന ഒരു നിർണ്ണായക ശക്തിയാണ് ഇവർ. വർക്ക ബ്ലോക്കിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അതിവസിക്കുന്നതും ചെമ്മരുതി പഞ്ചായത്തിലാണ്. 1700-പരം കുടുംബങ്ങളുള്ള ഈ വിഭാഗത്തിന് അവരുടെതായ ഒരു സംസ്ക്കാരം നിലനില്ക്കുന്നു എന്നു പറയുന്നതിൽ അപാകതയില്ല. പുരാതാനകാലം മുതൽ തന്നെ മണ്ണുമായി അഭേദ്യബന്ധമുള്ള ഇവിടത്തെ പട്ടികജാതിക്കാർ കാർഷികമേഖലയ്ക്ക് ഒഴിച്ചുനിറുത്താനാവാത്ത ഒരു ഘടകമാണ്. പാടത്തും പറമ്പിലും വിയർപ്പൊഴുക്കി തൊഴിലെടുക്കുന്ന ഇവരുടെ ഞാറുനടീൽ പാട്ടുകളും മറ്റും താളലയങ്ങളായി ഇന്നും അവശേഷിക്കുന്നു. പടയണിക്കളി, കമ്പടികളി, തിരുവാതിരക്കളി, താനായിവട്ടംകളി, കാക്കാരശ്ശിനാടകം, മുതലായവ വിനോദപ്രകടനങ്ങൾ ഇന്നും ഇക്കൂട്ടരുടെ ഇടയിൽ നടത്തിപ്പോരുന്നു. ചിത്രരചനയിലും, ഗാനാലാപനത്തിലും നടനത്തിലും, അനിതരസാധാരണമായ കഴിവുള്ള കലാകാരന്മാർ പട്ടികജാതിക്കാർക്കിടയിലുണ്ട്. അവരുടെ നൈസർഗ്ഗികമായ കലാവാസനയ്ക്കൊത്ത് ഉയരാനുള്ള സാഹചര്യങ്ങൾ ലഭിക്കാത്തതുകൊണ്ട് അവ ജലരേഖകളായും വനരോദനങ്ങളായും അവസാനിക്കുന്നു എന്നതാണ് യഥാർത്ഥ്യം.

ജാതീയമായ ഉച്ചനീചത്വങ്ങളുടെ പീഡനം ഏറെ അനുഭവിച്ചവരാണ് ഇവിടുത്തെ പട്ടികജാതിക്കാർ. ജാതിയുടെ പേരിലുള്ള അധമസംസ്കാരം ഇന്നും നിശേഷം മാറിയിട്ടുണ്ടെന്ന് പറയാൻ വയ്യ. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരികരംഗങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുവാനുള്ള അവസരങ്ങൾ ഇന്നും ഇക്കൂട്ടർക്ക് നിഷേധിക്കപ്പെടുന്നു. മരണം, വിവാഹദിചടങ്ങുകളിൽ മറ്റു സമുദായക്കാർ പങ്കെടുക്കാറുണ്ടെങ്കിലും ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ എല്ലാവരും സഹകരിക്കാറില്ല. പലപൊതുകാര്യങ്ങളിലും പട്ടികജാതിക്കാരെ ബോധപൂർവ്വം അവഗണിക്കുന്ന പതിവും വിരളമല്ല. 1994-ലെ നിലവിൽ വന്ന പഞ്ചായേത്ത് രാജ് സംവിധാനത്തിന് ഈ രംഗത്ത് നേരിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞെന്ന് സൂചിപ്പിക്കാതിരിക്കാൻ തരമില്ല. ചെമ്മരുതി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളിൽ ഒരേ ഒരു പട്ടികജാതി മെമ്പർ ഉണ്ടായിരുന്ന സ്ഥാനത്ത് മൂന്ന് പഞ്ചായത്ത് മെമ്പർമാർ വന്നു. മാത്രമല്ല പഞ്ചായത്തിന്റെ ചരിത്രത്തിലാദ്യമായി ഇവരിൽ ഒരു വനിത പഞ്ചായത്ത് പ്രസിഡന്റായി അവരോധിയ്ക്കപ്പെടുകയും ചെയ്തു. ഇത് പട്ടികജാതിക്കാരെ എന്നല്ല സാമൂഹ്യപരിഷ്കാരം മാഗ്രഹിക്കുന്നവർക്കെല്ലാം തന്നെ അഭിമാനിക്കാവുന്നകാര്യവുമാണ്. എന്നിരുന്നാലും ഈ അധഃസ്ഥിത വർഗ്ഗത്തിന്റെ വളർച്ച സമൂഹത്തിന്റെ വളർച്ചയായി പരിണമിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ രാഷ്ട്രീയ സാസ്കാരികരംഗത്ത് വളരെയധികം പരിവർത്തനങ്ങൾ പട്ടികജാതിക്കാർക്കിടിയിൽ ഉണ്ടാവുന്നതരത്തിൽ ആസൂത്രിത പദ്ധതികൾ നടപ്പിൽ വരുത്താൻ കഴിഞ്ഞാൽ സമൂഹത്തിന്റെ ഭാഗമായി ഇവരെ ഉയർത്തിയെടുക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

ആചാരങ്ങൾ

പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ താമസിക്കുന്നവരും വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരും ഇപ്പോൾ പഴയ ആചാരങ്ങളിൽ തന്നെ ഉറച്ചു വിശ്വാസിക്കുന്നു. പഴയ സാമുദായികാനിഷ്ടാനങ്ങൾ ഇന്നും പുലർത്തിപ്പോരുന്നു. വിദ്യാഭ്യാസം ലഭിച്ചവർ വളരെ നല്ലരീതിയിൽ കുടുംബജീവിതം നയിക്കുന്നുണ്ട്. പഴഞ്ചൻ വിശ്വാസങ്ങളും ആചാരങ്ങളും മാറ്റിയെടുത്ത് പുതിയ ചിന്താഗതിയിയ്ക്ക് കൊണ്ടുവരുന്നതിനുള്ള ബോധവല്ക്കരണ ക്ലാസ്സുകൾ നൽകേണ്ടതായിട്ടുണ്ട്.

തൊഴിൽ

പട്ടികജാതി വിഭാഗങ്ങൾ അധികവും മുൻകാലങ്ങളിൽ കാർഷിക മേഖലയിലായിരുന്നു പണിയെടുത്തിരുന്നത്. എന്നാൽ മെച്ചപ്പെട്ട കൂലിതേടി ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും ഇന്ന് വിവിധയിനം നിർമ്മാണ പ്രവർത്തനങ്ങളിലാണ് തൊഴിൽ ചെയ്യുന്നത്. കാർഷിക മേഖലയിലെ ഉല്പാദനം കുറയാൻ പ്രധാനകാരണം തൊഴിലാളികളുടെ അഭാവം തന്നെ. അപൂർവ്വം ചിലർ പായ്, കുട്ട, വട്ടി മുതലായ പരമ്പരാഗത നിർമ്മാണതൊഴിൽ ചെയ്യുന്നു.

പാർപ്പിടം

പാർപ്പിട പ്രശ്നം ഇതേവരെ പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ ധാരാളമുണ്ട്. ഭൂമി ഉള്ളവരിൽ പലർക്കും പാർപ്പിടമില്ല. സ്വന്തമായി വീടുവയ്ക്കുന്നതിനുള്ള സാമ്പത്തികശേഷിയില്ലാത്തവരുടെ എണ്ണം തീരെ കുറവല്ല. മിച്ചഭൂമി സമരത്തിന്റെ കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ നിന്നും വളരെ അകലെ മറ്റു താലൂക്കുകളിൽ മിച്ച ഭൂമി ലഭിച്ചിട്ടുണ്ട്. വാസയോഗ്യമല്ലാത്തതിനാൽ തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം നടത്താൻ കഴിയാത്തതിനാലും പലരും അത് വിനിയോഗിക്കുകയോ കിട്ടുന്ന വിലയ്ക്ക് വില്ക്കുകയോ ചെയ്യുന്നു. പഞ്ചായത്തിലെ ലക്ഷംവീടു പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ മെയിന്റനൻസ് ചെയ്യാത്തതുനിമിത്തം വാസയോഗ്യമല്ലാതിയിട്ട് വർഷങ്ങളേറെയായി. ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും പാർപ്പിടത്തിന്റെ കാര്യത്തിൽ ഇന്നും സംതൃപ്തരല്ല.

ആരോഗ്യം

പഞ്ചായത്തിലെ മിക്ക ഹരിജൻ കോളനികളിലും ആരോഗ്യത്തിന്റെ കാര്യത്തിലും പര്യപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കുടുംബങ്ങളിൽ ശുചിത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാറില്ല, വേണ്ടത്ര കക്കൂസുകളും, ഓടകളും, അഴുക്കുചാലുകളും ഇല്ലാത്തതാണ് പ്രധാനകാരണം. ഇക്കാരണത്താൽ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാൻ പലപ്പോഴും ഇടവരുന്നു. സാമ്പത്തിക വൈഷമ്യം നിമിത്തം പോഷകാഹാരങ്ങളടങ്ങിയ ആഹാരങ്ങൾ നൽകാൻ കഴയാത്തതിനാൽ കുട്ടികളും അമ്മമാരും ഗർഭിണികളും വൃദ്ധജനങ്ങളും രോഗികളായിത്തീരുന്നു. രോഗം വന്നവർക്ക് ചികിത്സ നൽകുവാൻ മതിയായ ആശുപത്രികളോ മറ്റു സംവിധാനങ്ങളോ ഇല്ല. ഇക്കാരണത്താൽ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക അസാദ്ധ്യമായിത്തീരുന്നു. ഇതിനെല്ലാം പരിഹാരങ്ങളുണ്ടാവാതെ എല്ലാവർക്കും ആരോഗ്യം എന്ന സങ്കല്പം സാക്ഷാത്കരിക്കാനാവില്ല.

പ്രശ്നങ്ങൾ

1. ഹരിജൻ കോളനികളിലെ വീടുകൾ പഴക്കം ചെന്നതും തികച്ചും വാസയോഗ്യമല്ലാത്തവയുമാണ്. പലർക്കും സ്വന്തമായി വീടില്ല.
2. കോളനികളിൽ പൊതുവെ ശുചിത്വം കുറവാണ്.
3. കോളനികളിൽ എല്ലായിടത്തും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.
4. I.R.D.P. പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
5. പൊതു ശ്മശാനം ഇല്ല.
6. തൊഴിലില്ലായ്മ നിമിത്തം ജീവിത പ്രതിസന്ധി വർദ്ധിക്കുന്നു.

സാദ്ധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുക
2. ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണി നടത്തി അവ വാസയോഗ്യമാക്കണം.
3. വൈദ്യുതിയും കുടിവെള്ളവും എത്താത്ത മേഖലകളിൽ അവ എത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.
4. മുഴുവൻ കുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തുകയും അവ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തണം
5. ശുചീകരണത്തെക്കുറിച്ച് ചർച്ചകളും ബോധവല്ക്കരണ ക്ലാസ്സുകളും നടത്തുകയും ഹെൽത്ത് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ ജാകരൂകരായി പ്രവർത്തിക്കുകയും ചെയ്യണം.
6. തുടർ സാക്ഷരതാ പരിപാടി നടപ്പിലാക്കണം.
7. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് ഈ വിഭാഗക്കാരെ ബോധവല്ക്കരിക്കുന്നതിനുൾ പഠന ക്യാമ്പുകൾ സംഘടിപ്പിക്കണം
8. ഓരോ വാർഡിലും ഓരോ ഡിസ്പെൻസറി ആരംഭിക്കണം.
9. ഫ്രീ റ്റ്യൂഷൻ നൽകി വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള സംവിധാനം ഉണ്ടാകണം.
10. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ മുഴുവൻ വിദ്യാർത്ഥികൾക്കും യൂണിഫോറം, കുട, ചെരിപ്പ്, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി നല്കണം.

11. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത ഒരൊറ്റ കുട്ടിപോലും ഉണ്ടാവാതിരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

12. ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇന്നു ലഭിക്കുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപെന്റ് മുതലായവയ്ക്കു പുറമേ ആവശ്യമായ (പഠന പദ്ധതിയനുസരിച്ച്) സാമ്പത്തിക സഹായം ഗ്രാന്റായോ ലോണായോ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

13. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാത്ത രക്ഷാകർത്താക്കൾക്ക് മറ്റാനുകൂല്യങ്ങൾ നിഷേധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

14. കലാകായിക രംഗങ്ങളിലും, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലും പട്ടികജാതിക്കാരുടെ പ്രാതിനിത്യം തീർച്ചയായും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിയമ നിർമ്മാണത്തിലൂടെ ഉറപ്പുവരുത്തണം.

15. പട്ടികജാതിക്കാരുടെ നാനാമുഖങ്ങളായ വളർച്ച കൂടി ഉണ്ടായാലേ സ്വയം പര്യാപ്തത കൈവരിക്കാനാവൂ എന്ന വസ്തുത മനസ്സിലാക്കി അവരെക്കൂടി ബൗദ്ധികമായും സാംസ്കാരികമായും രാഷ്ട്രീയമായും സാമൂഹ്യമായും അവരുടെ മുഖ്യധാരയിലേയ്ക്ക് നയിക്കുവാൻ സാമൂഹ്യപരിഷ്കർത്താക്കൾ പരമാവധി ശ്രമിക്കണം

16. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ലോണുകൾ സബ്സിഡിയോടുകൂടി നൽകുന്നതിനും അവതിരിച്ചുപിടിക്കുന്നതിനുള്ള നിലവിലുള്ള നിയമം ലഘൂകരിച്ച് ഉദാരവല്ക്കരിക്കണം.

17. ഹരിജൻ വെൽഫെയർ സൊസൈറ്റികൾ സ്ഥാപിക്കുക കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ ഫണ്ടുകൾ നൽകുകയും, നിയമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

18. പട്ടികജാതിക്കാർക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ തുകകൾ കാലംതാമസം വരുത്താതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വില സൂചികയ്ക്കനുസൃതമായി നിലവിലുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

19. കോളനികളിൽ കൂടുതൽ വായനശാലകൾ, സംസ്കാരിക നിലയങ്ങൾ, പൊതുകളി സ്ഥലം, സ്പോർട്ട്സ് ആർട്ട്സ് ക്ലബ്ബുകൾ, റേഡിയോ, ക്യോസ്കുകൾ, റ്റി.വി. സെന്ററുകൾ എന്നിവ സ്ഥാപിക്കുകയും ഇവയുടെ ചുമതലകൾ വഹിക്കുന്നതിന്റെ നിയന്ത്രണം ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ ഏറ്റെടുക്കുകയും ചെയ്യണം.

20. രണ്ടുകോളനികൾ കേന്ദ്രീകരിച്ച് ഒരോ പൊതുശ്മശാനം വീതം ഉണ്ടാവണം.

21. ഹരിജൻ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, നിലവിലുള്ളത് പ്രവർത്തന ക്ഷമമാക്കി കൂടുതൽ ആകർഷണീയമായ വിഷയങ്ങൾ ഉൾപ്പെടുത്തി തൊഴിലധിഷ്ടിത ജനതയെ വാർത്തെടുക്കുക.

22. ഹരിജൻ കോളനികളിലേയ്ക്കുള്ള പ്രധാന റോഡുകൾ ടാർ ചെയ്യുകയും, മറ്റുറോഡുകൾ വാർഷികമെയിന്റനൻസ് നടത്തിയും ഗതാഗതസൗകര്യം വർദ്ധിപ്പിക്കണം.

23. കോളനികളിലെ പൊതുകിണറുകൾ ആഴം കൂട്ടി കൂടിവെള്ളക്ഷാമം പരിഹരിക്കണം.

24. പൈപ്പുലൈൻ വഴി തൊട്ടടുത്തുള്ള ജലവിതരണ കേന്ദ്രത്തിൽ നിന്നും മുഴുവൻ ഹരിജൻ കോളനികളിലും കുടിനീർ ലഭ്യമാക്കണം.

25. സാംക്രമിക രോഗങ്ങളെക്കുറിച്ചും, മാരകരോഗങ്ങളെക്കുറിച്ചും കോളനികൾതോറും ബോധവല്ക്കരണ ക്ലാസുകൾ നടത്തി ഇവരെ വിമുക്തരാക്കാൻ ഉള്ള സംവിധാനങ്ങൾ ഉണ്ടാവണം.

26. മദ്യപാനം, പുകവലി, വെറ്റിലമുറുക്കൽ, വ്യഭിചാരം, ചീട്ടുകളി, മുതലായവയുടെ ഭൂഷ്യവശങ്ങളെക്കുറിച്ച് ബോധവല്ക്കരണ ക്ലാസുകളും, ചർച്ചകളും, സെമിനാറുകളും നടത്തി ഇവരെ ബോധവാന്മാരാക്കുക.

27. ഇക്കൂട്ടരുടെ അലസമനോഭാവത്തെയും, ലക്ഷ്യബോധമില്ലാത്ത ജീവിതരീതിയെക്കുറിച്ചും പഠനം നടത്തി അനിവാര്യമായ മസ്തിഷ്ക ശുദ്ധീകരണം നടത്തിയാൽ മാത്രമേ ജീവിതത്തെക്കുറിച്ചുള്ള ലക്ഷ്യബോധവും കുടുംബബാദ്ധ്യതയും ചുമതലാബോധവും ഉണ്ടാകൂ. അപ്പോൾ മാത്രമേ കുടുംബ പുരോഗതി കൈവരിക്കാൻ കഴിയൂ. അതിനു വേണ്ടുന്ന ബോധവല്കരണ ചർച്ചകൾ നിരന്തരം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

28. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് പഞ്ചായത്ത് സമിതി പരിശോധിക്കുകയും നഷ്ടപ്പെടുത്തുന്നവർക്ക് വീണ്ടും നൽകാതിരിക്കുകയും ചെയ്യണം.

29. കോളനി പ്രദേശങ്ങളിലോ, സമീപപ്രദേശങ്ങളിലോ ഉള്ള കുളങ്ങൾ ആഴം കൂടി ജലദൗർലഭ്യം പരിഹരിക്കുക.

30. ഹരിജൻ കോളനികളിൽ സ്വന്തമായി വസ്തുക്കൾ ഉള്ളവർക്ക് അവ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക സഹായം ഉപാധിരഹിതമായി നൽകി സഹായിക്കുക.

9-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിലൂടെ ജനകീയ പദ്ധതിയാക്കികൊണ്ട് സമൂഹത്തിന്റെ സർവ്വതോന്മുഖമായ വികാസത്തിന് ഒരു പുത്തനുണർവ്വ് പ്രദാനം ചെയ്യാൻ കഴിയുമെന്നതിൽ നമുക്കഭിമാനിക്കാം. നിർമ്മാണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ പ്രദേശിക കമ്മിറ്റികൾ വഴി നടത്താനുള്ള സാദ്ധ്യത ഉറപ്പുവരുത്തുകയാണെങ്കിൽ സാമൂഹ്യസാസ്കാരിക രംഗത്തെത്തല്ല ജീവിതരംഗത്താകമാനം വികാസത്തിന്റെ വേരോടാൻ സഹായകമാകും. അവശരും അധസ്ഥിതരുമായ പട്ടികജാതി വിഭാഗക്കാർ കൂടി വളർന്നു വലുതായലേ രാജ്യത്തിന്റെ വികസനം പൂർണ്ണമാവൂ. അതിനുള്ള സമയം സമാഗതമായിരിക്കുന്നതിനാൽ വികസനത്തിന്റെ പാതയൊരുക്കാൻ സമർപ്പിതമായി മുഴുവൻ ജനങ്ങളും പങ്കാളികളാവുക.

വിഭവസമാഹരണം

ഒന്നാം ഗ്രേഡ് പഞ്ചായത്തായ ചെമ്മരുതി ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരും നല്പത് ശതമാനത്തോളം കുടുംബങ്ങൾ ദരിദ്ര രേഖയ്ക്ക് താഴെ ഉള്ളവരുമാണ്. കാർഷിക മേഖലയിലാകട്ടെ ഉല്പാദനം കുറഞ്ഞുവരുകയും, ആ മേഖലയിൽ പണിയെടുക്കുന്നവരിൽ പലരും മറ്റുതൊഴിൽ മേഖലകൾ തേടി പോകുന്ന കാഴ്ചയാണ് ഇന്നുള്ളത്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. അഭ്യസ്ത വിദ്യരായ യുവതി യുവാക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുകയാണ്. നല്ലൊരു ശതമാനം യുവാക്കൾ തൊഴിൽ അന്വേഷിച്ച് അന്യനാടുകളിലേക്ക് വിശിഷ്യ ഗൾഫുനാടുകളിലേക്ക് പാലായനം ചെയ്യുകയാണ്.

വ്യാവസായിക രംഗത്ത് യാതൊരു പുരോഗതിയും കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഉണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങളാകട്ടെ പലതും തകർച്ചയിലുമാണ്.

പഞ്ചായത്തിലെ വരവ് ചെലവ് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ തച്ചോട്, ചാവടിമുക്ക് എന്നി സ്ഥലങ്ങളിൽ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വായ്പതുകയും, പലിയും ഉൾപ്പെടെ ഭീമമായ ഒരു തുക ഗ്രാമ വികസന വകുപ്പിലേക്ക് തിരിച്ചടക്കേണ്ടതുണ്ട്. ഷോപ്പിംഗ് കോപ്ലക്സുകളിൽ നിന്ന് വാടകക്ക് നൽകിയിട്ടു റൂമുകളിൽ നിന്നും വളരെ തുച്ചമായ വാടക മാത്രമേ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. കെട്ടിട നികുതി ഇനത്തിൽ നികുതി കണക്കാക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങളില്ല. പണി പൂർത്തിയാകുന്നതിന് മുൻപ് വീട്ടുനമ്പർ കൊടുക്കേണ്ടി വരുന്നതിനാൽ നിർമ്മാണ ച്ചെലവ് കണക്കാകുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ചില കെട്ടിടങ്ങൾ പുതുക്കി പണിതാൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ട് നികുതി പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം നേരിടുന്നു. ഇത് പരിഹരിക്കാൻ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന കെട്ടിട നിയമം പഞ്ചായത്തിൽ ബാധകമാക്കേണ്ടതാണ്.

പഞ്ചായത്തിന് വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന പാറപൊടിക്കൽ, ചെങ്കൽപെട്ട്, മുതലായവയ്ക്ക് നികുതി ചുമത്തുക. പഞ്ചായത്ത് പരിധിക്കകത്ത

നമ്പർ	സ്ഥാപത്തിന്റെ പേര്	നിക്ഷേപം	വായ്പ
1.	ചെമ്മരുതി സർവ്വീസ് കോ: ഓപ്പറേറ്റിവ് ബാങ്ക്	3,2675000.00	3,18,17558
2.	ധനലക്ഷമി ബാങ്ക് ശ്രീനിവാസപുരം	30400000.00	6300000

പഞ്ചായത്തിൽ ആകെ ഒരു സഹകരണബാങ്കും ഒരു കോമേർസ്യൽ ബാങ്കും മാത്രമാണുത്. ഈ രണ്ടു ബാങ്കുകളിൽ നിന്നുംകൂടി 1995-96 ൽ 3, 81,17558 രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പനൽകിയിട്ടുള്ള സഹകരണ ബാങ്കിൽ നിന്നാണ് നിൽകിയിട്ടുള്ളത്. ചെമ്മരുതി പഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാകുന്നത് സർവ്വീസ് സഹകരണ ബാങ്ക് മുഖേനയാണെന്ന് ഇതിൽ നിന്നു വ്യക്തമാകും.

വാഹനങ്ങൾക്ക് പഞ്ചായത്ത് രജിസ്ട്രേഷൻ നിർബന്ധമാക്കുക. അടിസ്ഥാനഭൂനികുതി കലോചിതമായി പരിഷ്കരിച്ച് പഞ്ചായത്ത് വിഹിതം വർദ്ധിപ്പിക്കുക. ഭൂമിവിതരണം മാറ്റുന്നതിന് പ്രത്യേകം ഫിസ് വസൂൽ ചെയ്യുക. പഞ്ചായത്തിൽ ആഴ്ച ചന്ത, മത്സ്യമാർക്കറ്റ് എന്നിവ ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക. സ്വകാര്യ മാർക്കറ്റുകൾക്ക് നികുതി ചുമത്തുക. പഞ്ചായത്തിന്റെ

ചെമ്മരുത്തി ഗ്രാമപഞ്ചായത്ത്

ഗ്രാമനമ്പർ	ഇനം	1993-94	1994-95രൂപ	1995-96രൂപ
1.	തനത് വരുമാനം	152680.00	15857.20	111462.75
2.	കെട്ടിടനികുതി	40655.00	44745.00	50835
3.	വിനോദ നികുതി	9904.00	6503.00	ഇല്ല
4.	ലൈസൻസ് ഫി	2900.00	3390.00	3073.00
5.	ലീസ്, ലേലം പലവക	49306.45	48248.20	66100.30
6.	ലൈറ്റ് കരം	25494.90	26396.80	18639.85
	ആകെ	280946.35	287790.20	250110.9
ബി.	സർക്കാർ ഗ്രാന്റ്			
1.	വസ്തു കൈമാറ്റ ചുങ്കം	(75%) 217839.00	2505878.00	301817.00
2.	എസ്റ്റാബിഷ്മെന്റ് ഗ്രാന്റ്		20868.00	13156.00
	വി. ആർ എം. ഗ്രാന്റ്		57280.00	92469.00
4.	വി.ഗിസി. ഗ്രാന്റ്	37066.00	36529.00	92469.00
5.	വി.ടി.സി. ഗ്രാന്റ്	13919.00	250000.00	3045591.00
6.	എം. ഐ. ഗ്രാന്റ്	31560.00	31560.00	63120.00
7.	വസ്തു കൈമാറ്റനികുതി	25% 30000.00	-	-
	ആകെ	330384	646825	847612
സി.	മറ്റിനങ്ങൾ			
1.	ഉപാധിരഹിത ഫണ്ട്	246400.00	338300.00	384081.00
2.	ഡെപ്പോസിറ്റ്	5860.00	760.00	796.40
3	ജെ. ആർ.വൈ.			
	ആകെ	252260.00	3390060.00	384877.40
	മൊത്തം വരവ്	863590.35	1273675.20	1482600.30

അതിർത്തിയിലുള്ള അനുയോജ്യമായ കൃഷി ചെയ്ത് വരുമാനം വർദ്ധിപ്പിക്കുക. തരിശിടുന്ന കൃഷിഭൂമിക്ക് പിഴചുമത്തുക.

പഞ്ചായത്ത് വഴി നടപ്പിലാകുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് ബഹുജന പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് കക്ഷിരാഷ്ട്രീയത്തിനതീതമായി ബഹുജന സംഘടനകളെയും, സന്നദ്ധസംഘടനകളെയും അണിനിരത്തുകയും അതു വഴി ഒരു പുതിയ വികസന സംസ്കാരം സൃഷ്ടിക്കുവാനും കഴിഞ്ഞാൽ ഈ മേഖലയിലേക്ക് കൊണ്ടുവരുവാൻ കഴിയും.

നിർദ്ദേശങ്ങൾ

❖ ചെമ്മരുതി പഞ്ചായത്തിന്റെ കേന്ദ്രമായ പനയറ സബ് രജിസ്ട്രർ ഓഫീസ് ആരംഭിക്കുക.

❖ ചെമ്മരുതി പഞ്ചായത്തിൽ ഒൺമാൻട്രഷറി ആരംഭിക്കുക.

❖ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് ചെമ്മരുതി സഹകരണബാങ്കിലേക്ക് മാറ്റുക.



ചെമ്മരുതി ഗ്രാമപഞ്ചായത്താഫീസ്